കൗമുദി
ആഴ്ചപ്പതിപ്പ്



ആണ്ട്
അവസാനിക്കുകയാണ്

നിങ്ങൾക്കു പുതുവഷ്ത്തെ
കണക്കുകൾ എഴുതണ്ടേ?

ആഫീസ് ആവശ്യത്തിനുള്ള എല്ലാവിധ അക്കൗണ്ടുബുക്കുകളും

ചുരുങ്ങിയ
മനോഹരമായി
അച്ചടിച്ചു തയ്യാറാക്കി തരുന്നതാണ്

നേരത്തെ ബുക്കുകൾ തയ്യാറാക്കിക്കുക

ഇന്ദിരാ പ്രിൻറിംഗ് വർക്ക്സ്,
പേട്ട—തിരുവനന്തപുരം.

Reg: T. 168. Reg: M. 5661

പത്രാധിപർ — കെ. ബാലകൃഷ്ണൻ

കൗമുദി

പുസ്തകം 1 | 1126 വൃശ്ചികം 5 തിങ്കൾ | ലക്കം 36

കൗമുദി കുറിപ്പുകൾ

കോൺഗ്രസ്സുകാരും ഹിന്ദുമണ്ഡലവും

സമുന്നതനായ ഒരു കോൺഗ്രസ്സ് നേതാവു പത്രാധിപർക്കയച്ച ഒരു കത്തിൽ ഇങ്ങനെ പറയുന്നു:—

"ഹിന്ദുമണ്ഡലത്തിന്റെ വർഗ്ഗീയമായ നിലപാടിനെതിരായി നിങ്ങളും കൗമുദിയും സ്വീകരിച്ചിരിക്കുന്ന ധീരമായനയം രാജ്യക്ഷേമത്തിനു തീർച്ചയായും ഉതകുമെന്നു എനിക്കു ധൈര്യമുണ്ടു."

ആ കത്തിൽ ഇന്നത്തെ യുവാക്കന്മാരുടെ വർഗ്ഗീയചിന്ത പോക്കി മനപ്പൂർവ്വം പലതും പറയുന്നുണ്ടു. അദ്ദേഹത്തിനയച്ച മറുപടി പ്രസിദ്ധീകരിക്കുമെന്നും ഞാൻ എഴുതിയിരുന്നു. ആ മറുപടിയിലെ ചില ഭാഗങ്ങളും ഞങ്ങളും ഉദ്ധരിക്കുകയാണു.

"....രാജ്യശ്രേയസ്സിന്റെ പേരിൽ ഞങ്ങളെ അഭിനന്ദിച്ചതിൽ കൃതജ്ഞതയുണ്ടു. പക്ഷെ രാജ്യശ്രേയസ്സിനു വേണ്ടി ഞങ്ങളെ അഭിനന്ദിക്കുകയേക്കാൾ അങ്ങേക്കു ചെയ്യാവുന്ന കൂടുതൽ പ്രയോജനകരമായ ഒരു ജോലിയുണ്ടു. അതു പ്രതിനിധാനം ചെയ്യുന്ന സംഘടനയ്ക്കുള്ളിൽ നിന്നു പുറത്തുപോരുക....

"ഹിന്ദുമണ്ഡലത്തെ ഞങ്ങളും എതിർക്കുമ്പോൾ കോൺഗ്രസ്സുകാർ ആഹ്വാനിക്കുന്നതിലേ ഞങ്ങൾക്കു കണ്ണിതമുള്ളു. ഹിന്ദുമണ്ഡലം രാഷ്ട്രീയാധികാരമില്ലാത്ത വർഗ്ഗീയതയാണെങ്കിൽ കോൺഗ്രസ്സ് രാഷ്ട്രീയാധികാരമാർജ്ജിച്ച വർഗ്ഗീയതമാത്രമാണു,

"ഒരു സാധാരണപല്ലവി ആവർത്തിക്കുവാനല്ല ഞാനിതു പറയുന്നതു. കോൺഗ്രസ്സുഗവർമ്മെന്റിന്റെ ഇന്നുവരെയുള്ള എല്ലാ നടപടികളും കോൺഗ്രസ്സിനകത്തുള്ള എല്ലാ അധികാരവടംവലികളും കുലംകഷമായി പരിശോധിക്കുകയാണെങ്കിൽ അവയുടെ എല്ലാം അടിസ്ഥാനം വർഗ്ഗീയമാൽസര്യമായിരുന്നു എന്നു കണ്ടുപിടിക്കുവാൻ വിഷമമില്ല.

"ഇന്നു ഹിന്ദുമണ്ഡലം എന്ന ഒരു സംഘടന ഉണ്ടാകാൻതന്നെ കാരണം കോൺഗ്രസ്സിന്റെ വർഗ്ഗീയസ്വഭാവമാണെന്നു പറയുന്നതിൽ വലിയ തെറ്റൊന്നും തോന്നുന്നില്ല. ഹിന്ദുമണ്ഡലത്തിന്റെ പേരിൽ ഇന്നു വലിയ വാടകോലാഹലമുണ്ടാക്കുന്ന എല്ലാവരെയും പുളത്തിയതു കോൺഗ്രസ്സാണു. അവരുടെ ചിന്താഗതിക്കു വളരുവാൻ കോൺഗ്രസ്സു വേണ്ടിടത്തോളം അവസരം നൽകിയിരുന്നു എന്നുള്ളതാണു സത്യം. ഹിന്ദുമണ്ഡലത്തിന്റെ പേരിൽ ഏറ്റവും വർഗ്ഗീയത നിറഞ്ഞ പ്രസംഗങ്ങളും രാജ്യത്തു നടന്നുകഴിഞ്ഞശേഷവും കോൺഗ്രസ്സിന്റെ അധിനായകനായ സർദാർപട്ടേൽ ഹിന്ദുമണ്ഡലനേതാക്കന്മാരോടാവശ്യപ്പെട്ടതു കോൺഗ്രസ്സിനകത്തുനിന്നു ഹിന്ദുമണ്ഡലപ്രചരണം നടത്തുവാനാണു. രാഷ്ട്രീയമായി (വ്യക്തിഗതമായി) കൂടുതൽ പ്രയോജനകരം പുറത്തിരിഞ്ഞു നിൽക്കുകയാണെന്നു തോന്നിയതുകൊണ്ടു ഹിന്ദുമണ്ഡലക്കാർ അതിനു തയ്യാറായില്ലെന്നേയുള്ളു.

"നിങ്ങളും വർഗ്ഗീയതയെ എതിർക്കുവാൻ ചങ്കൂറ്റമില്ലാഞ്ഞല്ലോ. ഇന്നു കോൺഗ്രസ്സിനകത്തു ഹിന്ദുമണ്ഡലത്തിനകത്തുള്ളതിനേക്കാൾ ശ്രേഷ്ഠന്മാരായ മതവിശ്വാസികളില്ലേ? രാഷ്ട്രീയവും സമൂഹജീവിതവും തികച്ചും മതപരമായ അടിസ്ഥാനത്തിൽ സംവിധാനം ചെയ്യണമെന്നു വാദിക്കുന്ന പലരും ഇന്നു കോൺഗ്രസ്സിന്റെ ഉയർന്ന കോടിയിലുള്ള നേതാക്കന്മാരാണു. അവർ വർഗ്ഗീയടിസ്ഥാനത്തിൽ കോലാഹലം തുടങ്ങുമ്പോൾ രാജിവ്യവസ്ഥകളുമായി ഓടിയെത്തുകയാണു കോൺഗ്രസ്സ് സ്വീകരിച്ചിട്ടുള്ള "വർഗ്ഗീയവിരുദ്ധ" പ്രസ്ഥാനം.

"വ്യക്തമായി പോരിക്കട്ടെ. രാഷ്ട്രീയ രംഗത്തുള്ള അധികാരമാത്സര്യം അവസാനിപ്പിച്ചുകൊണ്ടു കോൺഗ്രസ്സിനകത്തുനിന്നു ക്രൈസ്തവമേധാവിത്വത്തിനെതിരായി ഹൈന്ദവമേധാവിത്വത്തിനുവേണ്ടി ഇന്നത്തെ ശൈലിയിലുള്ള പ്രസംഗങ്ങളുമായിത്തന്നെ മണ്ഡലാനുതാക്കന്മാർ പൊരുതാൻ തുടങ്ങിയാൽ നിങ്ങളും അവരെ കോൺഗ്രസ്സിനകത്തേക്കു കടത്തുകയില്ലേ? കടത്തുമെന്നാണു നിങ്ങളുടെ മഹാനേതാവു സർദാർ പട്ടേൽ പറഞ്ഞതു.


"നിങ്ങളും ഹിന്ദുമണ്ഡലവുമായി അടിസ്ഥാനപരമായി ചിന്താഗതിയിൽ ഒരു വ്യത്യാസവും ഞങ്ങളും കാണുന്നില്ല. ഒന്നു പുറത്തുചാടിയിരിക്കുന്ന വർഗ്ഗീയത. മറ്റേതു പുറത്തുപ്പെടാത്ത വർഗ്ഗീയത. രണ്ടിന്റെയും അന്തഃസത്ത ഒന്നു തന്നെയാണു

"നിങ്ങളും കൂടുതൽ അപകടകാരികളാണു. വർഗ്ഗീയതക്കെതിരായി നിലകൊള്ളുന്നഭാവം നിങ്ങളും കാണിക്കുമെങ്കിലും വർഗ്ഗീയവിഷം വമിക്കുന്ന സംഘടനകൾക്കും നിങ്ങളുടെ അണികൾക്കുള്ളിൽ തന്നെ നിൽക്കുന്ന നേതാക്കന്മാർക്കും എതിരായി എന്തെങ്കിലും നടപടിയെടുക്കാൻ നിങ്ങൾക്കു ധൈര്യമില്ല. അതേ സമയത്തുതന്നെ നിങ്ങളും ഹിന്ദുമണ്ഡലവും പേർത്തും യഥാർത്ഥപുരോഗമനശക്തികളെ ജയിലിലടയ്ക്കുന്നുണ്ടു. ലക്ഷപ്പിലിട്ടു അവരെ തല്ലിക്കൊല്ലുന്നുണ്ടു. അക്കാര്യത്തിൽ നിങ്ങൾ തമ്മിൽ പിണക്കമില്ല. നാലുയോഗത്തിന്റെയും ഒരു ദേവസ്വംബോർഡിന്റെയും കാര്യത്തിലല്ലാതെ നിങ്ങൾതമ്മിൽ അഭിപ്രായവ്യത്യാസമില്ലെന്നുള്ളതാണു സത്യം.

"ഹിന്ദുമണ്ഡലത്തെ ഞങ്ങളും എതിർക്കുന്നതു കോൺഗ്രസ്സിന്റെ ജനകീയ വിരുദ്ധമായ സമ്പ്രദായങ്ങൾക്കും നടപടികൾക്കും എതിരായി

മുഖചിത്രം:

ജനകീയ കാട്ടിൽ വേട്ടയാടാൻപോയ വേട്ടക്കാരൻ "തിരഞ്ഞെടുപ്പ് കടുവാ"യെക്കണ്ടപ്പോൾ.



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം പോസ്റ്റ്കാർഡിൽ പത്രാധിപക്ക് എഴുതുക. കവറിനു മുകളിൽ "പോളും" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോളുത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

കെ. വേലായുധൻ, ആലപ്പുഴ.

സാഹിത്യത്തെപ്പറ്റി നിങ്ങൾ പഠിച്ചു പഠിച്ചു ഒരഭിപ്രായം രൂപീകരിച്ചുകഴിഞ്ഞോ?

കൃഷ്ണൻചന്ദ്രൻ, ഡാ. ആനന്ദൻ, പരുഷനും സാഹിത്യത്തെപ്പറ്റി പഠിയുന്നതു മനസ്സിലാക്കാൻ വിഷമമില്ല. ഞാൻ അക്ഷരംപ്രതി അവരുടെ അഭിപ്രായത്തോടു യോജിക്കുന്നു. പക്ഷെ അവരുടെ പേരിൽ ഇവിടെ ചിലർ നടത്തുന്ന വാദങ്ങൾ മനസ്സിലാക്കുക വിഷമമായിരിക്കുന്നു.

ഓ. എൻ. വി. കുറുപ്പിനെപ്പറ്റി ഇപ്പോഴും നിങ്ങൾക്കു പഴയ അഭിപ്രായംതന്നെയാണോ?

എന്തുപറ്റി പുതുതായി? കുറുപ്പിന്റെ ചില പ്രസംഗങ്ങളെ പരാമർശിച്ചായിരിക്കാം ചോദിക്കുന്നതു്. കുറുപ്പ് ഒരു പ്രാസംഗികനാണെന്നു ഞാൻ പറഞ്ഞിട്ടില്ല. കവിയും പ്രാസംഗികനും ഒരാളാകാം പക്ഷേ കവികളെല്ലാം പ്രാസംഗികന്മാരാകയില്ല.

എൻ. നാരായണൻ, തിരുവല്ല.

കമ്യൂണിസത്തിൽ നിന്നു അനാർക്കിസം രൂപമെടുക്കുന്നു. എന്നാൽ അനാർക്കിസത്തിൽ നിന്നു വേറെ ഒരു വ്യവസ്ഥിതി രൂപമെടുക്കുമെന്നു മാർക്സിസ്റ്റുകാരും വിശ്വസിക്കുന്നുണ്ടോ?

അനാർക്കിസം രൂപമെടുക്കുന്നതെങ്ങനെയെന്നുള്ള മാർക്സിയൻ ശാസ്ത്രം ഇനിയും വിശദീകരിച്ചു പൂർണ്ണമാക്കപ്പെടേണ്ടതായാണിരിക്കുന്നതു്. ജീവിതം ചലനാത്മകമാണെന്നു വിശ്വസിക്കുന്ന മാർക്സിസ്റ്റുകാരും തീർച്ചയായും മാർക്സിസത്തെക്കാൾ മെച്ചമായ ഒരു സാമ്പത്തികശാസ്ത്രമുണ്ടായേക്കാമെന്നു വിശ്വസിക്കാൻ മടിയുണ്ടായിരിക്കയില്ല.

കെ സി. ജലജ, കോട്ടയം

സമാധാന സന്ദേശത്തിൽ ഒപ്പു വയ്ക്കണമോ വേണ്ടയോ എന്നു ബാലൻ ഖണ്ഡിതമായി ഒരഭിപ്രായം പറയുമോ?

സമാധാനസന്ദേശത്തിൽ ഒപ്പുവയ്ക്കുന്നതുപോലും വിപ്ലവപ്രവർത്തനമായി കരുതുന്ന ഒരു സർക്കാരാണു നമുക്കുള്ളതു്. അതുകൊണ്ടു ഖണ്ഡിതമായിത്തന്നെ ഞാൻ പറയുന്നു സമാധാനസന്ദേശത്തിൽ ഒപ്പുവയ്ക്കണമെന്നു്.

സി. ബാഹുലേയൻ, ചെറായി.

സ്ത്രീധനമെന്നുള്ളതു യഥാർത്ഥത്തിൽ പുരുഷധനമല്ലേ?

വളർന്നുവന്ന ജനകീയാഭിപ്രായത്തെ മതഭ്രാന്തിനു ചൂക്കാൻ പിടിക്കാൻ അവർ വിനിയോഗിക്കുന്നതുകൊണ്ടു മാത്രമാണു്. അതിനിശിതമായി അവരെ എതിർക്കുമ്പോൾ ഒരു ദുഃഖം മാത്രമേ ഞങ്ങൾക്കുള്ളൂ. ഞങ്ങളുടെ എതിർപ്പു പരോക്ഷമായി നിങ്ങൾക്കു പ്രയോജനപ്പെടുന്നുണ്ടെന്നുള്ളതു്.

"നിങ്ങളുടെ അണികൾക്കകത്തു നിന്നുകൊണ്ടു തന്നെ ചിലർ പറഞ്ഞതായി ഞങ്ങൾ അറിഞ്ഞു ഹിന്ദുമണ്ഡലത്തെ എതിർക്കാൻ നിങ്ങൾ പല പത്രങ്ങൾക്കും സബ്സിഡി കൊടുക്കുന്നുണ്ടെന്നും അക്കൂട്ടത്തിൽ "കുമുദി"യുമുണ്ടെന്നും....

"നിങ്ങൾക്കോ നിങ്ങളുടെ കിരീടാവകാശിയായ ശ്രീ. ടി കെ. നാരായണപിള്ളയ്ക്കോ ചില്ലിക്കാശുകളായി കുമുദിയെ സമീപിക്കാൻ ധൈര്യമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല പക്ഷേ അങ്ങനെയൊരു പ്രചരണം നടത്തുന്നതുകൊണ്ടു നിങ്ങൾക്കു പ്രയോജനമുണ്ടു് ഹിന്ദുമണ്ഡലക്കാരും ആ പ്രചരണം നടത്തുന്നുണ്ടു്. കുമുദിയുടെ എതിർപ്പു നിങ്ങൾ രണ്ടുപേരും പ്രതിനിധാനം ചെയ്യുന്ന ചിന്താഗതിക്കെതിരായുള്ള ശബ്ദം ശക്തിപ്രാപിക്കുന്നതെന്നു നിങ്ങൾക്കു നിർബന്ധമുണ്ടു്. തിരഞ്ഞെടുപ്പിനു ഹിന്ദുമണ്ഡലത്തെ കൂട്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അവരെ എതിർക്കുന്ന കുറേ പ്രചരണം വേണം. കൂട്ടുപിടിക്കാൻ കഴിഞ്ഞാൽ എതിർത്തവർ വെറും പിച്ചക്കാത്രകാരായിരുന്നു എന്നു വരുത്തണം.

"ഹിന്ദുമണ്ഡലത്തെ എതിർക്കുന്നതിനേക്കാൾ ശക്തിയായി എതിർക്കപ്പെടേണ്ട വിഭാഗമാണു് നിങ്ങൾ എന്നു ഞങ്ങൾക്കറിയാം പക്ഷെ പൊതുജനങ്ങളുടെ ഇടയിൽ വലിയ പ്രതീക്ഷകളുണ്ടാക്കാനുള്ള നിങ്ങളുടെ കഴിവു അസൂയാവഹമായിട്ടുണ്ടു്. ഹിന്ദുമണ്ഡലം ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളിൽ കൂടുതൽപേരെ ആകർഷിക്കുന്നുണ്ടു്. അതുകൊണ്ടാണു് നിങ്ങൾ പ്രതിനിധാനംചെയ്യുന്ന വ്യവസ്ഥിതിയുടെ "ഹിന്ദു" സിന്ദൂരംതൊട്ട ഏജൻറന്മാർക്കെതിരായി ഞങ്ങൾ കൂടുതൽ ഉച്ചത്തിൽ സംസാരിക്കുന്നതു് അതു ഏതെങ്കിലും പ്രകാരത്തിൽ നിങ്ങളുടെ ചിന്താഗതിയോടുള്ള ആനുകൂല്യമായി തെറ്റിദ്ധരിക്കേണ്ട.

"തകരേണ്ട ഒരു വ്യവസ്ഥിതിയുടെ തകർക്കപ്പെടേണ്ട ഒരു മരണക്കളത്തിന്റെ അവസാന കാവൽ ഭടന്മാരായി നിങ്ങളെ മാറിയെടുക്കുവാനുള്ള സംരംഭത്തിന്റെ ഒരു ഭാഗം മാത്രമാണു് ഹിന്ദുമണ്ഡലത്തോടുള്ള ഞങ്ങളുടെ എതിർപ്പു"

സ്ത്രീധനം എന്നതിന്റെ അർത്ഥം സ്ത്രീയും ധനവും എന്നാണ്.

പി. വി. പൊറായി, എറണാകുളം.

ആർ. എസ്. പി.ക്കാർ ഹിന്ദുമണ്ഡല യോഗത്തിൽ ബഹളമുണ്ടാക്കിയതു തെറ്റായി പ്പോയെന്നു "സോഷ്യലിസ്റ്റ്" പത്രത്തിൽ എഴുതിയിരുന്ന മുഖപ്രസംഗം വായിച്ചോ? എ ന്താണഭിപ്രായം?

വായിച്ചു. അവരുടെ വാദം നേരമ്പോക്കുള്ളതാണ്. മന്ത്രി പദത്തിൽനിന്നു പുറത്തായി അധികാരമേ പൊതുജന പിന്തു ണയോ ഇല്ലാതെ പ്രസംഗിക്കാൻപൊന്ന പനമ്പിള്ളിയെ ശവ ത്തെ കുത്തുംപോലെ കുവിയതു ധീരതയാണ്. "വളരെയേ റെ ജനസ്വാധീനമുള്ള" (സോഷ്യലിസ്റ്റിന്റെ അഭിപ്രായമാ ണേ!) ഹിന്ദുമണ്ഡലത്തെ എതിർത്തതു ധീരതപോ. കാരണം എറണാകുളത്തു എതിർത്തതു പൊതുജനങ്ങളും ഇവിടെ എ തിർത്തതു ആർ. എസ്. പിയുമാണ്. വിഡ്ഢാന്മാർ കുന്നമാ ത്രം അറിഞ്ഞാൽമതി. അന്നു ആ മൈതാനത്തു രണ്ടുയോഗ ങ്ങളുടെ നോട്ടീസു പ്രചരിച്ചിരുന്നു. കുന്നു ഹിന്ദുമണ്ഡലയോ ഗത്തിന്റെയും മറ്റൊന്നു ആർ. എസ്. പി. യോഗത്തിന്റെ യും. ആർ. എസ്. പി. യോഗത്തിനു ആളുകൂടിയപ്പോൾ ഹി ന്ദുമണ്ഡലത്തിനും ആളുകൂടി. പൊതുജന പിന്തുണയുണ്ടായിരു ന്നവർ യോഗംനടത്തി. സോഷ്യലിസ്റ്റിനു അതിൽ കുണ്ഠിതമു ണ്ടാകുന്നതു മനസ്സിലാക്കാം.

ഫാക്ടു പണിമുടക്കിൽ യൂണിയൻ സ്വീക രിച്ച ഒത്തുതീർപ്പിനെപ്പറ്റി സഖാവിന്റെ അഭിപ്രായമെന്താണ്?

ഇതിലേറെ ഭീരുത്വം നിറഞ്ഞ ഒരു ഒത്തുതീർപ്പു തിരുവി താംകൂർ—കൊച്ചിയുടെ ചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല. എന്തിനായവർ സമരംതുടങ്ങിയെന്നും എന്തിനു നിവർത്തിയെന്നും ഉള്ള വസ്തുത അജ്ഞാതമായിരിക്കുന്നു.

കെ. വിലാസിനിഅമ്മ, തൃശ്ശൂർ.

ആറ്റംബാംബു നിരോധിച്ചാൽ ലോകസ മാധാനമുണ്ടാകുമെന്നു വിഷിൻസ്കി പ്രസം ഗിച്ചിരിക്കുന്നു. നമ്മുടെ ഭക്ഷ്യമന്ത്രി ഐക്യരാ ഷ്ട്ര സമിതിയിലുണ്ടായിരുന്നെങ്കിൽ ആറ്റംബാം

നടനെ ആവശ്യമുണ്ട്

ഒരു മലയാള സിനിമാകമ്പനിക്കാർക്കു അവരുടെ അടുത്ത ചിത്രത്തിൽ നായകനായി അഭിനയിക്കാൻ 20–നും 25 നും മദ്ധ്യേപ്രായമുള്ള ഒരു യുവാവിനെ ആവശ്യമുണ്ട്. മൻപു അഭിനയിച്ച പരിച യമുണ്ടായിരിക്കണമെന്നില്ല; കാഴ്ചയിൽ സുമുഖനായിരിക്കണം ന ല്ല കണ്ണുകളും, മുഖത്തിന്റെ വടിവും, പൂരിപവും, തലമുടിയുമാ ണ് പ്രധാനം. നീളവും വേണം. ഈ വിവരങ്ങളെല്ലാം കാണി ച്ചു നിങ്ങളുടെ ഫോട്ടോ സഹിതം താഴെക്കാണുന്ന മേൽവിലാസ ത്തിൽ ഉടനെ എഴുതുക. നിങ്ങളെ തിരഞ്ഞെടുക്കുകയാണെങ്കിൽ വിവരം അറിയിക്കുന്നതാണ്.

CINEMA
C/o KAUMUDI
TRIVANDRUM.

ബല്ല അരി ആഹാരമാണ് ലോകസമാധാന ത്തിന്റെ പേരിൽ നിരോധിക്കേണ്ടതു എന്നു പ്രസംഗിക്കുകയില്ലായിരുന്നോ?

ഭേഷ്!

സമ്മാനം

ഈ ആഴ്ചയിലെ ഏറ്റവും നല്ല ചോദ്യത്തിനുള്ള സമ്മാനം കെ. വിലാസിനി അമ്മ, തൃശ്ശൂരിനു നൽകുന്നു.

മോഹത്തിന്റെ മൊട്ടുകൾ



വി. ഗംഗാധരൻവൈദ്യൻ

യൌവനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വികാരങ്ങളുടെ വിക്രതവിക്രിയകൾക്കടി മപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണ് വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്. കവിളൊട്ടി, കണ്ണുകുഴിഞ്ഞു, എല്ലുപൊന്തി, അരതേഞ്ഞു അവശരായി, അസംതൃപ്തിക്കടിമകളായി, സ്വപ്നസംഘലനം, ശീഘ്ര സ്ഖലനം, ഉല്പാദനേന്ദ്രിയ ദൌർബല്യം, സ്വപ്നം മുതലായ കൂട്ടുകാരോടു കൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ടു്. അവരുടെ ഉരിതാ നുഭവങ്ങളിൽ നിന്നു മോചനം നേടുവാൻ ഞങ്ങളുടെ

രമണൻ

എന്ന വാജീകരണൌഷധം മാത്രംസേവിച്ചാൽമതി 20ഡോസ് ബാട്ടിൽ 2 ക. 8ണ മാത്രം

ച്യവനപ്രാശം—

"ഞാനും ച്യവനപ്രാശം സേവിച്ചിട്ടുണ്ടു്" എന്നു പറഞ്ഞതു കൊണ്ടായില്ല. ഞങ്ങളുടെ ച്യവനപ്രാശം നിങ്ങളും സേവി ച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത

റാത്തൽ ഒന്നിനു 3 ക. 8 ണ.

N, B. പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചു സംഭരിച്ചിരിക്കുന്നു. വിലയും പരിമിതമാണ്. വി. പി. ആയി ആവശ്യപ്പെടുന്നവർ ഹെഡ്ഓഫീസിലോ വക്കല ബ്രാഞ്ചിലോ എഴുതേണ്ടതാണ്.

സ്വതന്ത്ര ഫാർമസി [REGD.]

H. O. ചാലക്കുടി

ബ്രാഞ്ച്—ആയുർവേദകാളേജിനു മുൻവശം, പുത്തൻചന്ത, തിരുവനന്തപുരം.



പത്മാദേവി

സി.വി.കുഞ്ഞുരാമൻ

15-ാം അദ്ധ്യായം

[കഥ: —ഗംഗാധരൻ, സുകുമാരൻ തുടങ്ങിയ തന്റെ ചില സുഹൃത്തുക്കളുമൊന്നിച്ച് ഒരു വിനോദയാത്രയായി സിലോണിൽ എത്തിയിരിക്കയാണ് അവിടെവച്ച് കലശേഖരന്റെ പുത്രി പത്മാദേവിയിൽ ഗംഗാധരൻ അനുരക്തനാകുന്നു. ഈ വസ്തുത തനിക്ക് സൗകര്യമായി കിട്ടിയ സന്ദർഭം വിനിയോഗിച്ച് ഗംഗാധരൻ പത്മയെ ധരിപ്പിക്കുന്നു. ഗംഗതന്നിലെ പ്രേമംപോലെ നിർമ്മല ഹൃദയയായ പത്മ, അതിൽ സമ്മതംമൂളി ആശ്ലേഷംകൊള്ളുകയും, അവർ മനസാ പൂർണ്ണമായി അവനു വിധേയയാകുകയും ചെയ്യുന്നു. അവരിരുവരുടേയും അനന്തരപെരുമാറ്റങ്ങളിൽനിന്നും സംഗതികളുടെ നിജസ്ഥിതി ഊഹിച്ചറിഞ്ഞ കുശാഗ്രബുദ്ധിയായ കലശേഖരൻ, ഗംഗാധരനെ സ്വകാര്യമായി വീട്ടിലേക്ക് ക്ഷണിച്ച് സംഭവബഹുലവും, ഗോപ്യവുമായ തന്റെ അതീതകാലചരിത്രം അവനെ ധരിപ്പിച്ചുകഴിഞ്ഞിരിക്കയാണ് അതിൽനിന്നും, പത്മ സുകുമാരന്റെ മറുപ്പെണ്ണാണെന്നു വിവരം അറിവായതോടുകൂടി ഗംഗാധരനും പത്മയും ഒരുപോലെ ചഞ്ചലചിത്തരാകുന്നു. എങ്കിലും 'എന്റെ സുകുച്ചേട്ടൻ ഗംഗാധരനിൽനിന്നും എന്നെ തട്ടിപ്പറിക്കയില്ല' എന്ന ദൃഢവിശ്വാസത്തിൽ പത്മ എത്തിച്ചേർന്നിരിക്കയാണ്.

—ഇനി തുടർന്നു വായിക്കുക]

ജീവിതസത്യമെന്നു പഠിയുന്നതു യഥാർത്ഥത്തിൽ ഉണ്ടെന്നു ഗംഗാധരനു അന്നാണു അനുഭവബോധം വന്നതു. അയാൾക്കു കലശേഖരനോടൊ, പത്മാദേവിയോടൊ എന്തുപറയണമെന്നൊ, തൻ ഇനി ഏതൊക്കെയാണു ചെയ്യേണ്ടതെന്നൊ, തന്റെ ഇതു സന്ദേഹവും ആരെയെല്ലാമാണു അറിയിക്കേണ്ടതെന്നൊ ഒരു രൂപവും ഉണ്ടായില്ല. സുകുമാരനെ ആശ്രയപരതന്ത്രനാക്കുമായിരുന്ന ഒരു കഥ തനിക്കു പറയാനുണ്ടായിരുന്നതു ചെട്ടെന്നോർമ്മിച്ചു, മടങ്ങിപ്പോകാൻ അയാൾ ഉൽക്കണ്ഠിതനായി. അയാളോടു യാത്രപറയാൻ, കലശേഖരനും പത്മാദേവിയും പത്മവിലാസത്തിനു മുൻവശത്തെ പൂന്തോട്ടത്തിന്റെ ഗേറ്റുവരെ ചെന്നു. മുന്നുപേരും വിവിധ ചിന്തകളുടെ സമ്മർദ്ദംമൂലം മൂകരായി കാണപ്പെട്ടു. കലശേഖരൻ ചിന്താകുലനും, പത്മാദേവി ലജ്ജിതയും, ഗംഗാധരൻ ആശ്ചര്യഭരിതനും ആയിരുന്നു. ഗേറ്റിനു സമീപം എത്താറായപ്പോൾ നിബിഡമായി പടർന്നിരുന്ന മുല്ലവള്ളികളാൽ സൃഷ്ടിച്ച ഒരു നികുഞ്ജത്തിൽ, ആ വള്ളികളിലൊന്നുമായി അലസമായി ക്രീഡിച്ചുകൊണ്ടു ഭ്രാന്തൻ ശേഖരൻ ഇരിക്കുന്നതു കണ്ടു. അവരുടെ പാദപതനംകേട്ടു്, അവൻ പെട്ടെന്നു തല ഉയർത്തി. അവരെ കണ്ടു് ഭയപ്പെട്ടിട്ടെന്നപോലെ ഒരു ആക്രോശത്തോടെ, അവിടെനിന്നെണീറ്റു് ഓടിപ്പോയി. കലശേഖരൻ അത്ഭുതത്തായി നെറ്റി തടവിക്കൊണ്ടു പറഞ്ഞു:—

"പാവപ്പെട്ട കുട്ടി! അവന്റെ രോഗം ഒന്നിനാനും വർദ്ധിച്ചുവരികയാണു്. എങ്കിലും അവനു ഭ്രാന്തുപിടിച്ച ഇവനകളിൽ ബുദ്ധിസാമർത്ഥ്യവും ദീർഘദർശനവും അത്ഭുതകരമായി ഇടകലർന്നു കാണാറുണ്ടു്. പത്മ, നീ തന്നെ വിശ്വസിക്കയില്ല" വൃദ്ധൻ മകളെ ഒരു കൈയ്കൊണ്ടു ചുറ്റിപ്പിടിച്ചു പറഞ്ഞു:— "ഗംഗാധരനും നിനക്കും തമ്മിലുണ്ടായിക്കൊണ്ടിരുന്ന ഹൃദയൈക്യം ഞാനാണു് ഊഹിക്കുന്നതിനും പോലും എത്രയോ മുമ്പേ അവൻ ഗ്രഹിച്ചുകഴിഞ്ഞിരുന്നു."

തന്റെ പ്രണയവൃത്താന്തത്തെപ്പറ്റി തന്റെ പിതാവു് ആദ്യമായി സൂചിപ്പിക്കുന്നതു് അപ്പോഴായിരുന്നു എന്നോർമ്മിച്ചു്, മധുരമായ ഒരു ലജ്ജാമൂലം അവൾ നമ്രമുഖിയായി.

"എന്തിനാണു് മകളേ, നീ മുഖം കളിച്ചുകളയുന്നതു്?" വൃദ്ധൻ ഉല്ലാസപൂർവം ചോദിച്ചു:— "നീ കരുതിയൊ, എന്റെ കിളിക്കു് വസന്തത്തിന്റെ വരവു് ഞാൻ നിഷേധിക്കുമെന്നു്? ഇല്ല, ഒരിക്കലുമില്ല. എന്റെ തങ്കം! ഭ്രാന്തുപിടിച്ച ഈ ലോകത്തു് നിനക്കു അനുരൂപമായൊരു അഭയസ്ഥാനം ഉണ്ടാകുമോ എന്നു് ഞാൻ സംശയിച്ചിരുന്നു." തന്റെ മാതോട വാത്സല്യത്തിൽ പരിരംഭിച്ചുനിന്ന മകളെ ഹൃദയമലിഞ്ഞു നോക്കിക്കൊണ്ടു് അല്പംനേരം നിന്നശേഷം കലശേഖരൻ തിരിഞ്ഞു്, ഗംഗാധരനോടുപറഞ്ഞു:—

"ഒരു കഥയുണ്ടു് ഇവിടെക്കിൽ. ഇരുളടഞ്ഞ മഴക്കാലത്തിന്റെ നടുവിൽ, കൊടുങ്കാറ്റും പേമാരിയും നിറഞ്ഞ ഒരു രാത്രിയിൽ തങ്ങളുടെ ശുദ്ധപ്രേമം പരസ്പരം സമ്മതിച്ച രണ്ടു യുവതീയുവാക്കന്മാർ ഉണ്ടായിരുന്നു. മഞ്ഞുമൂടിയ മലകളിലെവിടെയോ അവരുടെ ഏകാന്തമായ ചെറുകുടിൽ സ്ഥിതി ചെയ്തിരുന്നു. അവർ ദേവസംഭവരായിരുന്നതിനാൽ, സകല ദേവന്മാരും ദേവികളും അവരെ കാത്തു സൂക്ഷിച്ചിരുന്നുവത്രെ. അവർ പ്രതീക്ഷാഭരിതരായ നിമിഷത്തിൽ, ഹിമാവൃതമായിരുന്ന അവരുടെ കുടിലിന്റെ വാതിൽ തനിയെ പൊട്ടിത്തുറക്കുകയും പ്രകൃതിക്കുതന്നെ ആകെ ഒരു മാറാം സംഭവിക്കയുംചെയ്തു. മഴനിലച്ചു; പ്രകൃതിവിക്ഷോഭങ്ങളെല്ലാം അടങ്ങി ആകാശം തെളിഞ്ഞു; പ്രസന്നമായ സൂര്യപ്രകാശം എല്ലായിടത്തും പരന്നു; പർവതസാനുക്കളിൽ സുരഭിലവും മനോഹരവുമായ പുഷ്പങ്ങളും സർവത്ര വിടർന്നു; പക്ഷികളും പാടി; ഹിമശൈലയിൽ നിന്നു മോചനം ലഭിച്ച ജലം കുട്ടരുവികളായി, കളകളാരവത്തോടെ പാറകളിൽകൂടി കുതിച്ചുപാടി, രക്ഷപ്പെട്ടുത്തുടങ്ങി. ആഹ്ലാദകരമായ സൂര്യപ്രകാശത്തിൽ, തരുലതാദികൾക്കിടയിൽകൂടി അ

—കൗമുദി ആഴ്ചപ്പതിപ്പ്—

വ പുളഞ്ഞു പാഞ്ഞു. ഇതെല്ലാം രതീദേവിയുടെ വിനോദമായിരുന്നു. പ്രേമബദ്ധരായ ആ യുവമിഥുനങ്ങളുടെ പ്രഥമചുംബനം ശ്രദ്ധിച്ചു നിന്ന ആ ദേവി അതോടെ ആ ദിക്കിൽ നിന്നും ഉർദ്ധിനങ്ങളെ നിഃശ്ലേഷം ബഹിഷ്ക്കരിച്ചു്, ശാശ്വതവസന്തം കൊണ്ടു് അതിനെ അനുഗ്രഹിച്ച ഒരു നല്ല അർത്ഥവാദകഥ. ലോകമൊട്ടുക്കു് ഏതു ജാതി മനുഷ്യരുടെയിടയിലും, അർത്ഥവത്തായ ഒരു മനോഹരകഥ പ്രണയത്തിന്റെ ഉത്കൃഷ്ടമായ നിശ്വാസത്തിൽ ഉരുകാത്ത ഹൃദയം ശാശ്വതമായും ഹിമാവൃതം തന്നെയായിരിക്കും. നിങ്ങൾ കുട്ടികളുടെ ഈ പരമാനന്ദത്തിൽ എന്റെ ഈ വൃദ്ധഹൃദയവും യുവത്വം പ്രാപിക്കുന്നു"

അനന്തരം വാത്സല്യപൂർവ്വം പുത്രിയെ പിടിച്ചു മാറോടു നിറുത്തിക്കൊണ്ടു്, ഗൗരവം കലർന്ന സ്വരത്തിൽ കുലശേഖരൻ പറഞ്ഞു:—"അങ്ങോട്ടുപെല്ലു, നീ ഗംഗാധരന്റെ സമീപത്തേക്കു നിന്റെ ജീവിതസർവ്വസ്വമാണിനി ഗംഗാധരൻ. നിന്റെ വൃദ്ധനായ പിതാവു് നിന്നെയും നിന്റെ ഗംഗാധരനെയും ഹൃദയപൂർവം അനുഗ്രഹിക്കുന്നു. സത്യം, സ്നേഹം, വിനയം, അതായിരിക്കട്ടെ ഏതു ക്രൂരനാട്ടിലും നിന്റെ മാർഗ്ഗദീപങ്ങൾ"

അദ്ദേഹം ഗംഗാധരനോടു പറഞ്ഞു:—"മകനേ, സർവ്വമംഗളങ്ങളും ഭവിക്കട്ടെ!"

കുലശേഖരനു് ഗദ്ഗദമുണ്ടാകുംപോലെ തോന്നി. അദ്ദേഹം പത്മാദേവിയേയും ഗംഗാധരനേയും തനിച്ചാക്കിക്കൊണ്ടു തിരിഞ്ഞു നടന്നു. വീട്ടിൽപ്പെന്നു് അദ്ദേഹം പുറകുവശത്തു് കയറുവരെ അവർ അങ്ങോട്ടുതന്നെ നോക്കിക്കൊണ്ടു നിന്നു. അനന്തരം അവർ ഒരു മന്ദഹാസത്തോടെ പരസ്പരം നോക്കി.

വളരെ നേരം അവർ ആ പൂന്തോട്ടത്തിൽ നമ്മളാം പറഞ്ഞും, കേവലസുഭഗവും സ്വദിച്ചും കഴിച്ചുകൂട്ടി. മറവുള്ളവക്കു നിർത്ഥകമെന്നോ, പരിഹാസ്യമെന്നോ തോന്നുന്നതും, എന്നാൽ ബന്ധപ്പെട്ടവക്കു വർണ്ണനാതീതമായവിധം അത്ഭുതകരവും, അനുഭൂതികരവും, നിർവൃതികരവും ആയ എന്തെന്തു കൊച്ചുസംഭവങ്ങളുടെ അയവിറക്കുന്നതുകൊണ്ടും, രഹസ്യം പറഞ്ഞുചിരിക്കുകൊണ്ടും ആണു് അവർ അന്നു് മുഴുവനും തീർത്തതു്! "എന്നോടു് ആദ്യം സ്നേഹം തോന്നിയതു് എപ്പോഴാണു്?" "ഞാനും സ്നേഹിക്കുന്നുണ്ടെന്നു് എങ്ങനെയാണു് ഊഹിച്ചതു്?," "ഞാൻ അങ്ങനെ പറഞ്ഞപ്പോൾ എന്തു തോന്നി?," "എന്നെ സ്വപ്നം കണ്ടിട്ടുണ്ടോ? എന്താണു് സ്വപ്നം കണ്ടതു്," "എന്നും, എന്നും, എന്നും, ഇതുപോലെ എന്നെ സ്നേഹിക്കുമോ?" ഇത്യാദി, ഇത്യാദി അവസാനമായ എന്തെല്ലാം ചോദ്യങ്ങളും, ഉത്തരങ്ങളും! "കഥയില്ലായ്മ" എന്നു് പരിഹസിക്കുന്നവർ കണ്ടേയ്ക്കും സംശയമില്ല പക്ഷേ, പ്രണയക്കനി അനുഭവിക്കാൻ കഴിവുണ്ടായിട്ടില്ലാത്ത ഹതഭാഗ്യരാണു് അവർ പക്ഷേ, ഈ "കഥയില്ലായ്മ"യുടെ മാസ്മരത്തിൽ കുടുങ്ങിയിട്ടില്ലാത്തവരും, സാമ്രാജ്യങ്ങളുടെ അധഃപതനത്തെക്കാൾ പ്രാധാന്യം ഈ "കഥയില്ലായ്മ"യ്ക്കു് നൽകിയിട്ടുള്ളവരും, ഒരുവളിച്ചത്തെയും വായുവിനേയുംകാൾ ജീവസന്ധാരണത്തിനു് ഈ "കഥയില്ലായ്മ" അത്യന്താപേക്ഷിതമെന്നും, ഭാവനാതീതമായ പ്രത്യാശയും, ഭയവും, സന്ദേഹവും ആശ്വാസവും, നിരാശയും ഉൽക്കണ്ഠയും നിലയാപ്പിച്ചിരിക്കുന്നതെന്നും കരുതുന്നവരും ആയ ദർബലമനുഷ്യരുടെ ഭൂരിപക്ഷമാണു് ലോകചരിത്രം സൃഷ്ടിക്കുകയും, സംരക്ഷിക്കയും ചെയ്യുന്നവരെന്നു് അവരറിയുന്നില്ല. യുവത്വം, ആരോഗ്യം, സുഭഗമായ്മ, സുഭോഗം എന്നിവ മൂർത്തിമത്തായ പത്മ-ഗംഗാധരന്മാർ അവരുടെ ജീവിതസർഗ്ഗത്തിൽ, ദേവലോകത്തിൽ, പ്രവേശിച്ചു കഴിഞ്ഞിരുന്നു. അതിനാൽ വഴിക്കുകണ്ട ഏതു പൊരുപുഷ്പവും തളിരും അവക്കു് ദിവ്യവും, മോഹനവും വിസ്മയജനകവുമായിരുന്നു. പ്രണയദേവതയുടെ അവാച്യമായ മഹത്വം, കഴിവുകളും, ആനന്ദസന്ദായകത്വവും, അനുഗ്രഹശക്തിയും കൊച്ചുദേഹകുമാരികളപ്പോലെ, മന്ദഹാസപൂർവം തേജസ്ക്കരമായ അമൃതസമുദ്രങ്ങളിൽക്കൂടി, നിർവൃതിയരുളുന്ന നന്ദനോദ്യാനങ്ങളിൽക്കൂടി, തങ്ങളെ മാടവിളിക്കുംപോലെയും, പരസ്പരം ലീനമായി ഹൃദയങ്ങളോടും, നയനങ്ങളോടുകൂടി തങ്ങളുടെ മുമ്പിൽ നിവർത്തുടങ്ങിയ ഒരു ചിത്രപടച്ചുരുളിന്റെ അലോകസുഷമസാവധാനത്തിൽ ദർശിച്ചുകൊണ്ടു് തങ്ങളും മുന്നോട്ടു, മുന്നാട്ടു പെല്ലുംപോലെയും അവർക്കു തോന്നി. അതാണു് അവരും മനുഷ്യബുദ്ധിക്കു ഹേതുദർശിയാകാൻ ഇന്നേവരെ സാധ്യമാകാതിരുന്നിട്ടുള്ള ആ "കഥയില്ലായ്മകം" എന്നെയും പ്രേമപൂർവം, എന്നെയും ശുദ്ധമായി, പരസ്പരം ആമന്ത്രണം ചെയ്തു്, കേവലസുഖം സാധിച്ചതു്. അതിനാൽ ഗംഗാധരൻ പല തവണയും യാത്രപറകയും, അപ്പോഴെല്ലാം പത്മയെ ചുംബിക്കുകയും, വീണ്ടും തിരിഞ്ഞുനിന്നു കഥയില്ലായ്മകം പറകയും കേൾക്കയും ഒക്കെ ചെയ്തയും, വീണ്ടും യാത്രപറകയും ചുംബിക്കയും ചെയ്തതിന്റെ പൊരുൾ നാം അന്വേഷിക്കേണ്ടതില്ല. അയാളെ ഈ ജീവിതത്തിൽ അത്രമേൽ വിഷമിപ്പിച്ചുകൊണ്ടിരുന്ന ഒരു കടംകഥയുടെ ഉത്തരവും അതോടെ വിശദമായി. മനുഷ്യജീവിതം ജീവിക്കാൻ കൊള്ളാവുന്നതും, കൃതാർത്ഥമായി കരുതേണ്ടതും, ഉൽകൃഷ്ടമാക്കേണ്ടതും ആയ ഒന്നാണെന്നും അയാൾക്കു ബോദ്ധ്യം വന്നു. അതിനെല്ലാം ഹേതു എന്തെന്നു് അയാൾ ഗ്രഹിച്ച പ്രണയവും, പ്രണയം മാത്രവുമായിരുന്ന ഈ പ്രപഞ്ചത്തെ താങ്ങിനിറുത്തുകയും നിയന്ത്രിക്കയും, മോഹനമായി പൂർത്തീകരിക്കയും ചെയ്യുന്ന ഏകശക്തി! സകല കുഴഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരംഇതിൽ അയാൾ കണ്ടെത്തി. അതു സമ്മതിച്ചുകൊടുത്തതോടെ, ഹൃദയത്തിനു വികാസവും, ആത്മാവിനു സംതൃപ്തിയും അയാൾക്കു് അനുഭൂതമായി.

ആനന്ദാദർശം

(വില 2 രൂ. 8 ണ തപാൽ ചിലവു് പുറമേ)

മതാദിവിശ്വാസങ്ങളുടെ അർത്ഥശൂന്യതയെ യുക്തിയുക്തമായി കാണിച്ചുകൊടുത്തു് മനുഷ്യനെ സ്വതന്ത്രമായി ചിന്തിക്കുവാനും സത്യത്തേയും സാരത്തേയും കണ്ടെത്തുവാനും പ്രേരിപ്പിക്കുന്ന മലയാളത്തിലെ ഒരു മഹൽഗ്രന്ഥം

ആവശ്യപ്പെടുക:— ബ്രഹ്മാനന്ദസ്വാമി ശിവയോഗി സിദ്ധാശ്രമം

P. O. ആലത്തൂർ (LATUR) S മലബാർ.

സ്ത്രീകൾക്കുവേണ്ടി

എമ്പ്രായിഡറി ബുക്കുകൾ!

D. M. C. ലൈബ്രറി സീരീസിൽ(ഇംഗ്ലീഷു്) പെട്ട പലതരം എമ്പ്രായിഡറി ബുക്കുകൾ ഫ്രാൻസിൽ നിർമ്മിച്ചവ. ഇൻഡ്യയിൽ ഉണ്ടാക്കിയ മറ്റിനം ബുക്കുകളും ഉണ്ടു്! മനോഹരമായ വർണ്ണചിത്രങ്ങളും ഡിസൈനുകളും അടങ്ങിയതു്!

ആർക്കും ഏതു വിധത്തിലുമുള്ള തുന്നൽ വേലയും പഠിക്കാം!

വില 12 അണ മുതൽ 7 രൂപാവരെ. പോസ്റ്റേജും വി. പി ചാർജ്ജും പുറമേ. ആർഡർ അയക്കുമ്പോൾ വിലയുടെ നാലിൽ ഒരു ഭാഗമെങ്കിലും മുൻകൂർ അയക്കാത്ത ആർഡർ ഗൗനിക്കുന്നതല്ല.

S. N. A. STORES,

Railway Station Road,

PETTAH, TRIVANDRUM.

—കയ്യൂരി അടുത്തതിപ്പു°—



ഐക്യമുന്നണി

പൊതുശത്രുവിന്റെ ഉദയം

കല്ലടയാറിൽക്കൂടി കുഴകിവന്ന ഭീമാകാരനായ ഒരു മലമ്പാമ്പ് സന്ധ്യമയങ്ങിയതോടുകൂടി ചാമ്പ്രാണിക്കാടിയിൽവന്ന കരചററി അടുത്തുള്ള കുന്നിന്റെ മുകളിൽ കണ്ട ചാമ്പാണിമരത്തിൽ കേറി തലകീഴായി കിടന്നു. പിറേറന്നു നേരം വെളുത്തപ്പോൾ ഇട്ടിമാസ്സരുടെ വക പതിനഞ്ചുകോഴിയും, അഞ്ചുതാറാവും, ഒരു ആട്ടിൻകുട്ടിയും അപ്രത്യക്ഷമായി. ഒരു പൊറിബൂർഷ്വായായ ഇട്ടിമാസ്സരുടെ വീട്ടിൽ നടന്ന ഈ കയ്യേറ്റത്തിനുത്തരവാദികളാം പണിമുടക്കുനടത്തുന്ന കയർപിരി തൊഴിലാളികളോ അവരുടെ നേതാക്കന്മാരായ അണ്ടർഗ്രൗണ്ട് സഖാക്കളോ ആയിരിക്കുമെന്നു നാട്ടിൽ പ്രമാണിയായ പ്രാക്കളും പരമേശ്വരൻപിള്ള വിധിയെഴുതി. അടുത്ത ദിവസം പ്രഭാതത്തിൽ പ്രാക്കളും എൻ. എസ്. എസ്. ഹൈസ്കൂളിന്റെ പടിഞ്ഞാറെ തൊടിയിൽ താമസിക്കുന്ന പുലയരുടെ മാടത്തിൽനിന്നും ഒരു കൂട്ട നിലവിളി പൊങ്ങി. തലേദിവസം രാത്രി തൊട്ടിലിൽ കിടന്നുറങ്ങിയ കുഞ്ഞിനെ കാണാനില്ല. ആ കേസിലും പരമേശ്വരൻപിള്ള ഏമാൻതന്നെ വിധിയെഴുതി അടുത്ത തെരഞ്ഞെടുപ്പിനുമുമ്പായി ഹിന്ദുക്കളുടെ സംഖ്യ കുറയ്ക്കാൻ ക്രിസ്ത്യാനികളാം മോഷണത്തിനിറങ്ങിയിരിക്കുകയാണ്. അപ്പറഞ്ഞതു നേരായിരിക്കണമെന്നു മേലേതെക്കതിൽ ശങ്കുണ്ണിമുതലാളി സമ്മതം മൂളി. അന്നു രാത്രി നീരാവിൽ സ്കൂളിനു തൊട്ടു പടിഞ്ഞാറെ അയ്യത്തു താമസിക്കുന്ന വറീതുകുട്ടിയുടെ കുഞ്ഞിനെയും കാണാതായി. മണ്ഡലക്കാർ പ്രതികാരത്തിനിറങ്ങിയിരിക്കുന്നുവെന്നും, ഇനി ക്രിസ്ത്യാനികളാം കരുതലോടെ ഇരിക്കണമെന്നും കണ്ടച്ചിറപ്പള്ളിയിലെ കത്തനാരച്ചൻ കുഞ്ഞാടുകൾക്കു രക്ഷയും നൽകി. അങ്ങനെ ഒരാഴ്ചയിലധികം കഴിയുംതോറും നാട്ടിൽ ബഹളം വർദ്ധിച്ചുവന്നു. അഞ്ചാലുംമൂട് ചന്തയ്ക്കടുത്തുള്ള ഒരു വീട്ടിൽ നിന്നും മാസം തികഞ്ഞു നിന്ന ഒരു കിടാലി പശുവിനെ കാണാതായി; വയലിൽ കെട്ടിയിരുന്ന ഒരു കുമ്പനെ അന്വേഷിച്ചു ഉടമസ്ഥന്മാർ നാലുവഴിക്കും തിരിച്ചു; പള്ളിക്കൂടത്തിൽപോയ എട്ടുവയസ്സുള്ള ഒരു കുഞ്ഞ് ഇനിയും വീട്ടിൽവന്നു ചേർന്നിട്ടില്ല എന്നിങ്ങനെ പറയുന്നു. പെരിനാടു മുഴുവനും ഇളകിവശായി കശ്മലന്മാരായ തൊഴിലാളികളുടെയും, കയർ തൊഴിലാളികളുടെയും രാജ്യമായ പെരിനാട്ടിന്റെ ചരിത്രത്തിൽ ഇങ്ങിനെയൊരു സംഭവം ഉണ്ടായിട്ടില്ല. നാട്ടിന്റെ സൈരജീവിതം കെടുത്തുന്ന ഒരു പൊതുശത്രു ഉദയം ചെയ്തിരിക്കുന്നു.

ഉപഹാരോപായങ്ങൾ

തൊഴിലാളിസമരം പൊളിക്കാനായി മുതലാളിമാർ ഗ്രൂണ്ടുകളെ ഇളക്കിവിട്ടിരിക്കുകയാണെന്നും, ഇതിൽ കാൺഗ്രസ്സ് സക്കാരിന്റെ ബലമായ പിന്തുണയുണ്ടെന്നും ഈ കാൺഗ്രസ്സ് അതിന്റെ വർഗ്ഗസ്വഭാവം പൊളിച്ചുകാണിക്കുകയാണെന്നും, തൊഴിലാളി നേതാക്കന്മാർ പ്രസ്താവനകളിറക്കി. പെരിനാട്, കണ്ടച്ചിറ, മങ്ങാട് എന്നീ ഇടവകകളിലെ അച്ചന്മാർ ചേർന്നു പുറപ്പെടുവിച്ച ഒരു സംയുക്ത ഇടയലേഖനത്തിൽ പറയുന്നതു്, ക്ലസ്ത്യാനികളെ സംഹരിപ്പാനായി ഇറങ്ങിയിരിക്കുന്ന ഹന്ദുമണ്ഡലക്കാരുടെ കുത്തിത്തിരിപ്പുകളാണ് ഈ അക്രമങ്ങളെന്നാണ്. ഇതൊക്കെ ഹിന്ദുമഹാമണ്ഡലത്തിൽ പിളർപ്പുണ്ടാക്കാനായി സഹോദരനയ്യപ്പനും സി കേശവനും കൂടിച്ചെയ്യുന്ന കരിങ്കാലിപ്പണികളാണെന്നു് പടിഞ്ഞാറെ കൊല്ലം എൻ എസ് എസ്. കരയോഗം സിക്രട്ടറി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

പ്രതിവിധികൾ

പെരിനാട്ട് ഒരു വർഗ്ഗീയ കലാപം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യതകൾ ഉണ്ടെന്നു കാണിച്ചുകൊണ്ട് മൺ കെ പി. സി. സി മെമ്പറും, പിൻ യാതനാസമ്പന്നനുമായ പ്രാക്കളും കുമാരൻ കെ. പി. സി. സി പ്രസിഡണ്ടിനും ചീഫ് മിനിസ്റ്റർക്കും അടിയന്തിരമായി കാരോ ഫോണുകളും അയച്ചു. ഒരാഴ്ച കാത്തിരുന്നിട്ടും ഇവരിൽനിന്നും യാതൊരു മറുപടിയും ലഭിക്കുന്നില്ലെന്നു കണ്ട് ലോക്കൽ നേതാവായ ശ്രീ. കൊട്ടാരം തെങ്ങിൽ കുമാരൻ തൂകൽസഞ്ചിയുമെടുത്തു തിരുവനന്തപുരത്തേയ്ക്കു തിരിച്ചു. അബ്ദുറഹ്മാൻ ദിനാപരണത്തിനുവേണ്ടി പൈങ്കൊട്ടുവാൻ കെ. പി. സി. സി പ്രസിഡണ്ടിന്റെ കോഴിക്കോട്ടു പോയിരിക്കയാലും, അസംബ്ളിഹാളിൽവച്ച് ഇരുപത്തൊന്നുദിവസം തുടരെ നടത്തിയ ക്ഷേയാഗം കഥകളിയിൽ ആഭ്യവസാനക്കാരനായി ആടിത്തകർത്തതിൽ സന്ധിബന്ധങ്ങൾ ഉലഞ്ഞുപോകയാൽ ചീഫ് മിനിസ്റ്റരെ ഒരു തോണിയിൽ കിടത്തി കിഴിയും ധാരയും നടത്തിക്കൊണ്ടിരിക്കുന്നതിനാലും വരദാനക്ഷരായ ആ നേതാക്കന്മാരെ കാണാൻ അസാദ്ധ്യമായിത്തീർന്നതിനാൽ നമ്മുടെ ലോക്കൽ നേതാവു് ടാഗ്ലർ അക്കാഡമിയിൽ പോന്ന വർഗ്ഗീയവിരുദ്ധലീഗിന്റെ സിക്രട്ടറിയായ പ്രഭയെ കണ്ടു സങ്കടം ഉണർത്തിച്ചു പെരിനാട്ട് സംഭവിച്ചിരിക്കുന്നതു് ഒരു തരം പകർച്ചവ്യാധിയാണെന്നും, പുളിച്ചു തികട്ടുന്ന ആ വർഗ്ഗീയത തടയാൻ ഉടൻതന്നെ ചില പ്രതിവിധികളും നടത്തണമെന്നും സിക്രട്ടറി അറിയിച്ചു. പെരിനാടെ പ്രഭല സമുദായങ്ങളും ഇഴുവന്മാരും റോമൻ കത്തോലിക്കരും ആകയാൽ ആർ. ശങ്കറെയും, ആനിമസ്ക്രീനെയും കൊണ്ടുപോയി ഒരു കൊതിയ്ക്കുതിയ്ക്കുന്നതുകൊള്ളാമെന്നും കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു.

ശങ്കരം മസ്ക്രീനം കൊതിയ്ക്കുന്നു

കാക്കയും കിളിയും ഉണരുന്നതിനു മുമ്പേ തൊട്ടരിയാടാതെ കോരിവച്ച ഒരു മൊന്തവെള്ളത്തിൽ ഇടതുകൈപ്പത്തി അമത്തിവച്ചു്, വലതുകൈകൊണ്ടു ഒരു കീറിലയിൽ വച്ചിരിക്കുന്ന തിരുനാമത്തൊട്ട ശങ്കർ ജപിക്കുകയാണ്. ആ ജപം ക്രമേണ ഉയർന്നുയർന്നു ഇങ്ങിനെയൊരു പെരുപ്രസംഗമായി രൂപാന്തരപ്പെട്ടു.

ഈ രാജ്യത്തു വർഗ്ഗീയത ഇന്നു സർവത്ര നടമാടുന്നു. ആ വർഗ്ഗീയത്തെ ഉച്ചാടനം ചെയ്യണമെങ്കിൽ അതു പടർന്നുപിടിയ്ക്കാനുള്ള കാരണങ്ങളും അനുയോജ്യമായിരിക്കുന്ന ഇവിടെ ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിൽ വഴക്കില്ല. എന്നാൽ രാഷ്ട്രീയമായ വഴക്ക് അവർതമ്മിലുണ്ട്. ദേവസ്വംബിൽ അവതരിപ്പിച്ചപ്പോൾ അതിൽ ക്രിസ്ത്യാനികൾ അഭിപ്രായം പറയുകയും വോട്ടു ചെയ്യുകയുംചെയ്ത അതിൽവച്ചാണ് ഇവിടെ വർഗ്ഗീയതയുണ്ടായിട്ടുള്ളതു്. ഞാനും മന്നവും ദേവസ്വംബോർഡിൽ തുടർന്നിരുന്നെങ്കിൽ ഇവിടെ ഇന്നു കാണുന്ന ഈ വർഗ്ഗീയതയുണ്ടാകയില്ലായിരുന്നു. ദേവസ്വംബോർഡ്പ്പാർട്ടുമെന്റിലെ നിയമനങ്ങളിൽ ഞങ്ങൾ ഇഴുവക്കും ന്യായമാക്കു മാണ് മുൻഗണന നൽകിയതു്. സ്കോളർഷിപ്പ് കൊടുത്തതിലും ഞങ്ങൾ ആ തത്വംതന്നെയാണ് പാലിച്ചതു്. ഇതിൽ ഞാനും മന്നവും ഏകാഭിപ്രായക്കാരായിരുന്നു. അതിനാൽ ഇവി

ടത്തെ വർഗ്ഗീയത അവസാനിക്കണമെങ്കിൽ ഞങ്ങളെ വീണ്ടും മേയസംബോർഡു മെംബർമാരാക്കുകയും, മേയസംബല്ലിനെപ്പറ്റി കൃസ്ത്യാനികം രേഖപ്പെടുത്തിയ അഭിപ്രായങ്ങളും മുഴുവൻ നിരുപാധികം പിൻവലിക്കുകയും ചെയ്യേണ്ടതാണു്.

മസ്ക്രീന്റെ വേദപാഠം

അനന്തരം വെന്തിങ്ങാ പിടിച്ച കണ്ണടച്ചു ധ്യാനിച്ച് നെഞ്ചത്തുകരിശടയാളം വരച്ചുകൊണ്ടു ശ്രീമതി ആനിമസ്ക്രീൻ ഇങ്ങിനെ ആരംഭിച്ചു:—

ഇപ്പോഴത്തെ മന്ത്രിസഭയാണു് ഇവിടത്തെ വർഗ്ഗീയതയ്ക്കുള്ള യഥാർത്ഥകാരണക്കാർ ഈ മന്ത്രിസഭ വർഗ്ഗീയതയുടെ ഒരു കോട്ടതന്നെയാണു്. ഞാൻ മന്ത്രിയായിരുന്നപ്പോൾ മന്ത്രിസഭ എത്ര പരിശുദ്ധമായിരുന്നെന്നോ! അന്നു ഫാ. ജി. കാളേജിലെ വിദ്യാർത്ഥികൾ പണപ്പിരിവിനു വന്നപ്പോൾ ഞാൻ അവർക്കു കൂട്ടുകാരു പോലും കൊടുത്തില്ല. കാരണം അതു മന്ത്രിത്വപദമനുപോലുള്ള ക്രിസ്ത്യാനികളെ അടക്കി ആക്ഷേപിക്കുന്നുവെന്നു മാത്രമല്ല ചില സിറിയൻ ക്രിസ്ത്യാനികൾ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണു് വാസ്തവത്തിൽ ഇവിടെ കൃസ്ത്യാനികൾക്കും ഹിന്ദുക്കൾക്കുമിടയിൽ ശത്രുതയില്ല. സിറിയൻ കൃസ്ത്യാനികളും നായന്മാരും തമ്മിൽ മാത്രമെ ശത്രുതയുള്ളൂ. ഈ സ്ഥലത്തു റോമൻകത്തോലിക്കരും ഈഴവരുമാണല്ലോ ഉള്ളതു്. അതിനാൽ ഇവിടെ വർഗ്ഗീയതയുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. എന്നെ മന്ത്രിസഭയിൽനിന്നും മാറ്റിയില്ലെങ്കിൽ ഇവിടത്തെ ഭരണം ഇങ്ങിനെ അധഃപതിയ്ക്കയില്ലായിരുന്നു.

കരിങ്കാലികളെ ഓടിപ്പെടുത്തുക

വർഗ്ഗീയവിരുദ്ധലീഗു സെക്രട്ടറിയുടെ ഉപദേശമനുസരിച്ചുള്ള കൊതിയ്ക്കുതേ നടത്തിയിട്ടും പെരിനാട്ടെ അസ്വസ്ഥതകൾക്കു യാതൊരു ശമനവും ഉണ്ടായില്ലെന്നു മാത്രമല്ല അതു ദിനംപ്രതി വർദ്ധിച്ചുവരികയും ചെയ്തു. സാധുക്കളുടെ ആടുമാടു് കോഴി താറാവു് എന്നീ സമ്പത്തിനു ക്രമാനുഗതമായ ക്ഷയം നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരുന്നു. മുതലാളിമാരും ജന്മിമാരും കാരാ നാം ചെല്ലുന്തോറും അഹങ്കരിച്ചുതുടങ്ങുകയും ചെയ്തു എന്നായാലും ഇനിയും അടങ്ങിയിരിക്കുന്നതു ശരിയല്ലെന്നു കണ്ട ഇടതുപക്ഷ നേതാക്കന്മാർ, സകല കടിപ്പകകളും അഭിപ്രായഭിന്നതകളും ഉപേക്ഷിച്ചു ഒന്നിച്ചു ചേർന്നില്ലെങ്കിൽ അധ്വാനിക്കുന്ന മർദ്ദിതജനവിഭാഗങ്ങൾക്കു യാതൊരു രക്ഷയുമില്ലെന്നു മനസ്സിലാക്കുകയാൽ ആർ. എസ്. പി., കെ എസ്. പി, കമ്മ്യൂണിസ്റ്റു പാർട്ടി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അഞ്ചാലുംമൂട് ചന്തയിൽവച്ചു് ഒരു പരസ്യമഹായോഗംകൂടി. "കരിങ്കാലികളെ ഓടിപ്പെടുത്തുക"—"കൃഷകവർഗ്ഗംതുലയട്ടെ"—"ഭൂമി കൃഷിക്കാരനു്"—"മുതലാളിത്തം അവസാനിപ്പിക്കുക"—"വർഗ്ഗീയവാദികളെ തൂക്കിലിടുക"—"ഇടതുപക്ഷൈക്യം മുന്നണിസിന്ദാബാദ്" എന്നീ മുദ്രാവാക്യങ്ങളുടുകൂടി തൊഴിലാളികളും കർഷകരുമായ അനേകായിരംജനങ്ങളും ജാഥകളായി യോഗസ്ഥലത്തു തടിച്ചുകൂടി.


യോഗം തുടങ്ങി.

ഈ പ്രതിസന്ധിഘട്ടത്തിൽ എല്ലാ ഇടതുപക്ഷകക്ഷികളും ഓടിക്കൊട്ടായി നില്ക്കേണ്ടതിന്റെ ആവശ്യകതയെ ആവേശരഹിതനായി വിവരിച്ചുകൊണ്ടുള്ള ഒരു ദീർഘപ്രസംഗത്തോടെ തകഴിശിവശങ്കരപ്പിള്ള യോഗം ഉൽഘാടനം ചെയ്തു. തകഴിയുടെ ഉൽഘാടനപ്രസംഗം ഇങ്ങിനെ സംഗ്രഹിക്കാം:—

തകഴി

ഇന്നു ഈ പെരിനാട്ടുണ്ടായിരിക്കുന്ന സംഭ്രാന്തി ലോകം മുഴുവനും വ്യാപിച്ച കിടക്കുന്ന ഒരു ജീവന്മരണയുദ്ധത്തിന്റെ വിഭാഗം മാത്രമാകുന്നു. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ജീവരക്തം ഊറ്റിക്കുടിച്ചുകൊണ്ടു് മദിച്ചുപുളച്ചുകരിക്കുന്ന ഒരു കരാള വിഷസർപ്പമാണു് മുതലാളിത്തം. ആ മുതലാളിത്തത്തിന്റെ വിഷപ്പല്ലുകൾ പറിച്ചെറിയുവാനും, അതിനെ തച്ചുകൊല്ലുവാനുള്ള ആവേശവും പ്രയോഗവും ഉൾക്കൊള്ളുന്ന ശ്രമശാസ്ത്രീയവിശ്വാസവും ഉണ്ടാക്കുന്ന സാഹിത്യമാണു് സോഷ്യലിസ്റ്റു റീയലിസം. അത്തരം സാഹിത്യസൃഷ്ടിയ്ക്കുവേണ്ടി നാം തൂലിക ചലിപ്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അച്ചടക്കത്തിനു സാഹിത്യകാരൻ വിധേയനായിരിക്കണമെന്നു പറഞ്ഞാൽ അതു സാദ്ധ്യമല്ല. തെറ്റുകളിൽനിന്നും തെറ്റുകളിലേയ്ക്കു തലകുത്തിവീണുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയകക്ഷിയാണു് കമ്മ്യൂണിസ്റ്റു പാർട്ടി. എന്റെ 'രണ്ടിടങ്ങഴി' എന്ന ചെറു നോവൽ യഥാർത്ഥമായ സോഷ്യലിസ്റ്റു റീയലിസമാണു്. എന്നു വിചാരിച്ചു് ഞാൻ ആ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി സഖാവു് സ്റ്റാലിനെ കാണിച്ചു. അദ്ദേഹത്തിന്റെ മുന്നറിവോടെ വാങ്ങിക്കൊണ്ടല്ല പ്രസിദ്ധപ്പെടുത്തിയതു്. മാക്സിം ഗോർക്കിയുടെ അമ്മ എന്ന നോവൽ സോവിയറ്റു ഭരണം സംസ്ഥാപിതമാകുന്നതിനു മുമ്പെഴുതിയതാണു്. അന്നു റഷ്യയിൽ നിലവിലിരുന്ന സാറിസ്റ്റു മർദ്ദനഭരണത്തെയാണു് അതിൽ ചിത്രീകരിക്കുന്നതു്. നിലവിലുള്ള ഭരണത്തിനു വൈതാളികവൃത്തി സ്വീകരിപ്പാൻ യഥാർത്ഥസാഹിത്യകാരനു സാദ്ധ്യമല്ല. സ്റ്റാലിനെയും അദ്ദേഹത്തിന്റെ ഭരണത്തേയും പ്രതിഷ്ഠകൊണ്ടു ഒരൊറ്റ ഗ്രന്ഥംപോലും രചിക്കാൻ ഇന്നു റഷ്യയിൽ സാദ്ധ്യമല്ല അങ്ങിനെ എഴുതുന്നതു് പാർട്ടി അച്ചടക്കത്തിനു് എതിരാണുപോലും! സ്റ്റാലിന്റെ മീശയുടെ ഗാംഭീര്യത്തെപ്പറ്റി കവി പാടിയാൽ ഇന്നു റഷ്യയിൽ അതു സോഷ്യലിസ്റ്റു റീയലിസമാകും. മനുഷ്യികമുഖമഹത്വത്തെപ്പറ്റി പ്രശംസിയ്ക്കേണ്ട സാഹിത്യകാരനെക്കൊണ്ടു ഇന്നു റഷ്യയിൽ എന്തെന്തു വിട്ട

(നാഷനൽ പദപ്രശ്നം No 4) 225 ക. സമ്മാനം



വലത്തോട്ടു്—(1) യശശ്ശരീരനായ——ജിയെ ആരാധിക്കുന്നവരുണ്ടു് (4) ഇതു യാത്രക്കാക്കുപകരിക്കും. (5) ഇതൊരു ഓർഗ്ഗണാണു്. (7) പൊയ്യുകളിൽ കാണും.

കീഴ്പ്പോട്ടു്—(2 പരേതനായ മഹമ്മദീയ നേതാവു് (3) ഒരു സ്ത്രീനാമം (4) ഇതു മോഷ്ടിപ്പിക്കുന്നതിൽ ഭ്രമമുള്ളവരുണ്ടു് (6) തീയുള്ളിടത്തു് ഇതും കാണും.

മേൽ വെച്ചിരിക്കുന്ന ഉത്തരത്തിനനുസരിച്ചു പൂരിപ്പിക്കുന്നവർക്കു 100 ക. യും, ഒരു പിഴ വരുത്തുന്നവർക്കു 70 ക. യും, രണ്ടു പിഴ വരുത്തുന്നവർക്കു 30 ക. യും സമ്മാനം പ്രവേശനഫീസ് ഒരുത്തരത്തിനു് 8 ണ വീതം M. O ആയോ, ക്രോസ്സുചെയ്യാത്ത പോസ്റ്റൽ ഓർഡറായോ ഉത്തരത്തോടൊപ്പം 1950 ഡിസംബർ 9-നു-വരെ സ്വീകരിക്കും. 18-12-50 ലെ "കൈരളിയിൽ" ഫലം പ്രസിദ്ധപ്പെടുത്തും. പ്രത്യേക സമ്മാനം കൂടാതെ ഒരാൾക്കു് ഒന്നിലധികം സമ്മാനം ലഭിക്കുകയില്ല. സമ്മാനാർഹർ കൂടുതലായാൽ സംഖ്യ വീതിക്കപ്പെടും. M. O. രസീതും, ഫലം നേരിട്ടറിയേണ്ടവർ സ്റ്റാമ്പും ഉത്തരത്തോടൊപ്പം അയക്കണം. ആരോ, അതിലധികമോ ഉത്തരമയക്കുന്നവർക്കെല്ലാം രണ്ടേ മുപ്പ വിലയുള്ള മാരോ സാഹിത്യഗ്രന്ഥവും, ഏറ്റവും കൂടുതൽ ഉത്തരമയക്കുന്ന ആൾക്കു് 10 ക. യും, ആദ്യം കിട്ടുന്ന ശരിയുത്തരത്തിനു് 15 ക യും പ്രത്യേക സമ്മാനം

Manager, THE NATIONAL C W PUZZLE,
Manjummel, A. O & P O.

3-ാം നമ്പർ പ്രശ്നോത്തരം വലത്തോട്ടു്—1. നത്തനം 4. പുരാടം. 5 മൂശാരി 7. കടി കീഴ്പോട്ടു്—1. നഖി 2. നംപൂതിരി 3 ഘടം. 5 മുരി. 6 കടി വിജയികളുടെ ലിസ്റ്റു് പ്രശ്നത്തിൽ ചേർന്നുകൊള്ളുന്നതായിരിക്കുന്നതാണു്.

മാനേജർ

പണിയാണു ചെയ്യിക്കുന്നതു്! ലോകത്തെവിടെയുമുള്ള മനുഷ്യരെ ഒന്നായിക്കാണേണ്ട സാഹിത്യകാരനെക്കൊണ്ടു് ജർമ്മൻകാരെ കിരാതന്മാരും പിശാചുക്കളുമായി ചിത്രീകരിച്ചു് റഷ്യാക്കാരെയും ജർമ്മൻകാരെയും ജന്മശത്രുക്കളാക്കി, വെറും സങ്കുചിതമായ ദേശീയവിഷം കുത്തിവയ്ക്കുന്ന കൃതിയല്ലേ സ്റ്റാലിൻപ്രൈസ് നൽകി സോഷ്യലിസ്റ്റ് റിയലിസമായി അംഗീകരിച്ചിരിക്കുന്ന 'റെയിൻബോ' എന്ന റഷ്യൻ നോവൽ. സ്റ്റാലിനെയും അദ്ദേഹത്തിന്റെ ഗവർമ്മെണ്ടിനെയും റഷ്യൻ സാഹിത്യകാരൻ പുകഴ്ത്തണം. അതേ സമയം ഇന്ത്യൻ സാഹിത്യകാരൻ മനഃസ്വാതന്ത്ര്യമുള്ളവനായിരിക്കണം, പെണ്ണുപിടിയനായിരിക്കണം, തെമ്മാടിയായിരിക്കണം, പിന്തിരിപ്പനായിരിക്കണം, വിപ്ലവവിരോധിയായിരിക്കണം. ഇന്ത്യൻ ഗവർമ്മെണ്ടിനെ അവർ അങ്ങേയറ്റം എതിർത്തുകൊള്ളണം. ഇങ്ങിനെ അനുശാസിക്കുന്നതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അച്ചടക്കത്തിനു വിധേയനായിരിക്കാൻ സാഹിത്യകാരനു സാധ്യമല്ല. എന്നാൽ ഒരു കാര്യത്തിൽ യോജിക്കുവാൻ ഞങ്ങളും ഒരുക്കമാണു്. അദ്ധ്വാനിക്കുന്നവന്റെ ആധിപത്യത്തിനുവേണ്ടി പ്രയോഗം നൽകാൻ.

പ്രതിഷേധപ്രകടനങ്ങൾ

തകഴിയുടെ പ്രസംഗം നടന്നുകൊണ്ടിരുന്നപ്പോൾ സദസ്സിന്റെ ഒരു വിഭാഗത്തിന്നും തുടർച്ചയായ കൂക്കിവിളികളും, ഗോബാക്കുവിളികളും മറ്റും നടന്നുകൊണ്ടിരുന്നു. ഈ പ്രതിഷേധപ്രകടനങ്ങളിൽ അമർഷപൂണ്ട മറ്റൊരു വിഭാഗക്കാർ എതിർ വിപ്ലവങ്ങളും മുഴക്കിക്കൊണ്ടിരുന്നു.

പൊതുശത്രു

ഈ ബഹളങ്ങൾക്കിടയിൽ തകഴി പ്രസംഗം അവസാനിപ്പിക്കുകയും സഖാവു് കെ. എൻ. വി. കുറുപ്പു് വീരോടെ പ്ലാറ്റ്ഫാറത്തിൽ കേറുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം:—

സോഷ്യലിസ്റ്റ് റിയലിസം പ്രസംഗിക്കാൻ വലിയ പുരോഗമനക്കാരായിവന്ന തകഴിയും വേണുഗോപാലനും ബൂർഷ്വാകളെപ്പോലെ കാറിലാണു് ഇവിടെ വന്നതു്. എന്നാൽ ഞാൻ പാവയിൽനിന്നും ഏട്ടുഫർലാംഗ്ദൂരം കാൽനടയായി നടന്നു രങ്ങനകൊട്ടുള്ള ബോട്ടിൽകേറി പാമ്പ്രാണിക്കോടിയിൽ ഇറങ്ങി ഇവിടംവരെ നടന്നാണു വന്നതു്. ഇതിൽനിന്നും നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ യഥാർത്ഥ ബന്ധു ആരാണെന്നു്. കമ്മ്യൂണിസ്റ്റ് പാർട്ടി എന്തെല്ലാം തെറ്റുകൾ ചെയ്താലും അതു പാർട്ടിയുടെ വിസ്മൃതിമാണെന്നു പറയുന്നതു് വങ്കത്തമാണു്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ജനാൽ ബാഡിയാണു് കമ്മ്യൂണിസ്റ്റ് പാർട്ടി. ആ പാർട്ടിയുടെ അച്ചടക്കത്തിനു വിധേയരല്ലാത്ത സാഹിത്യകാരന്മാർ ഭൂമാന്റെ അഞ്ചാംപത്തിക്കാരാണു്. സ്റ്റാക്ക്ഹോം സമാധാനാഭ്യർത്ഥനയിൽ ഒപ്പുവയ്ക്കാത്തവർ ആംഗ്ലോ—അമേരിക്കൻ ചേരിക്കാരാണു്. അവരെ നാം കാറ്റഗറൈസ്ചെയ്തണം സോഷ്യലിസ്റ്റ് റിയലിസമെന്നു പറയുന്നതു പൊതുശത്രുവായ സാഹിത്യകാരന്റെ ഉരുക്കുകോട്ടയാണു് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിശ്വസിക്കാത്തവരും, സ്റ്റാക്ക്ഹോംപീസ് അപ്പീലിൽ ഒപ്പുവയ്ക്കാത്തവരുമായ സാഹിത്യകാരന്മാരുടെ ഐക്യമുന്നണി നമുക്കാവശ്യമില്ല അവരുടെ ഒരു സംഘാതമായിരിക്കും. പാവറക്കടപ്പുറത്തെ മീനുണ്ടുന്ന മണൽത്തരിയിൽകൂടി മീനുകൾ കോമ്പകോർത്തുതോല്പിച്ചുകൊണ്ടോടിയ സമരസന്നദ്ധരായ മുക്കുവക്കുടുംബത്തിലെന്നാരാണു് 'മാറിയകുഞ്ഞുകൾ' എന്ന എന്റെ കവിതയ്ക്കു പ്രചോദനം നൽകിയതു്. അതു് കുറച്ചന്തരം ഒരു സോഷ്യലിസ്റ്റ് റിയലിസമാണു്. തകഴിയുടെ കൃതികൾ പിന്തിരിപ്പൻ സാഹിത്യമാണു് 'രണ്ടിടങ്ങഴി' ഇതുമെങ്കിലും നന്നായതു് ശ്രീകണ്ഠൻനായർ അടുത്തുണ്ടായിരുന്നതുകൊണ്ടാണു്

"ദോണ്ടെയൊരു പൂമല—
ദേണ്ടെയൊരു തീമല—ഒഹെയ്!"

ഇങ്ങനെയിരിക്കണം സാഹിത്യം. വായിച്ചാൽ രോമകൂപങ്ങളിൽകൂടി ചോരപതച്ചുപൊങ്ങണം

പൊതുശത്രുവിനെ കണ്ടെത്തി

'സഖാവു് കുറുപ്പിന്റെ പ്രസംഗം ഇതുടം ആയപ്പോൾ ഒരു വലിയ പുരുഷാരം വടിതടി ആയുധങ്ങളുമായി കിഴക്കുനിന്നും ഓടിവരുന്ന ഒരു ആരവാരം കേട്ടുതുടങ്ങി "പൊതുശത്രുവിനെ കണ്ടെത്തി—പാമ്പ്രാണിക്കോടിയിൽ വഴിപൊതുനീർത്തിയിരിക്കുന്നു—ഒരു ബോട്ടു നിറയെ റിസർവ്പോലീസും കൊല്ലുന്നുനിന്നും എത്തിയിട്ടുണ്ടു്— ഓടിവരിൻ—സമയമായ്—സമയമായ്—" എന്നുള്ള വിളികളോടും അട്ടഹാസങ്ങളോടുംകൂടി ഉശിരുള്ള ജനങ്ങളും നേരെ പടിഞ്ഞാറോട്ടു ഓടുന്നു എല്ലാവരുംകൂടി പാമ്പ്രാണിക്കോടിയിൽ എത്തിയപ്പോൾ ഉശക്കേടായ ഒരു പെരുമ്പാമ്പു് ആ പാമ്പ്രാണി മരത്തിൽ തല കീഴായി തൂങ്ങിക്കിടക്കുന്നു കാഴ്ചയാണു് കണ്ടതു്. അവിടെയുള്ള ആട്ടുമാടുകളേയും പിഞ്ചുപൈതങ്ങളെയും വിഴുങ്ങിയ ഈ പിശാചിനെ ജീവനോടെ പിടിച്ചു ഉരുചുറ്റിപ്രക്ഷിണംവയ്ക്കണം എന്നു കൂട്ടത്തിൽ ഒരു അവിവേകി വിളിച്ചുപറഞ്ഞു നമ്മുടെ പൊതുശത്രു സാഹിത്യകാരന്മാർ എവിടെ? അവരാണു് ഇതിനു നേതൃത്വം നൽകേണ്ടതു് എന്നായി മറ്റൊരു സഖാവു്. പക്ഷെ ഇതിനിടയ്ക്കു് പൊതുശത്രു സാഹിത്യകാരന്മാരെല്ലാം പമ്പകടന്നു കഴിഞ്ഞിരുന്നു പോലീസുകാർ എന്ന ശബ്ദം കേട്ടമാത്രയിൽ സഖാവു് കെ. എൻ. വി. കുറുപ്പ് നേരെ ഓടി കായലിൽ ചാടിയെന്നും, പിന്നെ ആ വീരസാഹസികനെ കണ്ടിട്ടില്ലെന്നുമാണാറിവു് പാവം! തീമലയും പൂമലയുമായി ചോരപതപ്പിക്കുന്ന സമരസാഹിത്യം എഴുതിയിനി ആരാണു് നമ്മെ സമരങ്ങളിൽകൂടി മുന്നോറാൻ എന്നോർത്തു് അവിടെ കൂടിയിരുന്ന പെണ്ണുങ്ങളും പൊട്ടിക്കരഞ്ഞു.

———

കാളേജ്

———

[26-ാംപേജിൽനിന്നും തുടർച്ച]

ണ്ടി അവകൂട്ടിമുട്ടി അടിച്ചു. അങ്ങോട്ടുമിങ്ങോട്ടും ഇരുവശ്ശങ്ങളിലും അഭിമാനക്ഷണം ശാന്തം പാപം!!

"Election postponed, students must leave the place immediately unless the college authorities will be compelled to use police" നോട്ടീസുകൾ തൂങ്ങി. നല്ല ഒരു സംഘം വിദ്യാർത്ഥികൾ പിരിഞ്ഞുപോയി. ചില വർഗ്ഗീയ വൈതാളികന്മാരും അവരെ ചുറ്റിമാറി ചിലരും മുമ്മുനയുന്നു.

ഞങ്ങൾ മടങ്ങുമ്പോൾ പടികാത്തുനിൽക്കുന്ന കുസേപ്പു്, ശിപായിക്കുഞ്ഞാലോടു പറയുകയാണു:— "ഇതു ങ്ങക്കൊക്കെ എന്നാതെണ്ണായിട്ടാ ഇങ്ങനെ അടിച്ചു പാവണെ. വല്ല അരിയോ നെല്ലോമറോ കിട്ടാനൊള്ള കാര്യത്തിനാന്നെങ്കിപ്പിന്നെ വേണ്ടല്ലോത്തം. അതിനു ഇതുങ്ങളുകടന്നു പടവെട്ടിയെങ്കി ബാക്കിയൊള്ളോക്കുംകൂടിക്കിട്ടിയാന്നു"

"കുന്നും പറേണ്ട കുസേപ്പുമാപ്പിളേ ഇതുങ്ങക്കൊക്കെ വെശാക്കാഞ്ഞിട്ടാ, വെശക്കാഞ്ഞിട്ടു്. വെശക്കുമ്പെ എന്നാക്കുത്യാനിയാ എന്നാനായരാ!"—കുഞ്ഞൻ മറുപടി കൊടുക്കുന്നതു കേൾക്കാറായി

വർത്തമാനകാല വ്യവസ്ഥിതിയിലെ ശപ്തരായ ഭോഗുവാന്മാർ ഭ്രാന്തതത്വസംഹിതികളുടെ പിമ്പെകോമരം തുള്ളുമ്പോൾ, ജീവിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെട്ട കിടക്കുന്ന ബഹുഭൂരിപക്ഷമുള്ള തിരസ്കൃത ജീവികൾ ഭാവിയിലെ മതത്തിന്റെ തത്വസംഹിതകൾ ചികഞ്ഞു കണ്ടുപിടിക്കുന്നതായി ഞാൻ കണ്ടു.

ഭാവിപൗരന്മാരെ വാർത്തെടുക്കുന്ന ഉന്നതകലാലയത്തിലെ ഒരു ദിവസത്തെ സാമ്പാദ്യവുമായി ഞാൻ പുറത്തിറങ്ങുമ്പോൾ എന്റെ പരിചിതനും, ഒരു ബി. ഠി. വിദ്യാർത്ഥിയുമായ കട്ടിമീശത്തിൽ ദേവസ്യാ വിളിച്ചുചോദിച്ചു:— "ഇതെന്താണെടോ തന്റെ ഷർട്ടലു്; എന്താ വല്ലതും കിട്ടിയോ?

കോളേജിലെ ഞങ്ങളുടെ മാരോ ദിവസങ്ങളും ഏതാണ്ടിതുപോലൊക്കെയാണെന്നു ഒരു പക്ഷേ അധികമാരും അറിയുന്നില്ലായിരിക്കും

———

—കുടുക്ക തുടർച്ചയുണ്ടു്—

ചെറുകഥ

അമ്മ

[നിക്കൊളൈ—ടെലിഷോവിന്റെ
വിശ്രുതമായ ഒരു റഷ്യൻ ചെറുകഥ

വിവ: കെ. ബാലകൃഷ്ണൻ]

വ്ളാഡിമർ ക്ലാഡുനോവ് കിളരംകൂടി സുന്ദരനായ ഒരു യുവാവായിരുന്നു ഇരുപത്തിരണ്ടു വയസ്സു പ്രായംവരും. മിക്കവാറും ഒരു കുട്ടിയുടെ ലക്ഷണമുണ്ട്. ഇടതൂർന്നു ചുരുണ്ടു, മനോഹരമായ തലമുടിച്ചുരുളുകളോടുകൂടിയ ഒരു സുമുഖൻ. ഒരു പട്ടാള ഉദ്യോഗസ്ഥന്റെ യൂണിഫാറവും, നീണ്ട സവാരിച്ചുറുപ്പുകളും അയാൾ ധരിച്ചിരുന്നു. മേലോട്ടപ്പും തൊപ്പിയും ഉണ്ടായിരുന്നില്ല. പുതുതായി വീണ മഞ്ഞുകൊണ്ടു മൂടിയ ആ മൈതാനത്തു്, ഒരു മപ്പുള ചുവടകലെ വ്ളാഡിമറുടെ നേർക്കു് ഒരു റിവാൾവർ ചൂണ്ടിക്കൊണ്ടു വേറൊരു പട്ടാള ഉദ്യോഗസ്ഥൻ നിന്നിരുന്നു. മുഖം ചുവന്നു്, തെല്ലമർശവച്ച ഒരു ദീർഘകായൻ.

നെഞ്ഞത്തു് കൈകൾ കൂപ്പിക്കെട്ടി ഒരു കൈയിൽ ഒരു റിവാൾവർ പിടിച്ചുകൊണ്ടു് ഏതാണ്ടു് അലക്ഷ്യമായി, ക്ലാഡുനോവ് എതിരാളിയുടെ വെടി പ്രതീക്ഷിച്ചു നിന്നിരുന്നു. യുവത്വം തുളുമ്പുന്ന അവന്റെ സുന്ദരവദനം പതിവിലല്പം കൂടി വിളറിയിരുന്നെങ്കിലും, ധീരതകൊണ്ടു് പ്രകാശിച്ചു് നിന്ദാഗർഭമായ ഒരു മന്ദഹാസം അണിഞ്ഞിരുന്ന വിപൽക്കരമായ അവന്റെ സ്ഥിതിയും അവന്റെ എതിരാളിയുടെ നിഷ്കരുണമായ നിശ്ചയദാർഢ്യവും, ഒരു വശത്തു് മൂകരായി നിന്ന മൂന്നാമന്മാരുടെ ഉൽക്കടശ്രദ്ധയും, മരണത്തിന്റെ സാമീപ്യവും ആ നിമിഷത്തെ ഭയങ്കരമായി തീക്ഷ്ണവും, ഗഹനവും, ഗംഭീരവും ആയ ഒന്നാക്കിത്തീർത്തു. അഭിമാനരക്ഷ സംബന്ധിച്ച ഒരു പ്രശ്നം തീരുമാനിക്കപ്പെടേണ്ടതുണ്ടായിരുന്നു. ആ പ്രശ്നത്തിന്റെ പ്രാധാന്യം അവക്കെല്ലാം ബോദ്ധ്യപ്പെട്ടിരുന്നു. തങ്ങൾ എന്തുചെയ്യണമായിരുന്നു എന്നതിനെപ്പറ്റി ഉള്ള ബോദ്ധ്യക്കുറവിന്നാണു രൂപമായി, ആ നിമിഷത്തിന്റെ ഗാംഭീര്യം അസാധാരണമായി തോന്നി.

ഒരു വെടി പൊട്ടി. എല്ലാവരുടേയും ഉള്ളിൽകൂടി നടുക്കംപാഞ്ഞു. വ്ളാഡിമർ കൈ രണ്ടും ഒന്നു വീശി മുട്ടുമടങ്ങി വീണു. അവൻ തലയിൽകൂടി വെടിഏറ്റു, കൈകൾ പരത്തി മുടിയും മുഖവും, തലയ്ക്കു് ചുറ്റുമുണ്ടായിരുന്ന മഞ്ഞുപോലും രക്തത്തിൽ മുഴുകി മഞ്ഞിൽ വീണു. മൂന്നാമന്മാർ അവനു സമീപം ഓടിച്ചെന്നു അവനെ പൊക്കി എടുത്തു. മരിച്ചുപോയി എന്നു് ഡാക്ടർ സാക്ഷ്യപ്പെടുത്തി. ആ അഭിമാനപ്രശ്നം പരിഹരിക്കപ്പെട്ടു. പിന്നെ ശേഷിച്ചിരുന്നതു് സ്വന്തം റെജിമെന്റിനെ (പട്ടാളത്തെ) വിവരം ധരിപ്പിക്കയായിരുന്നു. മാതാവിനെയും എതൃയും മുറ്റുവായി സൂക്ഷിച്ചു് ഈ വിവരം അറിയിക്കേണമായിരുന്നു. അവർ ഇതുമൂലം ഈ ലോകത്തു് ഏകാകിനിയായി ഭവിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, കൊല്ലപ്പെട്ട ആ കുട്ടി അവരുടെ ഏകപുത്രനായിരുന്നു. ക്രിമിയൻയുദ്ധത്തിനുമുൻപു് ആരും ആ മാതാവിനെ പ്പറ്റി ഒന്നും ചിന്തിക്കുമ്പോലും ചെയ്തിരുന്നില്ല. പക്ഷെ ഇപ്പോൾ എല്ലാവരും വലിയ ചിന്താവിവശരായിത്തീർന്നു. അവക്കെല്ലാം അവളെ നല്ലപോലെ അറിയാമായിരുന്നു. അവളെ സ്നേഹിച്ചുമിരുന്നു. ഈ ഭയങ്കരവാർത്തയുടെ ഒരു സൂചന മുൻകൂട്ടി അവർക്കു് കൊടുക്കേണ്ടതുണ്ടെന്നും അവക്കു ബോദ്ധ്യംവന്നിരുന്നു. ഒടുവിൽ ആ തള്ളയോടു് വിവരം പറയാനും കഴിവുള്ളിടത്തോളം സംഗതികൾ മൂടിപ്പിടത്തമാനും ഇവാൻ ഗൊലുബെങ്കോയെ അവർ നിയോഗിച്ചു.....

* * *

പെലഗിയാ പെട്രോണാ ഉറക്കം ഉണർന്നതേയുണ്ടായിരുന്നുള്ളു. അവർ രാവിലെ ഉള്ള ചായ തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ ഇവാൻ ഗൊലുബെങ്കോ കയറി, മനോവേദനയായി മുറിയിൽ കടന്നുചെന്നു.

"ഇവാൻ ചായ കുടിക്കാനുള്ള സമയത്തുതന്നെ വന്നല്ലൊ", എന്നു് അതിഥിയെ സ്വീകരിക്കാൻ എഴുന്നേറ്റുകൊണ്ടു് ആ വൃദ്ധ സൌമ്യമായി അഭിപ്രായപ്പെട്ടു. "വ്ളാഡിമറെ കാണാൻതന്നെ ആയിരിക്കുംവന്നതു്; നിശ്ചയം."

"അല്ല, ഞാൻ—ഇതുവഴി കടന്നുപോയപ്പോൾ—" ഗൊലുബെങ്കോ കഴപ്പത്തിൽപ്പെട്ടപോലെ വിക്കിപ്പറഞ്ഞു.

"അവനു് മാപ്പുകൊടുക്കണം. അവൻ ഇപ്പോഴും ഉറക്കമാണു്. ഇന്നലെ രാത്രി മുഴുവൻ അവൻ അവന്റെ മുറിയിൽ അങ്ങോട്ടു മിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. വേലക്കാരനോടു് ഞാൻ പറഞ്ഞു, അവനെ ഉണർത്തരുതെന്നു്. അതു് ഒരു നല്ലകാര്യമായതുകൊണ്ടു്. പക്ഷെ നീ വന്നിരിക്കുന്നതു് വല്ല അടിയന്തിരകാര്യവുംഉള്ളതുകൊണ്ടായിരിക്കാം."

"അല്ല; ഇതുവഴി കടന്നുപോകുമ്പോൾ ഇങ്ങോട്ടൊന്നു കയറിഎന്നു മാത്രം—"

"അവനെ കാണണമെന്നുണ്ടെങ്കിൽ അവനെ ഉണർത്താൻ പറയാം."

"വേണ്ട, വേണ്ട. വിഷമിക്കേണ്ട."

പക്ഷെ അയാൾ ഏതോ കാര്യം പ്രമാണിച്ചു് തന്റെ മകനെ കാണാൻ വന്നിരിക്കയാണെന്നു് കരുതി പെലഗിയാ പെട്രോണാ എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു് മുറിയിൽ നിന്നുപോയി.

ഗൊലുബെങ്കോ വികാരാധീനനായി കൈതിരുമ്മിക്കൊണ്ടും ആ ഭയങ്കരവാർത്ത അവളോടു് എങ്ങനെ പറയേണ്ടു എന്നറിയാതെയും അങ്ങോട്ടുമിങ്ങോട്ടും നടന്നു. കുറെ തീരുമാനിക്കേണ്ട സമയം വേഗത്തിൽ അടുത്തുകൊണ്ടിരുന്നു. ഏറെനേരം അയാൾ ആത്മനിയന്ത്രണം നഷ്ടപ്പെട്ടു് പരിഭ്രാന്തനായി, തന്നെ ഈ സംഗതിയുമായി ഇട്ടു കഴച്ച വിധിയെ ശപിച്ചു.

"ഇതാ! നിങ്ങൾ പെരുപ്പുക്കാരെ ഒരാൾ ഇങ്ങനെ വിശ്വസിക്കാമോണ്ടു്!" എന്നു് സന്ദേഹാവസ്ഥയിൽ ആ സന്ദർശകനോടു് പറഞ്ഞുകൊണ്ടു് പെലഗിയാപെട്രോണാ മുറിയിൽവന്നു. "കപ്പം സാസറുംകൊണ്ടുപോലും ഒരു ശബ്ദവും കേൾപ്പിക്കാതിരിക്കാൻ ഞാൻ ശ്രമിക്കയും, എന്റെ കുട്ടിയായ ഉണ്ണിത്തമ്പുരാനോടു് ഞാൻ ഇവിടെ പാടുകയും ചെയ്തു. പക്ഷെ, അവൻ വളരെ മുൻപേതന്നെ ഒരു ലക്ഷ്യംപോലും ശേഷിപ്പിക്കാതെ ഇവിടെനിന്നും പോയിക്കഴിഞ്ഞിരിക്കുന്നു. എന്താണു് നീ ഇരിക്കാത്തതു്? ഒരുകപ്പു് ചായ കഴിക്കു. ഇതയിടെ നീ ഞങ്ങളെ നിശ്ശേഷം മറന്നുകളഞ്ഞിരിക്കയാണു്."

ഒരു രഹസ്യസന്തോഷം കൊണ്ടെന്നപോലെ അവൾ മന്ദഹസിച്ചു. പതിഞ്ഞസ്വരത്തിൽ അവൾ പറഞ്ഞു:—"ഇതിനിടയിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളവും പലതും നടന്നു. വ്ളാഡിമർക്കു് അതു് രഹസ്യമാക്കിവയ്ക്കാൻ കഴിഞ്ഞില്ല. ഇതിനകം അതിനെപ്പറ്റി സകലതും അവൻ നിങ്ങളോടു് പറഞ്ഞിരിക്കും. വളരെ ബുദ്ധിയും, തുറന്ന ഹൃദയമുള്ളവനുമാണു് എന്റെ വ്ളാഡിമർ. കഴിഞ്ഞ രാത്രി ഞാൻ വിചാരിക്കുകയായിരുന്നു—എന്തൊരാശ്ചര്യം വിചാരം—ശരി, എന്റെ വ്ളാഡിമർ രാത്രി മുഴുവൻ മുറി അളക്കുമ്പോൾ അതിന്റെ അർത്ഥം അവൻ ലീനോഷ്കയെ സ്വപ്നം കാണുകയാണെന്നാണു്. അതാണു് എപ്പോഴും അവന്റെ പ്രകൃതം. രാത്രി മുഴുവൻ മുറിയിൽ അങ്ങനെ നടന്നുകൊണ്ടിരുന്നാൽ പിറ്റേന്നു് അവൻ ഇവിടം വിട്ടു. ഹാ, ഇവൻ! എന്റെ വയസ്സുകാലത്തു് ഞാൻ കർത്താവിനോടു് പ്രാർത്ഥിക്കുന്നതു് ഈ ഒരാനന്ദം മാത്രമാണു്. ഒരു വൃദ്ധയ്ക്കു് ഇതിലധികം എന്തുവേണം? എനിക്കു് ഒരൊറ്റ ആഗ്രഹം, ഒരൊറ്റ ആനന്ദം മാത്രമെ ഉള്ളു. വ്ളാഡിമറും, ലീനോഷ്കയും വിവാഹം കഴിച്ചാൽ പിന്നെ യതൊന്നും എനിക്കു് പ്രാർത്ഥിക്കാനില്ലെന്നു് തോന്നിപ്പോകുന്നു. എനിക്കു് അതു വലിയ സന്തോഷവും, സൌഭാഗ്യവും ആയിരിക്കും അതു്. എനിക്കു് എന്റെ വ്ളാഡിമറെ ഒഴിച്ചു് യതൊന്നും ആവശ്യമില്ല. അവന്റെ സൌഭാഗ്യത്തെക്കാൾ പ്രിയപ്പെട്ട മറ്റൊന്നും എനിക്കു ഇല്ല."

കണ്ണിൽവന്ന കണ്ണീർ തുടച്ചുകളയത്തക്കവണ്ണം

—കഥയുടെ ബാക്കി അടുത്തതിൽ—

അ വൃദ്ധ വികാരവിവശയായി ചമഞ്ഞിരുന്നു.

"നിങ്ങൾക്കോർമ്മയുണ്ടോ?" അവൾ തുടർന്നു: "ആ ദിവസം അവർ തമ്മിലുള്ള അസുഖംകൊണ്ടോ, പണത്തിന്റെ കാര്യംകൊണ്ടോ എന്തോ, സംഗതികൾ ശ്രമമില്ലായിരുന്ന നിങ്ങൾ പെരുപ്പക്കാരായ ഉദ്യോഗസ്ഥന്മാരെ, പണം നിക്ഷേപിക്കാതെകണ്ടു് കല്യാണം കഴിക്കാൻപോലും അവരിക്കാറില്ലല്ലോ പക്ഷെ ഇപ്പോൾ എല്ലാറ്റിനും ഏർപ്പാടായിക്കഴിഞ്ഞിരിക്കുന്നു. ഇതിലേക്കു വേണ്ട അയ്യായിരം രൂപയും ഞാൻ വ്ളാഡിമർക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നു. വേണമെങ്കിൽ നാളെത്തന്നെ അവർക്കു കല്യാണംനടത്താം! "അതേ! ലിനോഷ്ക്കാ എന്തൊരു നല്ല എഴുത്തു് എനിക്കെഴുതിയിരിക്കുന്നോ? എന്റെ ഹൃദയം കിടന്നാഹ്ലാദിക്കയാണു്."

സംസാരം തുടർന്നുകൊണ്ടു്. പെലഗിയപ്പൊപ്പോണോ പോക്കറിൽ നിന്നൊരു കത്തെടുത്തു ഗൊലുബെങ്കോയെ കാട്ടിയശേഷം, വീണ്ടും അതു പോക്കറിലിട്ടു.

"അവൾ എന്തൊരു സ്നേഹമുള്ള പെണ്ണാണെന്നോ? വളരെ നല്ലവളാണു്!"

അവളുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്ന ഇവാൻ ഗൊലുബെങ്കോ കൽക്കരിക്കനലിലെന്നപോലെ ഇരുന്നു. അവളുടെ വാഗ്പ്രവാഹം തടഞ്ഞു, സകലതും തുലഞ്ഞെന്നും, അവളുടെ വ്ളാഡിമർ മരിച്ചു എന്നും, ഒരു കൊച്ചുമണിക്കൂറിനുള്ളിൽ അവളുടെ പ്രസാദം നിറഞ്ഞ ആശകളിൽ യാതൊന്നും അവശേഷിക്കയില്ലെന്നും പറയാൻ അയാൾക്കു തോന്നി. എങ്കിലും അയാൾ അവൾ പറയുന്നതു് കേട്ടു്, നിശ്ശബ്ദനായിരുന്നതേയുള്ളു. അവളുടെ സൗമ്യമായ ആ നല്ല മുഖത്തു് നോക്കുമ്പോൾ, അയാൾക്കു തൊണ്ടയിൽ എന്തോ വന്നു തടയുംപോലെ തോന്നി.

"പക്ഷേ, എന്താണു് നീ ഇന്നു് ഇങ്ങനെ മൗനമായിരിക്കുന്നതു്?" ആ വൃദ്ധ ഒടുവിൽ ചോദിച്ചു. "നിന്റെ മുഖം രാത്രിപോലെ ഇരുണ്ടിരിക്കുന്നല്ലൊ. എന്തു കാര്യം?"

ഇവാനു്, "അതേ! ഞാൻ പറഞ്ഞാൽ നിങ്ങളുടെ മുഖവും അതുപോലാകും!" എന്നു് പറയാൻ തോന്നി. പക്ഷേ, അവളോടു് എന്തെങ്കിലും പറയുന്നതിനു പകരം, അയാൾ മുഖം തിരിച്ചു്, മേൽമീശ പിരിച്ചുതുടങ്ങി.

പെലഗിയാ പെട്രോണാ അതു് കണ്ടില്ല. സ്വന്തം ചിന്തകളിൽ നിശ്ലേഷം നിമഗ്നയായി അവൾ തുടർന്നു:—

"ഒരു സന്തോഷവർത്തമാനം ഉണ്ടു്. ലിനോഷ്ക്കാ എഴുതുന്നു, ഞാൻ ഇവാൻ ഇവാനൊവിച്ചിനോടു്, നിന്നോടു് അവളുടെ സ്നേഹപൂരസ്സരമായ കുശലാന്വേഷണങ്ങൾ പറയണമെന്നും, വ്ളാഡിമറെന്നിച്ചു് ചെന്നു് അവളെ നീ കാണണമെന്നും. അവൾ നിന്നെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു് നിനക്കു തന്നെ അറിയാമല്ലൊ, ഇവാനൊ ഇവാനൊവിച്ചു്! ഇല്ല, അതു് ഞാൻ തനിച്ചു് കണ്ടാൽ പോരെന്നു തോന്നുന്നു; ആ എഴുത്തു് ഞാൻ നിന്നെ കാണിക്കേണ്ടിയിരിക്കുന്നു. നീ തന്നെ നോക്കൂ, എത്ര സ്നേഹപൂർണ്ണവും മധുരവുമാണതെന്നു്."

പെലഗിയപ്പൊപ്പോണോ പാക്കറ്റിൽനിന്നു ഒരു കെട്ടു് എഴുത്തെടുത്തു അതിൽനിന്നു്, അടുപ്പിച്ചെഴുതിയിരുന്ന ഒരു നേരിയ കടലാസ് എടുത്തു് അതു് അയാളുടെ മുൻപിൽ പിരുത്തുപിടിച്ചു. അയാളുടെ മുഖം പൂർവ്വാധികം മ്ലാനമായി. വച്ചുനീട്ടിയ ആ എഴുത്തു് വാങ്ങാതിരിക്കാൻ അയാൾ ശ്രമിച്ചു പക്ഷെ പെലഗിയാ അതു് വായനതുടങ്ങിക്കഴിഞ്ഞിരുന്നു—. "പ്രിയപ്പെട്ട പെലഗിയാപെട്രോണാ—നിങ്ങളെ ഇതുപോലെ അല്ലാതെ എന്റെ പ്രിയപ്പെട്ട, വാത്സല്യനിധിയായ അമ്മേ! എന്നു് സംബോധന ചെയ്യാൻ എനിക്കു് സാധ്യമാകുന്ന കാലം എന്നു വരും? ആ കാലം ഉൽക്കണ്ഠയോടെ ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്പോൾതന്നെ അമ്മ എന്നല്ലാതെ നിങ്ങളെ വിളിക്കാൻ ഞാൻ കൊതിക്കാത്തവിധം അതു് വേഗം സമാഗതമാകുമെന്നു് ഞാൻ വിശ്വസിക്കുന്നു—"

പെലഗിയാപെട്രോണാ തല ഉയർത്തി നനഞ്ഞ കണ്ണുകൾകൊണ്ടു് ഗൊലുബെങ്കോയെ നോക്കി. "കണ്ടോ, ഇവാൻ ഇവാനോവിച്ചു്!" എന്നു് അവൾ പറഞ്ഞു. പക്ഷെ ഗ്രൊലുബെങ്കോ മേൽമീശ കടിച്ചുകൊണ്ടിരുന്നെന്നും, അയാളുടെ കണ്ണുകളും നനഞ്ഞിരിക്കുന്നു എന്നുംകണ്ടു് അവൾ എഴുന്നേറ്റു വിറയ്ക്കുന്ന ഒരു കരം അയാളുടെ മുടിയിൽവച്ചുകൊണ്ടു് ശാന്തമായി അയാളുടെ നെറ്റിപിടിച്ചു് ചുംബിച്ചു. വലിയ ആത്മസ്തോഭത്തോടുകൂടി അവൾ മന്ത്രിച്ചു:— "വളരെ ഉപകാരം ഇവാൻ ഇവാനൊവിച്ചു്! നീയും, വ്ളാഡിമറും സാധാരണ സ്നേഹിതന്മാരല്ല, സഹോദരന്മാർതന്നെന്നു് എനിക്കു എപ്പോഴും തോന്നിയിട്ടുണ്ടു്. എനിക്കു ദൈവകൃപകൊണ്ടു് എന്തൊരു വലിയ പരമാനന്ദം ആണെന്നൊ!"

അവളുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണീർ ഒഴുകി ഇവാൻ ഗൊലുബെങ്കോ വല്ലാതെ കഴങ്ങി, അസ്വസ്ഥനായിപ്പോയി അവനും അവളുടെ തണുത്തു് അസ്ഥിമാത്രമായ കൈപിടിച്ചു് അതിനെ ചുംബനംകൊണ്ടു് മൂടുന്നതിനു് മാത്രമെ കഴിവുണ്ടായുള്ളൂ. കണ്ണീർ അവനെ ശ്വാസംമുട്ടിച്ചു. ഒറ്റവാക്കു് ഉച്ചരിക്കുവാൻ അവനു് കഴിവുണ്ടായില്ല എങ്കിലും മാതൃസ്നേഹം ഇങ്ങനെ പൊട്ടിപ്പുറപ്പെടുന്നതുകണ്ടു്, തലയിൽക്കൂടി വെടിയേറ്റ് ആ പടനിലത്തു് താൻ കിടക്കുകയായിരുന്നു, സത്യം മുഴുവനും അരമണിക്കൂറിനുള്ളിൽ അറിയുമെന്നുള്ള ഈ സ്ത്രീ അവളുടെ പുത്രനോടു തനിക്കുണ്ടായിരുന്ന സ്നേഹത്തെ പ്രശംസിച്ചു്, താൻ തന്നെ കേൾക്കുകയേക്കാൾ ഭേദമെന്നു് അവനു് അതിയങ്കുരമായി സ്വയം കുറഞ്ഞുപോകുവാൻ തോന്നി. അപ്പോൾ അവൾ തന്നെപ്പറ്റി എന്തു വിചാരിക്കും? സ്നേഹിതനും സഹോദരതുല്യനുമായ താൻ ഒരു കൈത്തോക്കു് വ്ളാഡിമറുടെ നേർക്കു് പൊങ്ങപ്പെട്ടപ്പോൾ ശാന്തമായി നോക്കിനിന്നില്ലേ? ഈ സഹോദരൻ തന്നെയല്ലേ, രണ്ടു് പ്രതിദ്വന്ദ്വികൾ തമ്മിലുള്ള അകലം അളന്നു് തിട്ടപ്പെടുത്തിയതും, കൈത്തോക്കുകൾ നിറച്ചതും? ഇതെല്ലാം താൻ തന്നെചെയ്തു, അറിഞ്ഞുകൊണ്ടു ചെയ്തു. ഇപ്പോൾ ഈ സ്നേഹിതനും സഹോദരനും തന്റെ കൃത്യം നിർവ്വഹിക്കാൻ ധൈര്യംപോലുമില്ലാതെ നിശ്ശബ്ദനായി അവിടെ ഇരിക്കുന്നു.

അവൻ ഭയപ്പെട്ടു. ആ നിമിഷത്തിൽ അവനു് അവനെപ്പറ്റിത്തന്നെ അവജ്ഞതോന്നി. എങ്കിലും ഒറ്റവാക്കുപോലും പറയാൻ ഏതുശ്രമിച്ചിട്ടും സാദ്ധ്യമായില്ല അവന്റെ ആത്മാവു് അനന്യഭൂതമായ കരുണാശ്രുതിമൂലം പീഡിപ്പിക്കപ്പെട്ടു. അവന്റെ ഹൃദയം വേദനപ്പെട്ടു് ശ്വാസംമുട്ടുംപോലെ തോന്നി. ഇതിനിടയിൽ സമയം പറന്നുകൊണ്ടിരുന്നു. അവൻ അതറിഞ്ഞതറിയുംതോറും പെലഗിയാ പെട്രോണായുടെ സൗഭാഗ്യപൂർണ്ണമായ ഏതാനും അവസാന നിമിഷങ്ങൾ അവസാനിപ്പിക്കാനുള്ള ധീരത അവനന്യായീകരിച്ചതു് കുറഞ്ഞുവന്നു. എന്താണു് അവൻ അവളോടു പറയേണ്ടതു്? എങ്ങനെയാണു് ആ വിവരം കേൾപ്പിക്കാൻ അവളെ അവൻ സന്നദ്ധയാക്കേണ്ടതു്? ഇവാൻഗൊലുബെങ്കോയുടെ ബോധം നിശ്ലേഷമശിച്ചു

തന്റെ ചിന്തകളിൽ സകല ഭേദചിന്തകളെയും, സകല കലഹങ്ങളേയും, ഏതു വിധമായ ധീരകൃത്യത്തേയും അഭിമാനരക്ഷാപ്രശ്നമെന്നു് പറയുന്ന സകലതിനേയും ശപിക്കുന്നതിനു് വേണ്ട സമയം ഇതിനിടയിൽ അവനു് സിദ്ധിച്ചിരുന്നു. ഒടുവിൽ അവൻ എല്ലാം ഏറ്റു പറയുന്നതിനും അവിടെനിന്നു കൂടി രക്ഷപ്പെടുന്നതിനും സന്നദ്ധനായി ഇരിപ്പിടത്തിൽനിന്നു് എഴുന്നേറ്റു നിശ്ശബ്ദമായും, വേഗത്തിലും അവൻ പെലഗിയപ്പൊപ്പോണോയുടെ കൈപിടിച്ചു് ചുംബിക്കാനായിക്കുനിഞ്ഞു്, അങ്ങനെ മുഖം മറച്ചു് നിന്നു. പെരുമഴപോലെ കണ്ണീർ പൊട്ടിത്തന്നു് അവന്റെ മുഖത്തുകൂടി ഒഴുകി വീണു. വികാരാവേശത്തോടെ മറ്റൊരു ചിന്തകൂടാതെ അവൻ ഇടനാഴിയിലേക്കു് പാഞ്ഞു്, അവന്റെ പൂർണ്ണ കൃപായം വലിച്ചെടുത്തു്, ഒരു വാക്കുപോലും പറയാതെ വീട്ടിനു വെളിയിൽ കടന്നു

പെലഗിയപ്പൊപ്പോണോ ആശ്ചര്യപൂർവ്വം അവന്റെ പിറകെ നോക്കിക്കൊണ്ടു് നിന്നു. അവൾ ചിന്തിച്ചു:— "പാവപ്പെട്ട കുട്ടി! അവനും പ്രേമഭാജനമായിരിക്കണം. അതെ! ഇതുണ്ടു് സൗഭാഗ്യത്തിനു് മുൻപുള്ള അവന്റെ കൊടുംദുഃഖം!"

അതേവും, പൂർണ്ണവുമെന്നു് അവൾക്കു് തോന്നിയ അവളുടെ സൗഭാഗ്യസ്വപ്നങ്ങളിൽ ലയിച്ചു് അവൾ അവനെ വേഗംതന്നെ വിസ്മരിച്ചു.

———

—കഴുതി ഉപന്യാസം—

"സ്വാതന്ത്ര്യ നരകം"



കമ്യൂണിസ്റ്റ് ഉമ്മാക്കികാട്ടി ഇൻഡ്യാ ഗവമ്മെൻറ നടത്തുന്ന നരവേട്ട

"കഴിഞ്ഞ ഒക്ടോബർ വിപ്ലവത്തിന്റെ 33-ാമത്തു വർഷികദിനത്തിൽ ഇൻഡ്യയിലെ ഗവമ്മെൻറിന്റേയും ജനങ്ങളുടേയും ഭാവുകാശംസകൾ" അറിയിച്ചുകൊണ്ടും, "ഇൻഡ്യയും സോവിയറു യൂണിയനും തമ്മിലുള്ള സൌഹൃദം ലോകസമാധാനത്തിന്ന് സഹായകമായിത്തീരുമെന്നു" വിശ്വാസം രേഖപ്പെടുത്തിക്കൊണ്ടും "യു. എസ്സ്. എസ്സ്. ആറിലെ മന്ത്രിസഭയുടെ ചെയർമാനായ ഹിസ് എക്സലൻസി ജനറാലിസിമോ സ്റ്റാലിന്ന് ഇൻഡ്യൻ പ്രധാനമന്ത്രി ഒരു ആശംസാസന്ദേശമയയ്ക്കുകയുണ്ടായി.

ഇതുപോലെയുള്ള സന്ദേശങ്ങൾ ഇൻഡ്യയുടെ സ്വാതന്ത്ര്യദിനത്തിൽ സ്റ്റാലിനിൽനിന്നും നെഹ്റുവിനും ലഭിച്ചിരുന്നു.

ഇങ്ങനെയുള്ള സന്ദേശങ്ങൾക്ക വല്ല അർത്ഥവുമുണ്ടോ? അഥവാ ആത്മാർത്ഥതയില്ലാത്ത വഞ്ചന നിറഞ്ഞ രാജ്യതന്ത്രത്തിന്റെ മറ്റൊരു ഉദാഹരണം മാത്രമാണോ?

സൌഹാർദ്ദത്തിന്റെ രൂപം

"ഇൻഡ്യയിലെ ഗവമ്മെൻറിനേയും ജനങ്ങളുടേയും ഹൃദയപൂർവ്വകമായ അഭിനന്ദനാശംസകളിൽ" ആത്മാർത്ഥതയുടെ തരിമ്പുപോലുമുണ്ടെങ്കിൽ, ഏറ്റവും സമുന്നതരായ സോവിയറു പൌരന്മാർപോലും ഇവിടെ എന്തുകൊണ്ട് സ്വാർഗതാർഹരല്ലാതായിത്തീരുന്നു? പുരോഗമന സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന സമുന്നതരായ ചില സോവിയറു കലാകാരന്മാർക്ക്, രണ്ടു മൂന്നു മാസങ്ങൾക്കുമുമ്പ് ഇൻഡ്യയിൽ വരുവാനുള്ള അനുവാദം നിഷേധിച്ച ഒരു ഗവമ്മെൻറിന്റെ പേരിൽ നമ്മുടെ പ്രധാനമന്ത്രി അയച്ചിരിക്കുന്ന ഈ സന്ദേശത്തിന്ന് എന്തെങ്കിലും വിലയുണ്ടോ?

ഇൻഡ്യാക്കാർ സോവിയറു യൂണിയനിലേക്ക് പോകുന്നതിനെയും, സോവിയറുപൌരന്മാർ ഇൻഡ്യയിലേക്ക വരുന്നതിനെയും തടയുവാൻ ഇൻഡ്യാഗവമ്മെൻറ് പരമാവധി പരിശ്രമിക്കുന്നുണ്ടെന്ന് ഏവർക്കും അറിവുള്ളപ്പോൾ ഇൻഡോ-സോവിയറു സൌഹൃദത്തെയും സൌഹാർദ്ദത്തെയുംപറ്റി പറയുന്നതിൽ വല്ല കഴമ്പുമുണ്ടോ? രണ്ടു വർഷങ്ങൾക്കുമുമ്പ് എനിക്ക് സോവിയറു യൂണിയൻ സന്ദർശിക്കുന്നതിനുള്ള ഒരു അവസരം നഷ്ടപ്പെട്ടതിനെപ്പറ്റി ടഷ്കെൻറിൽവച്ച് പേർഷ്യൻ കവിയായ ആലിഷെർ നോവായിയുടെ ശതവാർഷികത്തിൽ പങ്കെടുക്കുവാനുള്ള നിരുപദ്രവകരമായ ഉദ്ദേശമാണ് എനിക്കണ്ടായിരുന്നത്. പക്ഷേ റഷ്യയിൽ പോകുവാൻ എന്നെ ബാംബെഗവമ്മെൻറ അനുവദിച്ചില്ല. വളരെ മദ്ധ്യമക്കാരായ അനേകം ശതം ഇൻഡ്യാക്കാരുടെ പാസ്സ് പോർട്ടുകളിൽ ഈ പുണ്യശ്ലോകം എഴുതിയിട്ടുണ്ട്. "യു. എസ്സ്. എസ്സ്. ആറിലേക്ക് പോകുവാൻ ഉപയോഗിക്കാവുന്നതല്ല" വളരെ സൌഹാർദ്ദപരമായ ഒരു വിലക്ക്!

(കെ ഏ. അബ്ബാസ്)

സോവിയറു യൂണിയനെ മറ്റു രാജ്യങ്ങളിൽ നിന്നും ഒളിച്ചുവച്ചിരിക്കുന്ന ഇരുമ്പു തിരശ്ശീലയെപ്പറ്റിയുള്ള വിവരണങ്ങൾ നാം പലപ്പോഴും കേൾക്കാറുണ്ട്. സോവിയറു യൂണിയനിൽ നിന്നും സന്ദർശകരെ ചിറകെട്ടി നിറുത്തുന്ന നമ്മുടെ സ്വന്തം ഗവമ്മെൻറിനേറതായ ഈ തിരശ്ശീലയെപ്പറ്റി എന്തു പറയുന്നു?

"കാർഡ്ബോർഡ് കർട്ടൻ"

ഒരു ശണ്ഠകൂട്ടുവാൻ രണ്ടുപേരെങ്കിലും ഉണ്ടായേ മതിയാവൂ—അതുപോലെ ഇരുമ്പുതിരശ്ശീലയ്ക്കും! സോവിയറുയൂണിയനും പലപ്പോഴും ഇത്തരം മൈത്രിശ്രമങ്ങൾ കാണിക്കാറുണ്ട്. സോവിയറുയൂണിയനിൽ പോകുവാൻ ഒരു ഇൻഡ്യാക്കാരൻ പാസ്സ്പോർട്ട് വാങ്ങുകയെന്നുള്ളതു് ഏറ്റവും അസാദ്ധ്യമായ ഒരു ഭഗീരഥപ്രയത്നമാണ്. പക്ഷേ ഇൻഡ്യാ ഗവമ്മെൻറിന്റെ അനുവാദം കിട്ടിയാലും സോവിയറു ഗവമ്മെൻറ് അവിടെ പ്രവേശിക്കുവാൻ അനുവദിക്കുമോ എന്നു് ആരു കണ്ടു? ചില സോവിയറു സുഹൃത്തുക്കളുടെ അവരുടെ സ്വപ്നസാമ്രാജ്യം സന്ദർശിക്കുവാൻ അനുവദിക്കാതിരുന്നിട്ടുള്ള ചില സന്ദർഭങ്ങളുണ്ട്. അവരിൽ പലരും യുക്രായ്യും പരസുമക്കാരെയിരുന്നിട്ടുണ്ട്. ഇവരിടെ പ്രമുഖരായ രണ്ടു ഇൻഡ്യൻ സോഷ്യലിസ്റ്റുകാർക്ക്—മിസിസ്സ് ആസഫ് അലിക്കും മി. ജെ. നാരായണനും അനുവാദം നിഷേധിക്കപ്പെട്ടിട്ടുണ്ട് സോവിയറു അനുഭാവത്തിന്റെ പേരിലാണ് അവർ സോഷ്യലിസ്റ്റുപാർട്ടിയിൽനിന്നും പിരിഞ്ഞുപോയതു്. സോവിയറുയൂണിയൻ സന്ദർശിക്കുവാൻ അവർ വളരെ മോഹിച്ചിരിക്കുകയായിരുന്നു. മോസ്കോയിലെ ഇൻഡ്യൻ പ്രതിപുരുഷമന്ത്രിയുടെ അതിഥിയെന്ന നിലയിൽ കുറച്ചു ദിവസത്തേയ്ക്കു് റഷ്യ സന്ദർശിക്കുന്നതിന് മിസിസ്സ് അരുണയ്ക്കു സാധിച്ചു. പക്ഷേ മി. നാരായണനാകട്ടെ, സോഷ്യലിസ്റ്റ് പിതൃരാജ്യത്തിന്റെ കാറുപേക്ഷിച്ചു് ഏതിനുമെതിരിച്ചുപോരേണ്ടിവന്നു.

സോവിയറു സാഹിത്യകാരന്മാർക്ക് ഇൻഡ്യാഗവമ്മെൻറ് അനുവാദം നിഷേധിച്ചതിനു് "പ്രതീകാര"മായിട്ടാണ് സോവിയറു ഗവൺമെൻറ് ഇങ്ങനെ ചെയ്തതെന്നു് പറയപ്പെടുന്നു. ആ വാർത്ത ശരിയാണെങ്കിൽ, അതു തികച്ചും പരിതാപകരംതന്നെ ഇൻഡ്യാഗവൺമെൻറിന്റെ നടപടി ബുദ്ധിമുട്ടുണ്ടാക്കുന്നു മാത്രമല്ല ഗ്രൂപ്പ് സാവഹവുമാണ്. പക്ഷേ അതു സോവിയറു യൂണിയന്റെ "പ്രതീകാരമത്ത" സാധൂകരിക്കുന്നില്ല. എന്തെന്നാൽ ഇൻഡ്യാഗവമ്മെൻറ്—വിശിഷ്യ അതിനുള്ളിലുള്ള സോവിയറു വൈരികൾ— മിസ്സിസ്സ് അരുണയ്ക്കും നാരായണനും സോവിയറുയൂണിയൻ സന്ദർശിക്കുവാൻസാധിക്കാത്തതിൽ ആഹ്ലാദിക്കുകയേയുള്ളു വാസ്തവംപറഞ്ഞാൽ ഇൻഡ്യയിലെ ബുദ്ധിജീവികളും വാമപക്ഷീയരും സോവിയറുയൂണിയൻ സന്ദർശിക്കുന്നതു് അവർക്ക് തൃപ്തിയില്ല "കഴുപ്പക്കാരായ" രണ്ടു വാമപക്ഷീയരെ അകത്തുകയറുവാൻ അനുവദിക്കാതിരിക്കുമ്പോൾ സോവിയറു ഗവമ്മെൻറ് വാസ്തവത്തിൽ ഇൻഡ്യാഗവമ്മെൻറിനെ സഹായിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഒരു പക്ഷേ സന്ദർശനത്തിനുശേഷം സോവിയറുരീതിയുടെ ഉറ്റ ബന്ധുക്കളായിത്തീരുമായിരുന്നു അവർ തിരിച്ചു വരിക.

മധുരമുള്ള പദങ്ങളിൽ പൊതിഞ്ഞ കമ്പി സന്ദേശങ്ങൾ രണകക്ഷത്തിനും അന്യോന്യം കൈമാറുന്നതുകൊണ്ട് സാർവ്വലൌകിക സൌഹൃദവും സന്മനോഭാവവും സംജാതമാകുകയില്ല, ഇൻഡ്യയും സോവിയറുയൂണിയനും തമ്മിൽ സൌഹാർദ്ദം പുലർത്തണമെന്നുണ്ടെങ്കിൽ, ഇൻഡ്യയിലെയും, സോവിയറുയൂണിയനിലേയും പൌരന്മാർക്ക് അന്യോന്യം കാണുന്നതിനും സൌഹാർദ്ദബന്ധത്തിലേർപ്പെടുന്നതിനും കൂടുതൽ കൂടുതൽ സൌകര്യങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. ഗവമ്മെൻറ ഉദ്യോഗസ്ഥന്മാർ നിർമ്മിക്കുന്ന പാസ്സ്പോർട്ടുകളുടേയും അനുവാദ

ങ്ങളുടേയും ഈ കടലാസ്സുകോട്ടകൾ തുടച്ചുമാറ്റണം, സോവിയറ്റുയൂണിയനും ഇൻഡ്യയും ഇക്കാര്യത്തിൽ കൂറാക്കാരാണെന്നുള്ളതിൽ സംശയമില്ല.

നെഹ്റു ഇതറിയുന്നുണ്ടോ?

സോവിയറ്റു സാഹിത്യകാരന്മാരെ ഇൻഡ്യ സന്ദർശിക്കുവാൻ അനുവദിച്ചിരുന്നുവെന്നിരിക്കട്ടെ; ആകാശ ഇടിഞ്ഞുപോകുമായിരുന്നോ? ഈ "ചുവപ്പ്" സാഹിത്യകാരന്മാർ ഒരു അണിയറവിപ്ലവം നടത്തി ഇൻഡ്യാഗവണ്മെന്റിനെ തകിടം മറിക്കുമായിരുന്നോ? അവർ സ്യൂട്ട്കേസുകൾക്കുള്ളിൽവച്ച രഹസ്യമായി വെടിയായുധങ്ങൾ കടത്തി തെലുങ്കാനയിലെ കമ്യൂണിസ്റ്റുകാർക്ക് സമ്മാനിക്കുമായിരുന്നോ?

അതുപോലെതന്നെ, രണ്ടു സോഷ്യലിസ്റ്റുകൾ—അവർ സോവിയറ്റു ഭരണത്തിന്റെ വൈരികളായിരുന്നാൽപോലും—പക്ഷേ ഇവർ രണ്ടുപേരും അങ്ങനെയല്ല—റഷ്യ സന്ദർശിച്ചാൽ എങ്ങനെയാണ് ആ രാജ്യത്തിന്റെ ഭദ്രത ഭഞ്ജിക്കപ്പെടുമായിരുന്നത്?

ഇന്ത്യാഗവണ്മെന്റിനെ ഇത്തരത്തിലുള്ള മുടിച്ച ഉദ്യോഗസ്ഥ ഉഷ്പ്രഭത്വം ഭരണത്തിന്റെ തലത്തട്ടിൽ നിന്നുള്ള പ്രതിഫലനമാണോ എന്നു, എനിക്കു സംശയമുണ്ട് ഉദാഹരണത്തിനു്, കഴിഞ്ഞയാഴ്ച ഇൻഡ്യയിൽ വന്ന വ്രൂതനായ ചിലിയിലെ മഹാകവി പബ്ലോ നെരൂദയുടെ മേൽ അടിച്ചേല്പിക്കപ്പെട്ട നീചവും ആക്ഷേപാർഹവുമായ വ്യവസ്ഥകളെപ്പറ്റി പ്രധാനമന്ത്രി നെഹ്റു അറിഞ്ഞിരുന്നോ? ആ നടപടികൾ ശരിയായ്ക്കുകയുണ്ടായോ?

"ആക്ഷേപാർഹം"—അദ്ദേഹത്തിനല്ല, നമുക്ക്, ഇൻഡ്യക്കാർക്ക്; അതിഥികൾക്കാരെ മര്യാദയിൽ അഭിമാനം കൊള്ളുന്ന നമുക്ക്. ഈ മഹാകവിക്ക്, ഇന്നു ജീവിച്ചിരിപ്പുള്ള വിശ്വമഹാകവികളിൽ ഒരാൾക്ക്, അദ്ദേഹം കമ്മ്യൂണിസ്റ്റായിരുന്നാൽപോലും ഇൻഡ്യയിൽ പത്തു ദിവസം താമസിക്കുന്നതിനുള്ള അനുവാദം മാത്രമെ നൽകിയുള്ളുവെന്നതു കൂടാതെ, അദ്ദേഹത്തിന്റെ മേൽ ആരെയും അസ്വസ്ഥരാക്കുന്ന പോലീസ് വിലക്കുകൾ അടിച്ചേല്പിക്കപ്പെടുകയും, ഡെൽഹിയും ബാംബെയുമൊഴിച്ചു മറ്റൊരിടത്തും യാത്രചെയ്യുവാൻ അദ്ദേഹത്തെ അനുവദിക്കാതിരിക്കുകയും, പോരെങ്കിൽ ഒരു സാധാരണ കാരവാളിയെപ്പോലെ നിശ്ചിത സമയങ്ങളിൽ പോലീസിൽ റിപ്പോർട്ടുചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തതു നമുക്കു തികച്ചും ആക്ഷേപകരമല്ലേ? ജൂലിയസ്സ് ക്യൂറി എന്ന ശാസ്ത്രജ്ഞനിൽ നിന്നും പ്രധാനമന്ത്രിക്കുള്ള ഒരു സ്വകാര്യസന്ദേശം നെഹ്റുവിനെ എത്തിക്കുന്നതിനായി ഇൻഡ്യ സന്ദർശിച്ച ഈ വിശ്വസാഹിത്യകാരൻ സാന്തിക്കേതൻ വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ, വ്യാജക്കുറ്റ

വാസുദേവവിലാസം
ഔഷധനിധിച്ഛൂർണ്ണം
പല്ലുകൾക്കു നല്ല ഉറപ്പും
വണ്ണവും നൽകുന്നു
വാസുദേവവിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം, തിരുവനന്തപുരം.

വടക്കാരെ പരിശോധിക്കുന്നതുപോലെ നഖശിഖാന്തം പരിശോധിക്കുകയും, അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന സമാധാനലഘുലേഖകൾ കണ്ടുകെട്ടുകയും, ഏതെങ്കിലും മീറ്റിംഗിൽ പ്രസംഗിക്കുവാൻ അദ്ദേഹത്തെ അനുവദിക്കുകയില്ലെന്നു പോലീസ്, മുഖ്യമന്ത്രിയുടെ അഭിനയത്തിനുപോലും സന്നദ്ധരാകാതെ, തെണ്ടിപ്പട്ടണത്തുകയും ചെയ്തുവെന്നു പ്രധാനമന്ത്രിക്കു അറിവുണ്ടോ?

ഈ ആജ്ഞകളെല്ലാം ആരുടേതാണ്? പോലീസും ചുങ്കം ഉദ്യോഗസ്ഥന്മാരും ഇങ്ങനെ അപമര്യാദയായി പെരുമാറുന്നതിനുള്ള ഉത്തരവാദിത്വം ആരുടേതാണ്? വിമാനത്താവളത്തിലെ പോലീസുകാരുടെയും ചുങ്കം ഉദ്യോഗസ്ഥന്മാരുടേയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിനു് എന്തെങ്കിലും നിയമമോ നീതിയമോ ഉണ്ടോ? അതോ അവർ എന്തും ആരോടും പറയുവാനും പ്രവർത്തിക്കുവാനും അധികാരമുള്ള കൊച്ചുമുടിചൂടാമന്നന്മാരാണോ? പ്രധാനമന്ത്രിയുടെ ഉപചാരബോധവും, സല്ലാരമര്യാദയും ബാംബെ പോലീസിനേതല്ലെന്നും, പബ്ലോ നെരൂദായെപ്പോലെയുള്ള സുമനസ്കനായ ഒരു ബുദ്ധിജീവിയെയും, വ്യാജക്കച്ചവടക്കാരനെയും തിരിച്ചറിയുവാൻ അദ്ദേഹത്തിനു് കഴിയുമെന്നും, കമ്മ്യൂണിസ്റ്റായാലും പ്രമുഖനായ ഒരു വൈദേശികാതിഥിയെ തെക്കോട്ടും വടക്കോട്ടും തട്ടുകയും ആക്ഷേപിക്കുകയും ചെയ്യാമെന്നു് അദ്ദേഹം വിശ്വസിക്കുന്നില്ലെന്നും എനിക്കു് അറിവുള്ളതുകൊണ്ടാണ് ഈ വസ്തുതകൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതു്.

ഒക്ടോബർ വിപ്ലവത്തിന്റെ ഭീകരവാഴ്ച

പോലീസിനെ ആക്രമിക്കുമ്പോഴൊ, പോലീസ് ബന്ധവസ്സിൽനിന്നു് ഓടുവാൻ ശ്രമിക്കുമ്പോഴൊ, കള്ളപ്പോർ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴൊ അല്ലെങ്കിൽ ഇന്നിന്ന കമ്മ്യൂണിസ്റ്റുകാരെ "വെടിവച്ചുകൊന്നു"വെന്നു് കൂടക്കൂടെ ഭക്ഷണേൻഡ്യയിൽ നിന്നുള്ള വാർത്തകൾ വായിക്കാറുണ്ടല്ലോ. നമുക്കു ഒരു ഭാഗത്തുനിന്നുമുള്ള—പോലീസു ഭാഗത്തുനിന്നുമുള്ള—റിപ്പോർട്ടു മാത്രമാണ് ലഭിക്കുന്നതു്. മരിച്ചവർക്കു അവരുടെ കഥ പറയുവാൻ സാധിക്കാത്തതുകൊണ്ടു് പോലീസിന്റെ റിപ്പോർട്ടുകൾ ശരിയോ തെറ്റോ എന്നു് തെളിയിക്കുക സാദ്ധ്യവുമല്ല. പക്ഷേ ഇടയ്ക്കിടയ്ക്കു് വളരെ രഹസ്യമായ കിംവദന്തികൾ കേൾക്കാൻ സാധിക്കുന്നതിൽനിന്നു് പോലീസുകാരുടെ റിപ്പോർട്ടിന്റെ തനിനിറം മനസ്സിലാക്കുവാൻ സാധ്യമായിത്തീരുന്നു.

നിഷ്പക്ഷമതിയും, സത്യസന്ധനുമായ ഖാസാ സുബ്ബാറാവുവിന്റെ "സ്വതന്ത്ര" ഒരു കമ്മ്യൂണിസ്റ്റുകാരന്റെ പത്രമാണെന്നു് ആരും പറകയില്ല. ഉള്ളകാര്യങ്ങൾ ഉള്ളതുപോലെ പറയുന്ന, കമ്മ്യൂണിസ്റ്റുകളോടു യാതൊരു കൂട്ടുപ്പാടുകളുമില്ലാത്ത ഒരു പത്രമാണതു്. ഗവൺമെന്റിനെതിരായുള്ള നിരൂപണത്തിൽ ആ പത്രത്തിനു് പ്രാമാണ്യം പറയുന്നുണ്ടെങ്കിൽ അതു നിരൂപണം വളരെ മൂടലമാണെന്നുള്ളതിൽ മാത്രമാണ്. എന്നിരുന്നിട്ടും പല സന്ദർഭങ്ങളിലും കമ്മ്യൂണിസത്തെ പൊക്കുന്നതിന്റെപേരിൽ തെക്കെ ഇൻഡ്യയിൽ അഴിച്ചുവിടപ്പെട്ടിരിക്കുന്ന ഭ്രാന്തിയമായ പോലീസ് ഭീകരഭരണത്തെ തുറന്നു കാട്ടുവാനും ഈ പത്രം നിർബന്ധിതമായിത്തീർന്നിട്ടുണ്ട്.

"സ്വതന്ത്ര"യുടെ ഇടക്കാലത്തുള്ള ഒരു ലക്കത്തിൽ, പാശ്ചിമഗോദാവരി ജില്ലയിൽ, ഏലൂരുതാലൂക്കിൽ കുച്ചംപൂഡിയിലുള്ള ശ്രീ കങ്കിപ്പാട്ടി പ്രഭാകരറാവുവിന്റെ ഭാര്യ ശ്രീമതി കങ്കിപ്പാട്ടി രാധമ്മയുടെ ഒരു എഴുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നു് മദ്രാസ് പോലീസിന്റെ നീചോപായങ്ങളുടെ മഹിമ മനസ്സിലാക്കാവുന്നതാണ്.

ആ സ്ത്രീയുടെ പ്രസ്താവനയനുസരിച്ചു്, അവരുടെ ഭർത്താവു് "ഒരു ബിരുധാരിയും, കോൺഗ്രസ്സുകാരനും, 1940-ൽ കോൺഗ്രസ്സ് പ്രവർത്തനങ്ങൾക്കു് ജയിൽവാസം വരിക്കേണ്ടി വന്ന ഒരു യാതനക്കാരനുമായിരുന്നു." അദ്ദേഹം ഒരു അദ്ധ്യാപകനായിരുന്നു. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റുകാരനാണെന്നു പറഞ്ഞു് ആരോ പോലീസിൽ അറിവുകൊടുത്തിരുന്നിരിക്കണം. അദ്ദേഹത്തിന്റെ ഭാര്യയുടെ കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"1950 ഏപ്രിൽ 17-ാം തീയതി അർദ്ധരാത്രി എന്റെ ഭർത്താവു് സുഖമില്ലാതെ കിടപ്പിലായിരുന്നപ്പോൾ കുറെ പോലീസുകാർ ചില ഗ്രാമീണരോടൊപ്പം, ഞങ്ങളുടെ വീട്ടിൽ ബലാല്ക്കാരമായി കയറിവന്നു. ട്യൂഷൻ പഠിക്കുന്നതിനായി ഞങ്ങളുടെ വീട്ടിൽവന്നു് പഠിച്ചതിനുശേഷം കിടന്നുറങ്ങിയിരുന്ന വിദ്യാർത്ഥികളെപ്പോലും പോലീസുകാർ വിട്ടില്ല. അവരെ പ്രഹരിക്കുകയും പാഠപുസ്തകങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. 80 രൂപയോളം അകത്തുണ്ടായിരുന്ന ഒരു പെട്ടിയും അവർ എടുത്തു. രോഗശയ്യയിൽ നിന്നു് എന്റെ ഭർത്താവിനെയും അവർ പിടിച്ചു വലിച്ചുകൊണ്ടുപോയി. എവിടേയ്ക്കെന്നോ എന്തിനെന്നോ എന്നോടു പറയുവാൻ അവർ കൂട്ടാക്കിയില്ല.

"ഞാൻ വളരെ വിഷമിച്ചു. ഒന്നു രണ്ടു ദിവസത്തേക്കു് അദ്ദേഹത്തെപ്പറ്റി ഒന്നും അറിയു

ചാർളി ചാപ്ലിൻ

(പട്ടത്തുവിള കരുണാകരൻ തൃശൂർ)

★★★★★

ഐറിഷ് നാടകകൃത്തായ ബർനാർഡ്ഷാ ഒരിക്കൽ പറഞ്ഞു:—

"ചാർളിചാപ്ലിൻ മാത്രമേ സിനിമാലോകത്തു കലാകാരനായിട്ടുള്ളൂ."

മധുരങ്ങളായ അതിശയോക്തികളെഴുതുന്ന ഷായുടെ ഫലിതങ്ങളിൽ ഏറിയകൂറും നഗ്നങ്ങളായ സത്യങ്ങളാണ്. ഇക്കഴിഞ്ഞ ഒരു രാത്രി ലിങ്കൺ സ്ക്വയറിനു സമീപമുള്ള 'പാരീസ്' തിയേറ്ററിൽനിന്നു പുറത്തു വരുമ്പോഴാണ് ഷായുടെ പ്രസ്താവനയുടെ നേരിന്റെ രൂപം പൂർണ്ണമായി എനിക്കു വ്യക്തമായതു്. അവിടെ പ്രദർശിപ്പിക്കുന്നതു്, ഇരുപതുകൊല്ലങ്ങൾക്കു മുൻപു് ചാപ്ലിൻ നിർമ്മിച്ച 'നഗരദീപങ്ങൾ' (City lights) എന്ന മൂകചിത്രം ഈ നഗരത്തിൽ നൂറുക്കണക്കിനു സിനിമാശാലകളുണ്ടു്. ഏതുതന്നെയാണെങ്കിലും എനിക്കു നിശ്ചയംപോരാ. അവിടെയൊക്കെ പുലരുംമുൻപു പാതിരാ കഴിയുംവരെയും ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നു—പുതിയതും പഴയതുമായ ചിത്രങ്ങൾ ലോകത്തെ മികച്ച നിർമ്മാതാക്കളുടേയും, നിയന്ത്രകരുടേയും കഥ എഴുത്തുകാരുടെയും ചിത്രങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടു്. ഷായുടെതന്നെ ഗബ്രിയൽ പാസ്കൽ നിർമ്മിച്ച രണ്ടു ചിത്രങ്ങൾ, ഇറ്റലിയിലെ റോസലീനിയുടെയും സോവിയറ്റു നാട്ടിലെ ഐസൻസ്റ്റീന്റെയും ഹാലിവുഡ്ഡിലെ തന്നെ ഇറ്റലിയാകാസന്റെയും ചിത്രങ്ങൾ സമീപത്തുള്ള തെരുവുകളിൽ തന്നെ കാണാം. ഇവയിൽ ചിലതും കഴിവുള്ളിടത്തോളം ഞാൻ കാണാറുണ്ടു്. എന്നിട്ടു കഴിഞ്ഞ രാത്രി 'നഗരദീപങ്ങൾ' കണ്ടുമടങ്ങുമ്പോൾ ഞാൻ ചിന്തിച്ചുപോയി.... കലാഭംഗിയിൽ പുറകിലാകാത്ത സമുദായ ജീവിതത്തിന്റെ പോരായ്മകളെ നിശിതമായി—ക്രൂരമായ ഫലിതത്തിൽ—നിരൂപണം ചെയ്യുന്നതിൽ, ആദർശത്തിന്റെ കരുത്തേറിയ പ്രേരണയിൽ ചാപ്ലിന്റെ പഴകിയവടങ്ങളെ അതിശയിക്കുന്ന ചിത്രങ്ങൾ എവിടെ കാണാൻ കഴിയും.....

സ്വതന്ത്രകലാസൃഷ്ടികളുടെ നിരൂപണങ്ങളിൽ ചിലപ്പോരായ്മകൾ വന്നുചേരായ്കയുണ്ടു് കലാസ്നേഹിയായ ഒരു നിരൂപകനു്, ഒരു നന്നതകലാസൃഷ്ടി എടുത്തിട്ടു്, അതു്, അതുപോലെതന്നെ മേൻമയുള്ള മറ്റൊന്നിൽ നിന്നു് മെച്ചമാണെന്നു്, നീചപക്ഷപാതയുടെ നടുവിൽ നിന്നു്, തീർത്തു പറയുകസാദ്ധ്യമല്ല. സുന്ദരകലകളുടെ—പ്രത്യേകിച്ചും അവ്യവഹിതമാണെങ്കിൽ—താരതമ്യമേന്മ നിർണ്ണയിക്കാൻ തെറ്റില്ലാത്ത ഒരു മാനദണ്ഡം കണ്ടെത്തുക എളുപ്പമല്ല. ഓരോന്നിലും കലാകാരന്റെ വ്യക്തിത്വം തെളിഞ്ഞ നിൽക്കും ഷോപ്പാന്റെ സംഗീതം ഷുബർട്ടിന്റെതിൽനിന്നു മെച്ചമാണെന്നു് വിവരമുള്ളവർ പറയാൻ അറയ്ക്കും; പിക്കാസോവിന്റെ ചിത്രങ്ങൾ മാറ്റിഷ്യയുടെതിനേക്കാൾ ഉന്നതമാണെന്നു് ഒരു കലാനിരൂപകൻ തീർത്തു പറയുകയില്ല. ഷോലക്കോവിന്റെ നോവലുകൾ മെഹിംഗ്വേയുടെതിൽനിന്നു മേൻമയുള്ളതാണെന്നു ഒരു നിരൂപകൻ പറഞ്ഞാൽ അതു് ഒരു വ്യക്തിയുടെ അഭിപ്രായം മാത്രമായിരിക്കും. നിരൂപകരിൽ ദ്രോഹവും നിർമ്മാണത്തിനു കഴിവില്ലാത്തവരാണു്. ഇങ്ങനെയുള്ള പോരായ്മകൾ കാണിച്ചുകൊണ്ടുതന്നെയാണു് ചാപ്ലിന്റെ ചിത്രങ്ങളെ അതിശയിക്കുന്ന ചിത്രങ്ങൾ ഇവിടെ—മറ്റൊരിടങ്ങളിലുമെന്ന—കാണാൻ എളുപ്പമല്ല എന്നു ഞാൻ എഴുതിയതു്. മറ്റൊരർത്ഥത്തിൽ, ഒരു പക്ഷേ, സോവിയറ്റുനാട്ടിലെ ഐസൻസ്റ്റീന്റെ ചിത്രങ്ങൾ ഉന്നതങ്ങളായി കരുതപ്പെട്ടേക്കാം. സിനിമാകലയിൽതന്നെ അത്യുത്കരമായ ഒരു നവീനതലം വരുത്തിയ ഐസൻസ്റ്റീൻ ചിത്രങ്ങൾ നിങ്ങളിൽ മിക്കവരും കണ്ടിരിക്കാൻ ഇടയില്ല (കലയുമായി അകന്നബന്ധംപോലുമില്ലാത്ത ഒരു സെൻസർബോർഡ് നിലവിലുള്ള കാലം വരട്ടെ. അതിനുള്ള സാദ്ധ്യതകളും മില്ല.) സംഭവവും ഭാവനയും ചേർത്തിരിക്കുന്നുകാരണം സുന്ദരമായി കോർത്തിണക്കി നൂതനമായ ഒരനുഭവം കാണികൾക്കു നൽകിയ, പ്രചോദനം നൽകുന്ന ഈ ജനകീയ കലാകാരന്റെ ചിത്രങ്ങൾ ജനങ്ങളെ കാണാൻ അനുവദിക്കാത്തതു് കലയോടു്, പുരോഗതിയോടു്, മനുഷ്യത്വത്തോടു തന്നെകാണിക്കുന്ന നികൃഷ്ടതാനാകാത്ത ഒരു പോരായ്മയാണു്. ഐസൻസ്റ്റീൻ ചിത്രങ്ങൾ ഇവിടെ ഞാൻ വിവരിക്കുന്നില്ല എന്നാൽ ഒന്നു മറക്കരുതു് അദ്ദേഹം കലാനിർമ്മാണം ചെയ്യുന്നതു് ഒരു കമ്മ്യൂണിസ്റ്റു സമുദായത്തിലാണു് ജനതയുടെ സോഷ്യലിസ്റ്റു വളർച്ചയ്ക്കു പ്രചോദനം നൽകുന്ന കലകൾമാത്രമേ അവിടെ സ്ഥാനമോ, അതിന്റെ നിർമ്മാണത്തിനു പിൻബലമോ ലഭിക്കയുള്ള പലപ്പോഴും അതിനിശിതമായ വിമർശനങ്ങൾക്കു കലാകാരൻ വിധേയനായി എന്നും വന്നേക്കാം. ഐസൻസ്റ്റീന്റെ കഥതന്നെ അതിനു തെളിവാണു്. ഷസ്റ്റാക്കോവിച്ചിന്റെ ഗീതങ്ങളിൽ ബൂർഷ്വാ സ്വാധീനം നിഴലിക്കുന്നു

വാൻ എനിക്കു സാധിച്ചില്ല. അദ്ദേഹത്തെ വെടിവച്ചുകൊന്നുവെന്നു് കിംവദന്തികൾ പരന്നതിനുശേഷമാണു് ഏപ്രിൽ 20-നു് ആസ്ട്രിച്ചേ എന്ന പത്രത്തിൽ ധൈര്യപൂർവ്വം പോലീസുസ്റ്റേഷനെ ആക്രമിച്ചു പിലരെ വെടിവച്ചുകൊന്നുവെന്നു് റിപ്പോർട്ടുള്ളതായി ഞാൻ അറിഞ്ഞതു്. കൊല്ലപ്പെട്ടവരുടെ പേരുകൾ പരസ്യപ്പെടുത്തിയിരുന്നില്ല. എന്റെ ഭർത്താവിനെ പിടിച്ചുകൊണ്ടുപോയി ഒരാഴ്ച കഴിഞ്ഞപ്പോൾ ഫ്രാട്ടേ വെങ്കണ്ണ എന്നുകൂടി പേരുള്ള ദേവരപ്പള്ളി വെങ്കണ്ണ വന്നു് ഭയങ്കരമായ ആ കഥ പറഞ്ഞു. അയാളും എന്റെ ഭർത്താവു് അതേ ഗാൻഗ് വിദ്യാലയത്തിലേതന്നെ അദ്ധ്യാപകന്മാരായ മറ്റു മൂന്നുപേരും ഉൾപ്പെടെ അഞ്ചുപേരെ പോലീസ് പിടിച്ചുകൊടുക്കയും, പിന്നാലെ പിടി താലൂക്കിൽ റേച്ചർളാ ഗ്രാമത്തിലുള്ള റേച്ചർള ബാബുവിന്റെ വീട്ടിൽ 18-നും 19-നും പകൽ സമയം വരെ സൂക്ഷിക്കുകയും, രാത്രി അവരെ രാമചന്ദ്രപുരത്തേയ്ക്കു കൊണ്ടുപോവുകയും, അർദ്ധരാത്രിക്ക് ഒരു പാലത്തിൽവച്ചു വെടിവയ്ക്കുകയും ചെയ്തു. വെങ്കണ്ണയാകട്ടെ മരിച്ചതുപോലെ വെടികൊള്ളുംമുമ്പു് വീണുകളയുകയാൽ ചില്ലാ പരുക്കുകളോടുകൂടി അയാൾ രക്ഷപ്പെട്ടുവെന്നും എന്റെ ഭർത്താവുൾപ്പെടെ മറ്റു നാലുപേരും കൊല്ലപ്പെട്ടുവെന്നും, അയാൾ പറഞ്ഞു.''

"ഭീകരമായ ഒരു കഥയെന്നാ"ണു സ്വതന്ത്ര എഴുതിയിരിക്കുന്നതു്. ''മദ്രാസിലെ കാൺഗ്രസ്സ് മന്ത്രിസഭയുടെ മനസ്സാക്ഷിയെ ഈ കഥ ക്ഷണപ്പെട്ടുത്തേണ്ടതാണെന്നു്,'' പത്രം ചൂണ്ടിക്കാണിക്കുന്നു. പാവം മദ്രാസ് മന്ത്രിസഭയ്ക്കു് ഒരു മനസ്സാക്ഷിയുണ്ടോ?

വീരഹൃദയയായ ആ സ്ത്രീ ഇൻഡ്യാഗവൺമെൻറിനോടും ജനങ്ങളോടും ചോദിക്കുകയാണു്

"പണ്ഡിറ്റ് നെഹ്റു പറയുകയുണ്ടായി,—സമാധാനത്തിൽക്കൂടി ചിന്തിക്കുന്ന എല്ലാവരും അദ്ദേഹത്തോടു യോജിക്കുകയും ചെയ്യും, പാക്കിസ്ഥാനിൽ ചിലപ്പോൾ മുസ്ലീംകൾ മൃഗീയത്വം കാണിക്കുന്നതുകൊണ്ടു്, ഇൻഡ്യയിലെ ഹിന്ദുക്കൾ മനുഷ്യരല്ലാതായിത്തീരുന്നതിനു് യാതൊരു സാധുകരണവുമില്ലെന്നു്. പണ്ഡിറ്റ് നെഹ്റു പ്രധാനമന്ത്രിയായുള്ള സ്വതന്ത്രഇൻഡ്യയിൽ, ചില കമ്മ്യൂണിസ്റ്റുകൾ പ്രവർത്തിക്കുന്ന അക്രമങ്ങളുടെ പേരിൽ, എന്റെ ഭർത്താവിനെപ്പോലെയുള്ള നിർദ്ദോഷികളെ, തല്പരകക്ഷികൾ നൽകുന്ന വ്യാജപ്രസ്താവനകളുടെ പേരിൽ, പോലീസുകാർ കണ്ണിൽപോരായ്മയുതെ മൃഗീയമാംവണ്ണം ഹിംസിയ്ക്കുന്നതിനു എന്തെങ്കിലും സാധുകരണമുണ്ടോ?"

വെന്ന പോളിറ്റ് ബ്യൂറോ കുറ്റാരോപണം ചെയ്ത എന്നവരും. ഉയന്ന കേന്ദ്രങ്ങളിൽ നിന്നുള്ള ഈ വിമർശനംതന്നെ സോഷ്യലിസ്റ്റ് പദ്ധതിയിൽ കലാകാരനുള്ള വമ്പിച്ച സ്വാധീനത്തിന്റെ മഹത്തായ അംഗീകാരത്തെയാണ് തെളിയിക്കുന്നത്.

കലർപ്പില്ലാത്ത ഒരു മുതലാളിഘടനയുടെ പശ്ചാത്തലത്തിലാണ് ചാർളസ് ചാപ്ളിൻ കലാനിർമ്മാണം നടത്തിയത്—നടത്തുന്നത്. നിങ്ങളിൽ തീരെ യുവാക്കളായവർ ചാപ്ളിന്റെ പഴയ പടങ്ങളും കണ്ടുകാണുമോ എന്നു ഞാൻ സംശയിക്കുന്നു. സിനിമയും ചാപ്ളിനും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. ചാപ്ളിന്റെ പേരു കേട്ടാൽത്തന്നെ ആളുകൾ മന്ദഹസിക്കും, ചിന്തിച്ചു രസിക്കും, ഫലിതങ്ങൾ ഓർത്തു പൊട്ടിച്ചിരിക്കും. ആ രൂപംതന്നെ മറക്കാനാകയില്ല. തടിച്ച മുഖത്തിൽ ഭയവും യാചനയും ഭീരുത്വവും നിഴലിക്കുന്ന നയനങ്ങൾ, ഒരു വഴിഹോനെന്നവണ്ണം വളഞ്ഞിയ കൂകിയ മീശ, ബലഹീനമായി ചുളുങ്ങി കുനിയ ചെറിയ ദേഹം. അതിൽ തുങ്ങിക്കിടക്കുന്ന പഴകി മുഷിഞ്ഞുകീറിയ വസ്ത്രങ്ങൾ, ചേരാത്ത ചെരുപ്പ് നിറഞ്ഞ ചെരുപ്പുകൾ, ലോകത്തിൽ ആകയുള്ള ഏകതണലെന്നപോലെ മറക്കാതെ കൂടെ കൊണ്ടുനടക്കുന്ന പഴകി വിലകുറഞ്ഞ വടി എങ്ങിനെ ചിരിക്കാതിരിക്കും! ഫലിതം മാക്കുനാകാത്ത ഫലിതം! അടക്കാനോ ഒതുക്കാനോ കഴിയാത്ത വികാരപ്രകടനം നാം ഓർത്തോർത്തു ചിരിച്ചുപോകുന്നു!

എന്താണിതിന്റെ രഹസ്യം?

സിനിമാ കലയിൽ മറ്റാരെക്കാളും കൂടുതലായി—മറ്റാരെക്കാളും മുൻപെ—അദ്ദേഹം മനുഷ്യവികാരങ്ങളെ മനസ്സിലാക്കി. കലാകാരന്റെ ഉയന്ന ഇരിപ്പിടത്തിൽ നിന്നും അദ്ദേഹം ഇറങ്ങി ഇടുങ്ങിയ പാതയിൽ വന്നുസാധാരണക്കാരനോടുസംസാരിച്ചു. കുണുക്കിടുക്കുന്ന ചാപ്ലിന്റെ ചിത്രങ്ങൾ ഫലിതം തുളുമ്പുന്നവയാണ്. ഫലിതത്തിന്റെ ഉത്ഭവം മിക്കപ്പോഴും നമ്മിൽ അനുഭവപ്പെടുന്ന അനുകമ്പയോ സഹതാപമോ ആണെന്നുവരാം. മനുഷ്യൻ മനുഷ്യനോടു കാണിക്കുന്ന ക്രൂരതയാണ് ചാപ്ലിൻചിത്രങ്ങളുടെ കഥാവസ്തുക്കൾ. കാരോ ചിത്രം എടുത്തുനോക്കിയാലും അതിൽ അവശത അനുഭവിക്കുന്നവരുടെ കഷ്ടതകൾ മുഴച്ചുനിൽക്കുന്നതു കാണാം. അങ്ങനെ, പരപ്പിൽ ഫലിതപ്രധാനങ്ങളായ അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ അടിയിൽ ഗൂഢമായ സന്താപം, നിറഞ്ഞ വിഷാദൈകതാനം മറഞ്ഞുകിടക്കുന്ന മറവുള്ളവരുടെ കഷ്ടതകൾ നാം അനുകമ്പയോടു വീക്ഷിക്കുന്നു—അതിൽ നാം ചിരിക്കുന്നു. നമ്മുടെതന്നെ യാതനകളുടെ, പോരായ്മകളുടെ, പ്രതിഫലനത്തിൽ നാം അറിയാതെ മന്ദഹസിച്ചുപോകും,—ചിലപ്പോൾ പൊട്ടിച്ചിരിച്ചു എന്നുവരും ഞാൻ വ്യക്തമാക്കാം. ചാപ്ളിന്റെ 'തെരുവുതെണ്ടി' (The tramp) എന്ന ചിത്രത്തിലെ ഒരു രംഗം:

വലിയ നഗരത്തിലെ മലിനമായ പ്രദേശം ഇടുങ്ങി തൊഴുനു നിറഞ്ഞ നിരത്തിനരുകിൽ, വൃത്തികെട്ട ഒരു ചെറിയ ഹോട്ടൽ. അതിനുപുറമേനിന്നു്, ഒരു തെണ്ടി ആത്തിയോടെ അകത്തേക്കു നോക്കുന്നു. അതിനുള്ളിൽ ഒരു തടിച്ച മനുഷ്യൻ ആഹാരം കഴിക്കാൻ ആരംഭിക്കയാണ്. തെണ്ടിയുടെ ഭാവം പകരുന്നു. അവന്റെ നയനങ്ങളിൽ പ്രതീക്ഷയോടെ കൗതുകം തെളിയുന്നു. അവന്റെ ശുദ്ധമുഴവനും ഉണ്ണുന്നതിനുവകയുള്ള ആ തടിച്ച മനുഷ്യനിലാണ്. അയാളുടെ ഓരോ ചലനങ്ങളും അവൻ അറിയാതെ അനുകരിച്ചുപോകുന്നു. അവൻ ഒരു മധുരസ്വപ്നത്തിലാണ്—അവൻ ആഹാരം കഴിക്കുന്നു എന്നു് (നാം ചിരിച്ചുതുടങ്ങുന്നു. എന്തെന്നാൽ നമ്മിൽ പലരും ഒരു ദ്രോണനായ് വരികിലും ഈ തെണ്ടിയെപ്പോലെ മുഴുപട്ടിണിക്കാരനല്ല. ടിക്കറ്റുവാങ്ങിയാണു നാം ഇതു കാണുവാൻ വന്നതു തന്നെ. അതിനുള്ള കഴിവുനമുക്കുണ്ട് നാം അവനെക്കാൾ ഉയന്നവരാണ്. ആ ചിന്തനമ്മെ സന്തോഷിപ്പിക്കുന്നു—നാം ചിരിക്കുന്നു) ആ തടിച്ച മനുഷ്യൻ കരുതലോടെ പാത്രത്തിലുള്ള മാംസം മുറിക്കയാണ്. അയാളുടെ കൈയ് ആഹാരവുമായി വായിലേക്കയരുന്നു. സാവധാനപരിശോധിക്കുകയാണ് ഈ ചലനങ്ങളൊക്കെ സശ്രദ്ധം മാനസ്സത്തിൽ കഴിയുന്നതെന്തെന്നു അനുകരിക്കുന്നു. അവനും സാവധാനപരിശോധിക്കുന്നു! (നാം തല അറഞ്ഞുചിരിക്കയാണ്) പെട്ടെന്ന് ആ തടിച്ച മനുഷ്യന്റെ മുഖം കോപത്താൽ ഇരുണ്ടു. അയാളും നയനങ്ങളും ഉയത്തി രൂക്ഷതയോടെ പരിചാരകനെ നോക്കി തെണ്ടിയുടെ മുഖവും കോപത്താൽ ചുമന്നു അവനും അത്ഭുതിയോടെ പരിചാരകനെ നോക്കി. എന്നാൽ കോപത്തിനുള്ള കാരണം അവനു വ്യക്തമല്ല. അവൻ അറിയാതെ അനുകരിച്ചുപോകയാണ്.

"ഇതു വെന്തില്ല." ആ തടിച്ചമനുഷ്യൻ അലറി.

പല രൂപത്തിലും, ഏതു ശീതോഷ്ണാവസ്ഥയിലും പലവിധരോഗങ്ങളോടുകൂടിയ ഒട്ടുവളരെ യുവക്കന്മാരും യുവതികളും വൃദ്ധന്മാരായ പുരുഷന്മാരും



ഗോൾഡ്-ഇൻ-ച്യവനപ്രാശ്

ദിവസേന ഉപയോഗിച്ച് പരീക്ഷിച്ചിട്ടുണ്ട്. അവരിൽ 95 ശതമാനം ആളുകളും നല്ല ആരോഗ്യവും കായികശക്തിയും, സൗന്ദര്യവും സമ്പാദിച്ച് സന്തുലിത ശർക്കരയിത്തീർന്ന—ഈ മേൽത്തരം ടോണിക്ക് ഉപയോഗിക്കുന്നതിനു മുമ്പ് അവർ ശരീരസംരക്ഷണത്തിനു ഉപയോഗിച്ചു വന്നിരുന്ന കൃഷധങ്ങളും കുറഞ്ഞതന്നെ, ഇതു അത്യുജ്ജ്വലമായ ഫലത്തെ പ്രദാനംചെയ്തിരുന്നില്ല.

ചുമ, നെഞ്ചുവേദന, നാഡീക്ഷീണം, ശ്വാസംമുട്ടൽ, ഒച്ചയടപ്പ്, മൂത്രത്തിൽ ശുക്ലംകലർന്നിരിക്കുക, ശീഘ്രസ്ഖലനം, ശരീരംമെലിച്ചിൽ മുതലായ അത്യുൽക്കടമായ രോഗങ്ങളെ നിശേഷം ഇതു സിദ്ധൗഷധം മാറ്റി **പൂർണ്ണസുഗേത്വം, ഉൽസാഹം, ബുദ്ധിവർദ്ധനവ്, രക്തവർദ്ധനവ്, ധാതുബലം, അവയവ വളർച്ച, ശരീരബലം** എന്നിവകളെല്ലാം അവർ സമ്പാദിച്ചു. നിങ്ങളും കാരോരുത്തരും ഇതുമാത്രം ചെയ്യുക ദിവസേന ആഹാരത്തിനുശേഷം **ഗോൾഡ്-ഇൻ-ച്യവനപ്രാശ്** ഉപയോഗിക്കുക. ഉന്മേഷം ഉണ്ടാക്കുന്നതും, ശരീരം വളർത്തുന്നതും. രോഗങ്ങളെ നിശേഷം മാറ്റുന്നതുമായ മേന്മയേറിയ ആ രോഗപ്രതിരോധശക്തികൾ ധാരാളം അതിൽ അടങ്ങിയിട്ടുണ്ട്. ഇന്നുമുതൽ ഈ സിദ്ധൗഷധം ഉപയോഗിച്ചുതുടങ്ങുക. പാഴുവുകില്ല.

ഒരു റാത്തൽടിന്നിനു 5 രൂ. 8ണ, വി. പി. ചെലവു പുറമെ

നിർമ്മാതാക്കൾ—

ശ്രീവഞ്ചിരാജ്യ ആയുർവ്വേദഫാർമസി

ആലപ്പുഴ S. I.

അപ്പോഴാണ് തെരുവുതെണ്ടി സ്വപ്നത്തിൽ നിന്നുണരുന്നത്. പുറമേ നിൽക്കുന്ന തെണ്ടിക്കാണ ഭക്ഷണത്തിന്റെ അവകാശിയെക്കാളും കൂടുതൽ കോപം. അയാൾക്ക തന്റെ ഭക്ഷണം ഭംഗിയായി പാകംചെയ്ത വീണ്ടും ലഭിക്കും തെണ്ടിമുതലാളിയുടെ സ്വപ്നം തിരികെ ലഭിക്കയില്ല. അതാണവന്റെ കോപത്തിന്റെ ഹേതു. അവൻ ഭാവനയിൽ സംതൃപ്തനായിരുന്നു. അതവനു നഷ്ടപ്പെട്ടു. അവന്റെ നിരാശയിൽ, അതിൽനിന്നുദിക്കുന്ന കോപത്തിൽ, അവന്റെ നിസ്സഹായതയിൽ നാം ചിരിക്കുന്നു!

തെണ്ടിയുടെ പുറകിൽ, നിരത്തിൽ ഒരു പണക്കാരൻ കാറിൽ കുടുങ്ങിപ്പോയി അദ്ദേഹം ഒരു വെള്ളിനാണയം എടുത്തു സംശയത്തോടെ കടിച്ചുനോക്കി. അതു പെരുതായി വളയുന്നു അദ്ദേഹം അതു വലിച്ചെറിഞ്ഞു വെളിയിലേക്കെറിഞ്ഞു. അതു റോഡിൽ പതിച്ചതുണ്ടു കുടയിൽ പൊന്നുവീണ കണ്ടുനിന്ന തെണ്ടി കാറു കടന്നപ്പോൾ അതു പെറുക്കിയെടുത്തു. അവന്റെ മുഖത്തിലെ മുഖംസന്തോഷത്താൽ തെളിയുകയാണ്. ലോകത്തിൽ അവനോളം സംതൃപ്തനായി മറാരുമില്ല. അവൻ പണക്കാരനാണ്. തിളങ്ങുന്ന ഒരു വെള്ളി ഡോളറിന്റെ ഉടമസ്ഥൻ. അവൻ ആ നാണയം നാലണ ഉടുപ്പിന്റെ കയ്യിൽ സൂക്ഷ്മതയോടെ തുടയ്ക്കുന്നു. അതിന്റെ തിളക്കത്തിൽ ഹൃദയം വീണ്ടും പുഞ്ചിരിക്കുന്നു. അവൻ അതിനെ ചുംബിച്ചു, താലോലിച്ചു. അവന്റെ ഭാവം ആകെ മാറി അവൻ ഇപ്പോൾ കാശില്ലാത്ത തെണ്ടിയും മറവുമല്ല. നെഞ്ചുവീർപ്പിച്ചുകൊണ്ടാണ് അവൻ ആ ഹോട്ടലിനുള്ളിലേയ്ക്കു കടക്കുന്നത്. അവന്റെ ശബ്ദത്തിനു് അധികാരത്തിന്റെ വീര്യമുണ്ട്

"ഒരു പാത്രം പുഴുങ്ങിയ പയർ"

അവൻ വീണ്ടും തൃപ്തിവരാതെ ആ നാണയത്തെ താലോലിച്ച ആത്മീയോടെ അവൻ ആദ്യത്തെ പാത്രം പയർ തിന്നു തീർത്തു.

"വീണ്ടും ഒരു പാത്രംകൂടി"

പരിചാരകൻ മൂന്നാമത്തെ പാത്രം പയർ കൊണ്ടുവരാനായി പോയപ്പോൾ അതു സംഭവിച്ച അവന്റെ കൈയിൽനിന്നു നാണയം നിലത്തുവീണു. അതിനു് ഒരടച്ച 'ഘടം' ശബ്ദം! അതു് അവന്റെ ഹൃദയത്തിൽ പൊന്നു തട്ടി മുഖത്തു പ്രതിധ്വനിച്ചു.

കള്ളനാണയം!!

ആ മുഖം ഇരുണ്ടു ഭയത്തോടെ, പാരവശ്യത്തോടെ അതു ക്ഷമി. ആ നാണയം ഉപയോഗശൂന്യമാണ് ഇനി എന്തു ചെയ്യും? ഹോട്ടൽകാർ അറിഞ്ഞാൽ എന്താണു ഫലം? പരിചാരകൻ പയറുമായി വരുന്നു. അയാളെ താഴ്മയോടെ അപേക്ഷിച്ചു. ദയവായി സാർ, വേഗം തിന്നുതീർന്നാൽ ഉപകാരമായി അയാളുടെ ജോലി സമയം തീരും. പോകേണ്ട നേരമായി. (ഒരു പക്ഷേ ഒരു ചെറിയ പാരിതോഷിക [Tip] കിട്ടിയേക്കുമെന്നയാൾക്ക പ്രതീക്ഷയുണ്ട്. അവനാ ആശ്വാസത്തിനു ഇതു മാർഗ്ഗവും! തെണ്ടിയുടെ ചിന്ത മുഴുവൻ നിന്ദ്യവും വേദനാജനകവുമായ അവന്റെ സ്ഥിതിയെ എങ്ങിനെയും ഒഴിവാക്കുന്നാണ്. എന്നാൽ നിരാശയാണു ഫലം. യാതൊരു പോംവഴിയുമില്ല. കഴിച്ചവയ്ക്കുവാൻ പാടില്ലാത്തതാണ് അടുത്തടുത്തു വരുന്ന ആ അനുഭവം. അവന്റെ ഇനിയത്തെ കരുക്ക മുഴുവനും അതു നീട്ടിവയ്ക്കുകയാണ്. പരിചാരകനെ വെറുപ്പിക്കരുതു; അതപകടമാണ് അവൻ മന്ദഹസിക്കാൻ ശ്രമിക്കുകൊണ്ടറിയിക്കുന്നു.

"തീർച്ചയായും ഞാൻ വേഗം, വളരെ വേഗം, തിന്നുതീർക്കാം" അതു വിവരിക്കുന്നതിനെക്കാൾ അവർ ഏറെനേരം എടുക്കുന്നു. അയാളെ താമസിപ്പിക്കണമെന്നു് അവനു തീരെ മോഹമില്ല. കാണികൾ ചിരിക്കയാണ്. കഷ്ടം! എന്തൊരു രസം! ആ തെണ്ടിക്ക മുൻപേതന്നെ—പണക്കാരൻ നാണയം എടുത്തു വെളിയിൽ എറിഞ്ഞപ്പോൾ മുതൽ—നമുക്കറിയാം അതു കള്ളനാണയം ആയിരുന്നു എന്നു്. നാം അവനേക്കാൾ ബുദ്ധിമാന്മാരാണ്. സ്വയം സംതൃപ്തരാണ്. ഇങ്ങനെയുള്ള ശുദ്ധമനസ്കരെ നമുക്കു വന്നുചേരുകയില്ല. നാം അവന്റെ അജ്ഞതയിൽ ചിരിക്കുന്നു. അതവനെക്കൊണ്ടു ചാടിച്ച അപകടസ്ഥിതിയിൽ ലാളിത്യത്തോടെ ആസ്വദിക്കുന്നു!

അതേസമയം അവിടെ നേരത്തെ ആഹാരം കഴിച്ചുകൊണ്ടിരുന്ന—ഭക്ഷണം നന്നായി പാകം വരുത്തിയ ശേഷംമാത്രം കഴിക്കുന്ന—തടിച്ച മനുഷ്യനെ നാലഞ്ചുഹോട്ടൽ പണിക്കാർ കൂടെ കഠിനമായി, കരുണയില്ലാതെ ഉർദ്ദിക്കുന്നു. എന്നിട്ട് പുറത്തേക്കു നിരത്തിൽ അയാളെ വലിച്ചെറിഞ്ഞ വാതിലടച്ചു. തെണ്ടിക്ക ഭക്ഷണം കൊടുക്കയ പരിചാരകൻ തിരെ നിർവികാരനായി അറിയിച്ചു.

"വിചാരം അഞ്ചുസെൻറ കാറായിരുന്നു"

ഒരു നടുക്കത്തോടെയാണവൻ അതു കേൾക്കുന്നതു്. കേവലം അഞ്ചുസെൻറിന്റെ മാത്രം കാറിനാണീ മർദ്ദനം! ദൈവമേ, അവന്റെ ദേഹം വേദനയോടു പുകഞ്ഞു എങ്ങിനെയു സമയം കഴിക്കുക, അതാണവന്റെ ഏകചിന്ത. അവൻ പാത്രത്തിൽനിന്നു് കാരോ പയറും കരുതലോടെ തിരഞ്ഞെടുക്കുന്നു—കാരോന്നിനും പ്രത്യേകമായ വ്യക്തിത്വംഉള്ളതുപോലെ രണ്ടിനും തമ്മിൽരുചിവ്യത്യാസംഉണ്ടെന്നഭാവത്തിൽ! എന്നിട്ടു സൂക്ഷ്മതയോടെ തൊലിക്കും ഒരു പിളർപ്പെടുത്തിട്ടു അതിന്റെ പകുതി കടിച്ച സ്വാദുപരിശോധിക്കും ഒരു ഗവേഷകന്റെ മുഖഭാവത്തിലാണിപ്രവൃത്തി എന്നിട്ട് കടിച്ചതിന്റെ ബാക്കി പാത്രത്തിൽ നീക്കിവച്ചിട്ട് മറേറ പിളർപ്പിന്റെ രുചി പരിശോധിക്കുന്നു ഈനേരം കയ്യും വായും പാകം വിചിത്രത്തിന്റെ ഭയങ്കരതയെ രത്തിട്ട് അവന്റെ മനം പിണയുകയാണ് അതാന്റെ മുഖത്തു വ്യക്തമായിക്കാണാം. കഷ്ടം! എന്തൊരസഹ്യമായ വേദന! നാം ചിരിക്കുന്നു.

പട്ടിണി മനുഷ്യനെ പാവപ്പെട്ടവനെ നേരിടുന്ന അവശത വേറെയും പലതുമുണ്ട് അവന്റെ ഉള്ളിൽ ഉയരുന്ന ലാളിത്യവികാരങ്ങളും പാപചിന്തകളും—അതിനുള്ള നിവൃത്തിമാർഗ്ഗങ്ങളും പാപത്തിന്റെ ചിത്രങ്ങളിലൊക്കെ ഒരു യുവതിയുണ്ടായിരിക്കും—പലപ്പോഴും ഒരു സുന്ദരി എന്നാൽ അവനതിനെന്തെങ്കിലും ഒരവശതകാണും. കണ്ണുകൾ കണ്ണുകളെയല്ല, ഇല്ലെങ്കിൽ മുടന്തു്,—പട്ടിണിക്കെന്തെങ്കിലും, "നഗരദീപങ്ങളിൽ തെണ്ടിയുടെ ശ്രദ്ധ ആകർഷിക്കുന്ന ഒരു കരുടിയുണ്ട്, ഒരു പൂക്കാരി അതാണു കഥയുടെ മർമ്മം. യോഗ്യതയുള്ള യുവതികളെ മുഖത്തു നോക്കാൻ തന്നെ അവനു ഭയമാണ്. തിരസ്ക്കരണത്തിന്റെ വേദന അവനറിയാം. അവർക്ക മുൻപിൽ അവൻ ഒരു താണജീവിയാണ്, മനുഷ്യവർഗ്ഗത്തിൽ നിന്നു താണജീവി. കണ്ണുകണ്ട കുടത്തെവള്ളത്തെ മുൻപിൽ അവൻ സൂക്ഷിതനാണ്. തുലും അവശത അവർക്കുമുണ്ട് ആ വിശ്വാസം അവനു കരുത്തുനൽകുന്നു തന്നെയുമല്ല അവർ അവനെ കാണുകയില്ല. അവനു് അവിടെ അദൃശ്യനായിക്കാം അവർ അറിയാതെ അവനു കഥകൾ പറഞ്ഞുകേൾപ്പിക്കാം. അങ്ങിനെ അവൻ നികൃഷ്ടജീവിതത്തിൽനിന്നു്, നിരാശാജനകങ്ങളായ അനുഭവങ്ങളെ മറപിടിച്ചുകൊണ്ടു്. അവനു ഭാവനയിലേക്കു പോകാം അവളുടെ ഉള്ളിൽ അവൻ സങ്കല്പചിത്രങ്ങൾ സൃഷ്ടിക്കുന്നു സുന്ദരങ്ങളായ ചിത്രങ്ങൾ അവൻ പണക്കാരനായ യുവാവാണവൻ. അങ്ങിനെ അവൻ അവളുടെ ശ്രദ്ധ ആകർഷിക്കുന്നു പ്രതീക്ഷകളുയർത്തുന്നു അവളുടെ സ്വപ്നത്തിലെ പണക്കാരനായ കോമളകാമുകനാണയാൾ. അതു നോക്കി നാം തമാശ കാർത്തു ചിരിക്കുന്നു. എന്തുകൊണ്ടാൽ നമുക്ക വിശ്വാസമുണ്ടു്: ഒരു പക്ഷേ നമുക്ക കാമുകി ഇല്ലായിരിക്കാം. എന്നാലും അവളുടെ രൂപത്തെപ്പറ്റി നമുക്ക പ്രതീക്ഷകളുണ്ടു്. അല്ലെങ്കിൽ നമ്മുടെ കാമുകി അതു വലിയ സുന്ദരിയൊന്നുമല്ലെന്നു വന്നേയ്ക്കും. എങ്കിലും അവനും സാധാരണയിൽനിന്നു ഭേദമാണ് അവനുള്ള വൈകല്യങ്ങളൊന്നുമില്ല. ഇവ തെണ്ടിയുടെ കരുടിയെക്കാളും അവനു എത്ര ഭേദമാണ്. നികൃഷ്ടൻ! അതാണു നമ്മുടെ ചിന്തകളും, നമ്മെ ചിരിപ്പിക്കുന്ന ചിന്തകളും! കൂടാതെ ഇവിടെത്തന്നെ അവൻ അപകടസ്ഥിതിയിലാണ്. നമുക്കറിയാം—നാം ബുദ്ധിമാന്മാരാണ്—അവനും അവന്റെ നേരേയസ്ഥിതി അറിഞ്ഞിരുന്നു എങ്കിൽ അവനെ അടുപ്പിക്കുമായിരുന്നില്ല. അവളുടെ അജ്ഞതയെ അവൻ മുതലെടുക്കുകയാണ്. അവളുടെ കണ്ണുകൾക്കു കാഴ്ച ലഭിച്ചാൽ അവജ്ഞയോടെയായിരിക്കും അവനെ വീക്ഷിക്കുന്നതു് അവനെ 'സ്നേഹിക്കുന്ന' മുടന്തിയുടെ കാലിനു സൗഖ്യം ലഭിച്ചാൽ അവൾ അവനിൽനിന്നു നടന്നകലും. പട്ടിണിക്കാരിയായ വേശ്യ മറാരെങ്കിലും—കൊള്ളാവുന്ന മറാരെ

ങ്കിലും—ഒരു നേരത്തെ ആഹാരം നൽകിയാൽ അവനെ വശീകരണച്ചിരിയുമായി സമീപിക്കയില്ല. ഇതൊക്കെ അറിയാവുന്ന നാം ചിരിക്കുന്നു മേന്മയുള്ളയർ!

'നാടകീയങ്ങളുടെ അന്ത്യത്തിൽ ജയിലിൽ നിന്നും ആ തെണ്ടി കീറിനാറിയ വസ്ത്രങ്ങളോടെ പുറത്തു വരുന്നു. പുതുമ വിൽക്കുന്ന കൃത്രിമ കച്ചവടക്കാരുടെ കരുണയാറാ അവഹേളനത്തിൽ നിന്നും ശല്യത്തിൽ നിന്നും, പ്രതികാരചിന്തകളോടെ കഴിഞ്ഞുമാറിപ്പോകുമ്പോൾ നിരത്തിനരുകിൽ പ്രചാരപ്പെട്ടത്തിൽ, വാടി ഇതളടർന്നു തുടങ്ങിയ ഒരു പൂവ് അവനെ ആകർഷിക്കുന്നു. അവൻ കൗതുകത്തോടെ അതു കനിഞ്ഞെടുത്തുയർത്തിനോക്കി അവന്റെ സ്മരണകളെ ഉണരുകയാണ്, അവളെ പറ്റിയുള്ള സ്മരണകൾ! അവളിൽ നിന്നും വീണ്ടെടുത്ത മണം പരത്തുന്ന പൂക്കലകളും വാങ്ങിയ സായാഹ്നങ്ങളും! അവൾക്കു കണ്ണുചികത്സക്കുവേണ്ടി പണം നേടിയതിനുവേണ്ടിയാണ് അവൻ ജയിലിൽ പോകേണ്ടിവന്നതു തന്നെ അവൾ ഇപ്പോൾ എവിടെയായിരിക്കും? കണ്ണിനു കാഴ്ച ലഭിച്ചുകാണുമോ? ഒരു നടുക്കത്തോടെ ആ ചിന്ത അവനെ അലട്ടുന്നു അവളുടെ കണ്ണുതെളിയുക! എന്നാൽ അവൾ അവനെ കാണുകയില്ലേ? നിഷ്ഠുരനായ തെരുവുതെണ്ടിയ കൈയിലുള്ള വാടിയപൂവ് മുഖത്തോടമർത്തിക്കൊണ്ട് അവൻ തിരിഞ്ഞു നോക്കുന്നതു തെളിഞ്ഞ കണ്ണാടിച്ചുവരിലുള്ളിൽ ഒരു പുതിയ പുകടക്കുള്ളിൽ അവനെ കൗതുകത്തോടെ നോക്കിക്കൊണ്ടവൾ ഇരിക്കുന്നതാണ്. തെരുവുപിള്ളേർ അവനെ അലട്ടുന്നതിൽ അവൾ രസിക്കുന്നു! അവൻ സകലതും മറന്നവളെ തുറിച്ചുനോക്കി ആ വാടിക്കരിഞ്ഞ പൂവിൽ നിന്നു ഇതളുകൾ പൊഴിഞ്ഞു വീഴുന്നതവൻ അറിയുന്നില്ല അവന്റെ മുഖം ഉണർന്നു. തെളിഞ്ഞ അവൾക്കറിയില്ല അവൻ ആരണെന്നു. ഏതോ വൃത്തികെട്ട ഒരു തെരുവുതെണ്ടി. അവന്റെ സ്വപ്നം മറന്നുള്ള തുറിച്ചുനോട്ടത്തിൽ അവൾക്കവജ്ഞ തോന്നി. ഒരു നിമിഷം അവളുടെ തെളിഞ്ഞ നയനങ്ങളിൽ പരിഹാസം പകർന്നു എന്നാൽ പെട്ടെന്നു അനുകമ്പയോടെ തിരിഞ്ഞു പച്ചത്തണ്ടുള്ള പകുതി വിരിഞ്ഞ ഒരു പൂവുപ്പെട്ടെന്നു കൊണ്ടവൾ കടയ്ക്കുപുറത്തുവന്നു അയാളുടെ നേർക്കു വച്ചു നീട്ടി അവളുടെ സമീപത്തിൽ അവൻ ചിന്തയിൽ നിന്നുണർന്നു പെട്ടെന്നവളിൽനിന്നോടോൾ ശ്രമിക്കുന്നു. കർമ്മകളിൽനിന്നു, ആ സാഹചര്യത്തിൽ നിന്നു; അവളിൽനിന്നു, ഓടുക—ഓടിരക്ഷപ്പെടുക എവിടേക്കെങ്കിലും ഓടി ഒളിക്കുക. അവൾ അറിയുന്നതിനു മുൻപു! അവൾ സ്നേഹത്തോടെ അവന്റെ കൈയ്യെടുത്തു, അതിൽ പച്ചത്തണ്ടുള്ള ആ പകുതി വിടർന്ന പൂവും, ഒരു ഡോളർ നാണയം വയ്ക്കുന്നു. ആ പരുത്ത ചെറിയ കൈയ്! ആ സ്പർശനത്തിൽ അവളുടെ ഓമ്മകളും ഉണരുന്നു അവളുടെ മനസ്സിൽ സംശയം ഉദിച്ച വിശ്വാസം വരാതെ അവൾ നോക്കി. ഈ നിഷ്ഠുരനായ തെരുവുതെണ്ടി? പ്രയാസത്തോടെയാണ് ആ വാക്കുകൾ പുറത്തു വരുന്നതു.

"നി.....നി -നിങ്ങൾ.....ആയിരുന്നോ?"

അവന്റെ നാവനങ്ങിയില്ല. അതേ എന്നവൻ തലയാട്ടി. ആ രംഗത്തെപ്പറ്റി ലണ്ടനിലെ പ്രസിദ്ധനായ ഒരു നിരൂപകൻ പ്രസ്താവിച്ചു.

"സിനിമാകലയുടെ ഏറ്റവും ഉന്നമായ നിമിഷം!"

പ്രാകൃതനായ അവന്റെ മുഖത്തു വിവിധവികാരങ്ങൾ അലതല്ലുകയാണ്. അവന്റെ കൈ പകുതിവിടർന്ന ആ പൂവുമായി മുഖത്തേക്കമർന്നു. സ്വീകാരങ്ങളെ കഴിവുള്ളിടത്തോളം മായ്ക്കാൻ പാഴ്ശ്രമം ചെയ്യുകയാണ്. അതിന്റെ തള്ളലിൽ അവൻ അറിയാതെ വിരലുകടിക്കുന്നു എന്നാൽ സകലർക്കും കാണത്തക്കവണ്ണം അതവന്റെ മുഖത്തിൽ—നയനങ്ങളിൽ—എല്ലാം എഴുതിപ്പിടിപ്പിച്ചിരിക്കയാണ്. അവർക്കു കാണാൻ കഴിയുന്നില്ലോ എന്ന തള്ളിവരുന്ന ആഹ്ലാദം—അവർക്കു അവനെ കാണാൻ കഴിയുന്നതിലുള്ള ഹൃദയം പൊട്ടിയ വേദന. അവൻ, അവിടെ, അവർക്കു മുൻപിൽ, പൂർണ്ണമായ നഗ്നതയിലാണ്. തുളച്ചുകയറുന്ന പകലിൽ ഇതൊക്കെ പൊടിപുരളാത്ത കണ്ണാടിയിലെന്നപോലെ ആ മുഖത്തു തെളിഞ്ഞു കാണാം.

സിനിമാകലയുടെ ഉന്നതമായ നിമിഷം.

അതു കണ്ടിട്ടു പുറത്തിറങ്ങിയ ഞങ്ങളുടെ നയനങ്ങളും നനഞ്ഞിരുന്നു. അന്യോന്യം നോക്കാൻ ഞങ്ങൾക്കൊരുമ്പെട്ടായ്മ. ചാപല്യം, അനുകമ്പ, സ്വന്തം കണ്ണുനീർ, അന്യർ കണ്ടുപോയെങ്കിലോ എന്ന സങ്കോചം.

ചാപ്പ്ളിന്റെ ചിത്രങ്ങൾ ഫലിതം തുളുമ്പുന്നവയാണ് സംശയമില്ല. ചിരിപ്പിക്കുക, കാണികളെ കുണ്ടനം ചിരിപ്പിക്കുക അവയും, ഉദ്ദേശമാണ്. ഫലിതം—നിർദ്ദയവും ക്രൂരവുമായ ഫലിതം, വിവേചനരഹിതമായി അദ്ദേഹം ഉപയോഗിക്കുന്നു—ചിരിപ്പിക്കാൻ ചിരിച്ചു ചിരിച്ചു നയനങ്ങൾ തുളുമ്പുന്നതുവരെ നിങ്ങളെ രസിപ്പിക്കാൻ ഒടുവിൽ, ഒക്കെയും കഴിഞ്ഞതായറിയുമ്പോൾ പുറത്തുവരുമ്പോൾ നിങ്ങൾ ചിന്തിക്കുന്നു. എന്തെന്നാൽ അതു ഫലിതത്തിനു വേണ്ടിയുള്ള ഫലിതമില്ല. അതിനു ഉപരിയായ ഒരുദ്ദേശമുണ്ട് ആദ്യം അതുകൊണ്ടാണ് ചാപ്പ്ളിൻ ഒരു ജനകീയ കലാകാരനായി കരുതപ്പെടുന്നതു. അദ്ദേഹത്തിന്റെ ചിത്രങ്ങൾമിക്കതും മൂകങ്ങളാണ്! അവ അതുക്കുമേൽ പഴക്കമുള്ളതാണ്. ഒരു ദേശീയ ഭാഷ അവയ്ക്കാവശ്യമില്ല. അതു തിരശ്ശീലയിലൂടെ നിങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നു ദേശീയ അതിരുകൾ അതിശയിച്ചു. ഭാഷയുടെ പേരികളെ തുച്ഛിച്ചു, അതുനേരെ ഹൃദയത്തോടു് ആശയം അറിയിക്കുന്നു. മൈക്കൽ ഏൻജലോവിന്റെ ചി

Visit! Bharat Studios, Trivandrum.

മെൻസാണ

മുറതെറ്റിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പുയമേഹം (പഴുപ്പുപോക്ക്) വയറകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസാണ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുങ്ങളായുമുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവരക്ഷയ്ക്കും ഉത്തമം.

കുപ്പി 1-ക്ക് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

N B ഈ ഔഷധം മെൻസോളിൻ എന്ന പേരിൽ പരസ്യം ചെയ്തിരുന്നതാണ്.

എസ്. കെ. വി. ഫാർമസി,

പാലസ് റോഡ് :: ആലപ്പുഴ

VISIT
ZENITH STUDIO
University College Junction,
TRIVANDRUM

തുങ്ങളിലെന്നപോലെ ഒരുന്നതമായ ബാഷ്പോത്തം കണ്ടതെ.

എന്തുകൊണ്ടാണിതു കഴിയുന്നത്?

ചാപ്ലിന്റെ ചിത്രങ്ങൾ പുറപ്പെടുവിക്കുന്ന സമുദായത്തിന്റെ പ്രതിഫലനമാണ്. അവ, കലാമേന്മ നൽകുന്നതിനുവേണ്ടി നിറംപൂട്ടി എന്നു വരാം. എന്നാൽ തന്നതയെ ജീവിതത്തിൽ നിന്നും പൊക്കിപ്പെടുത്തിട്ടുള്ളതാണീ ചിത്രങ്ങൾ നിങ്ങൾ കുതുകത്തോടെ കുന്നു തിരിഞ്ഞു നോക്കിയാൽമതി അതിന്റെ ചലിക്കുന്ന പ്രതിരൂപങ്ങളെ നേരിൽ കാണാൻ—മനുഷ്യൻ മനുഷ്യനോട് കാണിക്കുന്ന ക്രൂരത നിറഞ്ഞതായ ഒരു സമുദായസമ്പ്രദായത്തിൽ കോപകലുഷിതമായ ഹൃദയം മുറിവേൽക്കപ്പെട്ട, ഒരു കലാകാരന്റെ മനസ്സൊന്നുള്ള മുന്നറിയിപ്പാണാ ചിത്രങ്ങൾ. സമുദായം അതിന്റെ തെറ്റുതിരുത്തുവാൻ കഴിവുള്ള ഭാഷയിൽ അദ്ദേഹം അറിയിക്കുന്നു

കുറെ കൊല്ലങ്ങൾക്കു മുൻപ് ഇവിടത്തെ ഏറ്റവും പണക്കാരനായ ഒരു വ്യവസായി അദ്ദേഹത്തിന്റെ ഏറ്റവും നൂതനമായ ഫാക്ടറി ചാപ്ലിനെ പുറപ്പെടുകാണിച്ചു. തള്ളിവരുന്ന അഭിമാനത്തോടെ നെഞ്ചു വീർപ്പിച്ചുകൊണ്ട് അത്ഭുതകരമായ ചലിക്കുന്ന യന്ത്രങ്ങൾ അദ്ദേഹം പുണ്ടിക്കാട്ടി. നോക്കൂ! ഇതു നൂതനമായ യന്ത്രങ്ങൾ ലോകത്തിൽ മറെറവിടെ കാണാൻകഴിയും? ആധുനിക മനുഷ്യന്റെ കണ്ടുപിടിത്തങ്ങൾ ശാസ്ത്രങ്ങളുടെ പുരോഗതി. അദ്ദേഹം സംതൃപ്തിയോടെ നിറഞ്ഞ ഹൃദയത്തോടെ ചിരിച്ചു. ചാപ്ലിൻ പുറപ്പെടുന്നും നോക്കി. വൈദ്യുത ദീപത്തിന്റെ ശക്തിയുള്ള നീലിച്ച പ്രകാശം; അവിടെ ഫാക്ടറിയിലെ തിങ്ങിയ പൂട്ടുള്ള വായുവിൽ ശ്വസിക്കുന്നശുദ്ധിനുമധ്യത്തിൽ, യന്ത്രത്തിനുപുറം അതിൽ നിന്നു വേർപെടാനാകാതെ നിസ്സഹായരായ മനുഷ്യകോലങ്ങൾ പണിയെടുക്കുന്നു. വേഗതയന്ത്രത്തിന്റെ നിരുത്താനാകാത്ത വേഗതയൊത്തു്, പണിയെടുക്കാൻ അവർ ശ്രമിക്കയാണ്. ഫാക്ടറിയുടെ കുറാംമുതൽ മറെറാറാംവരെയും— ചോരനിറമുള്ള ഇരുമ്പുരുകി ഒഴുകുന്നതു മുതൽ മേനിയുള്ള നിറം പുശിയ മിനുത്ത കാറുകൾ പുറത്തുവരെയുള്ളും —അതിനുള്ളിൽ ഒരേ ഒരു നിയമം മാത്രമേയുള്ള. വേഗതി! അങ്ങിനെ ഒരു നിമിഷം പാഴാക്കാതെ മനുഷ്യനെ പ്രവർത്തിപ്പിക്കാം? അല്പം പിലരുടെ ലാഭത്തിനുവേണ്ടി കോടിക്കണക്കിനു മനുഷ്യജീവികളെ പ്രവർത്തിപ്പിക്കുന്ന മൂകമായി അവർ നിന്നു പണിയെടുക്കുന്നു. അവരുടെ വിയർപ്പിന്റെ ശക്തിയുള്ള നിറം അവിടത്തെ അടച്ച അന്തരീക്ഷത്തിൽ തിങ്ങിനിൽക്കുകയാണ് ആ രംഗം കണ്ട് അദ്ദേഹം നടുങ്ങിപ്പോയി. മടങ്ങി ഹാളിവുഡ്ഡിൽ ചെന്നു, കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സ്റ്റുഡിയോവിൽ നിന്നും ഒരു പുതിയ ചിത്രം കാണികൾക്കു ലഭിച്ചു. നൂതനകാലങ്ങൾ, (Modern Times) ഭീമങ്ങളായ യന്ത്രങ്ങളുടെ ഇടയിൽപ്പെട്ട് അതിൽ നിന്നു വേർപെടാനാകാതെ പരുങ്ങലിൽ കഴിയുന്ന ഒരു തൊഴിലാളിയുടെ ദയനീയസ്ഥിതിയാണതിലെ കഥാവസ്തു. ഉഗ്രങ്ങളായ ചക്രങ്ങൾ ഇരമ്പിക്കറങ്ങുന്നു തിരിയുന്നു. പഴുത്ത ഇരുമ്പു തുണുകൾ ചീറിക്കൊണ്ടു പായുന്നു. അതിനു മദ്ധ്യത്തിൽ ഒരു കൊച്ചുമനുഷ്യൻ പണിപ്പെടുകയാണ്. അവനു സാധാരണയായ മനുഷ്യവികാരങ്ങളൊന്നുമില്ല. ഒക്കെയൊറ്റി ഉറഞ്ഞുപോയി. അവൻ വെറും മറെറാരു യന്ത്രം. അവൻ നടക്കുന്നതുതന്നെ മെഷീനിന്റെ മാതിരിയാണ്. മറെറതോ അവനെ ഉള്ളിൽനിന്നു നിയന്ത്രിക്കുന്നുപോലെ അളന്ന അടികളിൽ അവൻ കാലുകൾ വയ്ക്കുന്നു. ആ ശരീരത്തിനു വഴക്കമോ മഴക്കോയില്ല അവന്റെ അവയവങ്ങൾ ആണിതറച്ചപോലെയാണു നീങ്ങുന്നതു് എന്തിനു് അവൻ ആഹാരം കഴിക്കുന്നുതന്നെ, ഏതാണ്ടു് ഒരു യന്ത്രത്തിന്റെ മാതിരിയിലാണ്. കൈകൾ വായിലേക്കു നീങ്ങുന്നതു് ഒരു മിവർ തള്ളി നീക്കുന്നുപോലെയാണ്.

അതും നോക്കിയിരുന്നും നാം ചിരിച്ചു

എന്നാൽ സകലരും അതിൽ രസിച്ചില്ല ഇവിടത്തെ മുതലാളിമാർ അവർ അദ്ദേഹത്തെ ആക്ഷേപിച്ചു. അതു് അമേരിക്കൻ വിരുദ്ധപ്രചരമാണെന്നു പ്രഖ്യാപിച്ചു. അതിൽ യന്ത്രങ്ങളുടെ പുരോഗതിയെ തടയാനുള്ള ഒരു പ്രേരണയുണ്ട്, അവർ കുറാരോപണം പുറപ്പെടുവിച്ചു. ഫലിതനടനായ ചാപ്ലിനു സമുദായരീതിയെ പോട്ടുംചെയ്യാനവകാശമില്ലാ എന്നവർ മുന്നറിയിപ്പു നൽകി. കേവലം ഒരു ബഫൂൺ ഞങ്ങളെയൊക്കെ ചിരിപ്പിക്കുക. അതാണവന്റെ കർത്തവ്യം ഞങ്ങളുടെ ചെയ്തികളെ ചോദ്യം ചെയ്യാനുള്ള അവകാശം നിങ്ങൾക്കാരുതന്നു? അവർ കയർത്തു. അവരുടെ ഏറ്റവും സംഘടിതമായ എതിർപ്പ് അദ്ദേഹം നേരിട്ടതു് ഈ അടുത്ത കാലത്താണ്—1947ൽ ചാപ്ലിന്റെ 'മീൻഷ്യുവെർഡ്' പുറത്തുവന്നപ്പോൾ! അദ്ദേഹം തന്നെ സ്വന്തം അനുഭവം വിവരിക്കുന്നു:—"ആ ചിത്രത്തിൽ എനിക്കു പണം നഷ്ടംവന്നു. അമേരിക്കയുടെ പുറമെ പലയിടങ്ങളിലും അതു് വളരെ ഉത്സാഹപൂർവം സ്വീകരിക്കപ്പെടുകയുണ്ടായെങ്കിലും, ഉയർന്ന പല ബഹുമതികളും അതു നേടിത്തന്നുവരികിലും, ഇവിടത്തെ ഒരു വിഭാഗത്തിനു് അതു തീരെ ഇഷ്ടപ്പെട്ടില്ല. അവർ കീറിയവസ്ത്രം ധരിച്ച, പേരാത്തപൊരുപ്പുകളുള്ള വടിയുമായി നടക്കുന്ന വികടനായ തെരുവുതെണ്ടിയെ കണ്ടുചിരിക്കുമെന്നായി അവർ വന്നു തിരിശ്ശീലയിൽകണ്ട പരിഷ്കൃത വേഷങ്ങളണിഞ്ഞ കൊലപാതകിയായ ബങ്കേടമസ്ഥനെ നോക്കിയിട്ടവർ നടുങ്ങിപ്പോയി"!

ഒരുപക്ഷേ കണ്ണാടിയിൽനോക്കിയ അനുഭവം അവർക്ക ലഭിച്ചതുകൊണ്ടായിരിക്കാം

'മീൻഷ്യുവെർഡ്' പുറത്തായതിനെ തുടർന്നു് അവർത്തന്നെ അദ്ദേഹത്തിൻറെനേക്ക അവഹേളനങ്ങൾ ചൊരിഞ്ഞു. അവരുടെ പത്രങ്ങൾ കേവലം മനുഷ്യമര്യാദകളെ മറന്നും അദ്ദേഹത്തെ അപലപിച്ചു. ചാപ്ലിന്റെ ചിത്രം നിരോധിക്കണമെന്നഭിപ്രായപ്പെട്ട—പല നഗരങ്ങളിലും അതിന്റെ പ്രദർശനത്തെ തടഞ്ഞു അവരുടെ പ്രതിനിധികൾ കാൺഗ്രസിലും സെനറ്റിലും നിന്നലറി:

ഈ കമ്മ്യൂണിസ്റ്റിനെ ഉടനെ നാടുകടത്തേണ്ടതാണ്

സാധാരണക്കാരന്റെ ഉറഞ്ഞുകിടക്കുന്ന ചിന്താശക്തിയെ ഉണർത്താൻ ജനകീയകലാകാരനുള്ള കഴിവു് വളരുന്ന ഫാസിസം സംശയത്തോടെയാണ് വീക്ഷിച്ചിട്ടുള്ളതു്.

നാം കണ്ടിട്ടുണ്ട്—

അവർ കലാകാരന്റെ അനുഭവം കരസ്ഥമാക്കാൻ ശ്രമിച്ചു. അതു നിന്ദയോടെ നിഷേധിക്കപ്പെട്ടപ്പോൾ അവന്റെ നിർമ്മാണത്തെ തടയാൻ ഉന്നിത്തെ—ഒടുവിൽ, കഴിയാതെവന്നപ്പോൾ അവനെ കഴുകുമരത്തിലേറ്റി.

——

കഴിഞ്ഞയാഴ്ച

(ശ്രീനി)

കഴിഞ്ഞദിവസം ഇൻഡ്യയെ കൂടുതൽ കൂടുതൽ സമീപിച്ചുകൊണ്ടിരിക്കുന്ന നീപ്പാളിലെ സംഭവവികാസങ്ങളും അമ്പരപ്പുളവാക്കുന്നവയാണെന്ന് പറയേണ്ടതില്ലല്ലോ. അവിടത്തെ രാജവ്യേ അഭ്യൂഹർത്ഥിയായി ഇൻഡ്യയുടെ ആതിഥേയത്വം സ്വീകരിച്ചിരിക്കുന്നതിൽ വ്യസനിക്കുന്നവർ വളരെ കുറവായിരിക്കും കിരീടമില്ലാത്ത രാജാക്കന്മാരുടെ ദീർഘമായ പട്ടികയിൽ ഒരു പേരുകൂടി ഉൾപ്പെട്ടുവെന്നു വച്ച് അതിൽ അത്ര വ്യസനിക്കാനൊന്നുമില്ല. പക്ഷേ ബ്രിട്ടണും അമേരിക്കയുംകൂടി വളർത്തിയിലായിരുത്തിക്കൊണ്ടുവന്ന ഒരു സേച്ഛാധിപതുത്തിന്റെ തകർച്ചയാണ് നീപ്പാളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. നീപ്പാളിൽ ജനകീയ ഭരണം നടപ്പിലാക്കുവാൻ തയ്യാറില്ലാത്ത പ്രധാനമന്ത്രിയും അയാളുടെ പിന്നിലുള്ള ആംഗ്ലോ–അമേരിക്കൻ സാമ്രാജ്യവാദികൾക്കും ഒരു ശരിയായ പ്രഹരമാണ് ലഭിച്ചിരിക്കുന്നത്. ഉത്തരവാദഭരണത്തിനുവേണ്ടി നിലകൊള്ളുന്ന നീപ്പാളികാൺഗ്രസ്സിന്റെ സേനകളും സമാന്തരഗവൺമെൻറും ത്രിഭുവൻ ഗവൺമെൻറും സേനകളോട് പൊരുതി വരുന്നുണ്ട്.

ഇൻഡ്യാഗവൺമെൻറിന്റെ നില എന്തായിരിക്കുമെന്ന് ഇനിയും വ്യക്തമായിട്ടില്ലെങ്കിലും റാണായുടെ സേച്ഛാധിപത്യത്തെ പണ്ഡിറ്റ് നെഹ്റു അനുവദിക്കുമെന്നു തോന്നുന്നില്ല. ടിബറ്റിൽ കമ്മ്യൂണിസ്റ്റ് സൈന്യങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ നീപ്പാൾപ്രശ്നം സമാധാനപരമായി പരിഹരിക്കുവാനായിരിക്കും ഇൻഡ്യാഗവൺമെൻറ് അഭിലഷിക്കുന്നത്. എന്തെന്നാൽ അന്തർദ്ദേശീയ വിപ്ലവശക്തികളുടെ വളർച്ചയും മാത്രമാണ് സഹായിക്കുക. നീപ്പാളിന്റെ അതിർത്തിയിൽ കമ്മ്യൂണിസം വന്നെത്തിയിരിക്കുന്നതുകൊണ്ട്, നീപ്പാളിൽകൂടി ഇൻഡ്യയിലേക്കും ആദർശം നുഴഞ്ഞുകയറുമെന്നുള്ള ഭയം ഇൻഡ്യയിലെ പിന്തിരിപ്പന്മാരെ വിറപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

ചൈനയും ടിബറ്റും തമ്മിൽ ഒത്തുതീർപ്പിലെത്തിക്കഴിഞ്ഞുവെന്നും വാർത്തയുണ്ട്. പക്ഷേ ടിബറ്റിലെ ഗവൺമെൻറ് സൈന്യത്തിനെ സിലിൽ അപ്പീൽ ബോധിപ്പിച്ചുകഴിഞ്ഞു. ഹൈദരാബാദിലെ വിദേശകാര്യമന്ത്രി യു. എൻ. യിൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ട് വർഷങ്ങൾ ഏറെയായി. അതുപോലെ ടിബറ്റിന്റെ അപ്പീലും അലസിപ്പിരിയുകതന്നെചെയ്യും.

പക്ഷെ കൊറിയായിൽ ചീന സൈന്യം ഇടപെടുന്നുവെന്നുള്ള മക്കാർത്തറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രക്ഷാസമിതിയെന്ന അമേരിക്കൻ മരപ്പാവ പ്രതിഷേധപ്രമേയം പാസ്സാക്കിയിട്ടുണ്ട് സമാധാനം ബോധിപ്പിക്കുന്നതിനുവേണ്ടി പ്രതിനിധിസംഘത്തെ അയക്കുവാൻ ചീനഗവൺമെൻറിനോട് ആവശ്യപ്പെട്ടുവെങ്കിലും അതിന്റെ ആവശ്യമുണ്ടെന്ന് ചൈനയ്ക്ക് തോന്നുന്നില്ലെന്നാണ് പോൾ എൻ ലെ അഭിപ്രായപ്പെട്ടത്. ചൈനയെ ഐക്യരാഷ്ട്രസമിതിയിൽ പ്രവേശിപ്പിച്ചിരുന്നുവെങ്കിൽ ഇത്തരം പല പ്രതിസന്ധിഘട്ടങ്ങളും ഉണ്ടാകുമായിരുന്നില്ല പക്ഷേ ചൈനയെ പ്രവേശിപ്പിക്കാതിരിക്കുന്നതിന് നിയമാനുസൃതമായ എല്ലാ മാർഗ്ഗങ്ങളും അനുവർത്തിക്കുമെന്നാണ് അച്ചീസൻ ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. റാണായുടെ നഗ്നമായ സേച്ഛാധിപത്യം ഭീകരസ്വത്തം ചവിട്ടുന്ന നീപ്പാളിനെ ഐക്യരാഷ്ട്രസഭയിൽ പ്രവേശിപ്പിക്കുവാൻ ആംഗ്ലോ—അമേരിക്കൻ ശക്തികൾ ഭഗീരഥപ്രയത്നം ചെയ്തിരുന്നുവെന്ന് വായനക്കാർ സ്മരിക്കുമല്ലോ.

കൊറിയായിൽ യുദ്ധം കുഴഞ്ഞരീതിയിൽ തുടരുകയാണ്. ഐക്യരാഷ്ട്രസേനകൾക്ക് നിഷ്പ്രയാസമായ വിജയം കൈവരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. ക്ഷേത്രിണകൊറിയായിൽ സമരം ചെയ്തുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് ഭടന്മാർ പെട്ടെന്നു അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നുപോയി. എന്നു വാർത്തയുണ്ടായിരുന്നു ആ സേനകൾ കാടുകളിലും മലംപരിവുകളിലും ഒളിച്ചു കളിപ്പോരിനു തയ്യാറെടുക്കുകയായിരുന്നു കൊറിയായിൽ വൻതോതിലുള്ള ഒളിപ്പോരും, കമ്മ്യൂണിസ്റ്റ് വിജയവും ഒരു പക്ഷേ ചരിത്രത്തിന്റെ ആവർത്തനവും ഉണ്ടാകുമെന്ന് തന്നെ കരുതാം.

ഇൻഡോ–ചൈനയിൽ ഫ്രഞ്ചുകാരുടെ നില കൂടുതൽ പരുങ്ങലിലായിക്കൊണ്ടിരിക്കുകയാണ്. ഹോച്ചിമിൻ റഷ്യനും ചീനക്കാരുമായ സൈനികതന്ത്രജ്ഞന്മാരുമായി കൂടിയാലോചനടത്തിയതെ. ചില മാസങ്ങളായി ശാന്തമായിരുന്ന സൈഗാൺ നഗരത്തിൽ വീണ്ടും ബാംബു പൊട്ടലുകളും, ബഹളവും തുടങ്ങിയിട്ടുണ്ട്.

ഏതായാലും, വൻകാടിന്റെയും കടലിന്റെയും നൈസർഗ്ഗിക പ്രതിരോധങ്ങളിൽ വിശ്വസിച്ചിരുന്ന ഇൻഡ്യ ആ ധാരണയിൽ നിന്നും ഇണങ്ങുതുടങ്ങിയിട്ടുണ്ട് ഇൻഡ്യയുടെ ഉത്തരാതിർത്തിയിൽ മുഴുവൻ കമ്മ്യൂണിസം അണിനിരന്നിട്ടുണ്ട് രാജ്യത്തിനുള്ളിലാണെങ്കിൽ സാമ്പത്തികക്കുഴപ്പവും ഭക്ഷണക്ഷാമവും. ആകപ്പാടെ ചിത്രം അത്ര ആശാവഹമല്ല. ഈ പരിഗണനകളും കൊണ്ടായിരിക്കണം പൊതുതിരഞ്ഞെടുപ്പു മാറ്റിവയ്ക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് അഥവാ ഈ തീരുമാനത്തിന്റെ പിന്നിൽ ചില ഗൂഢാലോചനകളും കളിത്തകിടുപ്പില്ലെന്നു സംശയിക്കേണ്ടതുണ്ട് ടണ്ടൻ പട്ടേൽ കമ്പനിയും നെഹ്റുവും തമ്മിലുള്ള അഭിപ്രായഭിന്നത സുവിദിതമാണല്ലോ അടുത്ത ഇലക്ഷനിൽ പാർലമെൻറിന്റെ ബോർഡിന്റെ നിയന്ത്രണം നെഹ്റുവിലായിരിക്കണമെന്നും അതല്ല ഇപ്പോഴത്തെപ്പോലെ പട്ടേലിൽ തുടരണമെന്നും രണ്ടഭിപ്രായങ്ങളുണ്ട്. പാർലമെൻറിബോർഡു നിയന്ത്രിക്കുന്നവർക്ക് അവരുടെ പക്ഷക്കാരെ തെരഞ്ഞെടുക്കുവാൻ ഭരണകൂടത്തെ കയ്യടക്കുവാൻ സാധ്യമാണല്ലോ. കൃപലാനിയുടെ നേതൃത്വത്തിലും. കീഴായിയുടെ ഉത്സാഹത്തിലും നെഹ്റുവിന്റെ ധാർമ്മിക പിന്തുണയുടെ പശ്ചാത്തലത്തിലും രൂപീകൃതമായിരിക്കുന്ന കാൺഗ്രസ്സ് ഡെമോക്രാറ്റിക് ഫ്രണ്ട് പട്ടേൽ—ടണ്ടൻ അച്ചുതണ്ടിനോടുള്ള ഒരു വെല്ലുവിളിയാണ്. തെരഞ്ഞെടുപ്പിനെ ഉദ്ദേശിച്ചാണ് അതു രൂപമെടുത്തിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ മുടന്തൻ ന്യായങ്ങളും പറഞ്ഞു തിരഞ്ഞെടുപ്പു നീട്ടിയാൽ, പട്ടേലിനു ഇന്നുള്ള പ്രതാപം തുടരാവുന്നതാണല്ലോ. ഈ പരിഗണനയല്ലെ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കുവാനുള്ള ഉദ്യമത്തിന്റെ പിന്നിലുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ത്രിഭുവൻ: ശീഘ്രം. കാലം കഴിയുന്തോറും കാൺഗ്രസ്സിന്റെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുകയുള്ളു.

പാക്കിസ്ഥാനിലും "പട്ടേൽ വേഗത"ത്തിനു പ്രഹരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. മംദോത്ത് നവാബ് ഒരു ജിന്നാമുസ്ലീംലീഗ് രൂപീകരിച്ചു ഇപ്പോൾ മിയാൻ ഇഫ്തിക്കറുദ്ദീനും സർദാർ ഷൌക്കത്ത് ഹയത് ഖാനുംകൂടി ആസാദ് പാക്കിസ്ഥാൻ പാർട്ടി രൂപീകരിച്ചിരിക്കുന്നു. അവിടെയും ഭരണീയകക്ഷിയെ വെല്ലുവിളിക്കുന്ന ശക്തികൾ തലപൊക്കി വരുന്നുവെന്നുള്ളതിൽ സംശയമില്ല.

* * *

സോഷ്യലിസ്റ്റ് ബ്രിട്ടണിൽ സമാധാന സമ്മേളനത്തിനുവേണ്ടി സമ്മേളിക്കുവാൻ ഉദ്ദേശിച്ചിരുന്ന പ്രതിനിധികളിൽ 75 ശതമാനത്തിനും സന്ദർശനാനുവാദം നിഷേധിച്ചിരിക്ക

നിവൻ നിൽക്കാറായി

[ഒരു നാടകം]

★

വി. ടി. ഇന്ദുചൂഡൻ

കഥാപാത്രങ്ങൾ

1 കുഞ്ഞൻപണിക്കർ:—ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3. വാസു:—അമ്മുവിന്റെ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6. അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. പാക്കപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8. കിട്ടണ്ണൻ:—കരുണാകരമേനോന്റെ വേലക്കാരൻ.

രംഗം. 2

[കുഞ്ഞൻ പണിക്കരുടെ വീടിന്റെ അടുത്തുള്ള ഒരു ക്ഷേത്ര പരിസരം. സമയം, മദ്ധ്യാഹ്നം അമ്മുവും വാസുവും സംസാരിച്ചുകൊണ്ടു നിൽക്കുന്നു. വാസു ഏതാണ്ട് 25 വയസ്സ് പ്രായംതോന്നിയ്ക്കുന്ന സുമുഖനായ ഒരു ചെറുപ്പക്കാരനാണ്. ഇരുനിറം. സമൃദ്ധിയും ഉയരമുള്ള ശരീരം. ഒരു കള്ളിമുണ്ടും, ബനിയനും ധരിച്ചിരിയ്ക്കുന്നു. അമ്മുവിന്റെ വേഷം കുന്നാം രംഗത്തിലേതുപോലെതന്നെ.]

വാസു:— (അമ്മുവിനെ ആപാദചൂഡം നോക്കി) ഇതെന്തുവേഷമാണമ്മൂ, മുഷിഞ്ഞ കീറിപ്പറിഞ്ഞത്?

അമ്മു: അടുപ്പിന്റെ കടയ്ക്കൽ അലക്കിയതു് ഉടുത്തോണ്ട് ഇരിയ്ക്കാൻ പാറില്ല.

വാസു:—അമ്മുവിന്റെവേഷം കണ്ടാൽ അമേരിയ്ക്കാരുടെ ഭാഗത്തുചേർന്ന് യുദ്ധംചെയ്ത കാടിയതുപോലെതോന്നും!

അമ്മു:—നിങ്ങള് ജേലീന്ന് വന്നപ്പോം കുന്ന തടിച്ച മെച്ചത്തിട്ടുണ്ട്.

വാസു:—(പരിഹാസസ്വരത്തിൽ) ആ! ജേലില് സുഖമാണ്. ഭക്ഷണം കിട്ടും. ധാരാളം കൂട്ടുകാരുമുണ്ട്. പിന്നെന്താ? ഇടയ്ക്കിടയ്ക്ക് ഒരെഴുൺസ് വീതം പ്രഹരാദികഷായം കുടിയ്ക്കണം

അമ്മു:—ജേലില് കയ്മംകാലും ചങ്ങലകെട്ടിപ്പൂട്ടി ഇടുമോ?

വാസു:—ഇടയ്ക്കുമുണ്ട്. സാധാരണ മറിയ്ക്കയ്ക്കലേയുള്ളു.

അമ്മു:—എന്നാ ആങ്ങള ജേലിപ്പോയിട്ടുണ്ട്; പണ്ടാണ്. ഏനിയ്ക്കോർമ്മയില്ല 10-12 വയസ്സേ ഉണ്ടാന്നുള്ളൂ, എനിയ്ക്ക്

വാസു:—അന്നു കോൺഗ്രസ്സിച്ചെന്നുപോയതല്ലേ? അന്നൊക്കെ സുഖായിരുന്നു.

അമ്മു:—നിങ്ങള് ജേലിലാന്നപ്പോം രണ്ടു മൂന്നു മാസം ഞാൻ കഴിച്ചുകൂട്ടിയതു് ആലോചിയ്ക്കാൻ വയ്യാ. ഇവടങ്ങളിലൊക്കെപ്പറേണതു കേട്ടു, നിങ്ങളെത്തല്ലിക്കൊന്നൂന്ന്.

വാസു:—തല്ലി ചത്തില്ല. ഞാനങ്ങനെ എളുപ്പത്തിൽ ചാകില്ല.

അമ്മു:—എന്നാ നെഞ്ഞുകത്തി അത് കേട്ടപ്പോം. അഞ്ചാറുദിവസത്തേക്ക് ഞാൻ കണ്ണിന്റെ പോള കൂട്ടീട്ടില്ല, ഒരു ദിവസം ഒരു ഭയങ്കര സ്വപ്നം കണ്ടു.

വാസു:—എന്താത്?

അമ്മു:—അതു പറയണ്ട. ഭയങ്കരാ. എനിയ്ക്കോർക്കാൻ വയ്യ! ഞാൻ നിങ്ങടെ അമ്മേടെ അടുത്തുപോയപ്പോം അമ്മ എന്നെ കെട്ടിപ്പിടിച്ച കരഞ്ഞു. ഞങ്ങളൊക്കെ കണക്കാക്കീതു് നിങ്ങള് ചത്തൂന്നാണ്. എന്റെ ഗുരുവായൂരപ്പാ! എനിയ്ക്കു കരച്ചില് വന്നു....

വാസു:—അമ്മ്മ്മന്റെ അച്ഛനെന്തു പറഞ്ഞു?

അമ്മു: അച്ഛൻ നിങ്ങളെ ശകാരിച്ചു. നിങ്ങള് വേണ്ടാസനത്തിനു് പോയിട്ടാണ്ന്നു ജേലില് പിടിച്ചോണ്ടുപോയതെന്നു പറഞ്ഞു....ഇനി ഏങ്ങും പോണ്ട കമ്മ്യൂണിസ്റ്റ് ഒന്നും വേണ്ട.

വാസു:—എന്റമ്മേ ഞാൻ കമ്മ്യൂണിസ്റ്റൊന്നുമല്ല. ക്രിസ്റ്റ്യാനിയുമല്ല. കായ്സ്ഥൻ ശങ്കുനായരു് തല്ലാൻ വന്നതിനെപ്പറ്റി ഹർജികൊടുത്തതിന്റെ ദ്വേഷ്യം തിക്കാനല്ലേ എന്നെ ജേലിലിടീച്ചതു്....

അമ്മു:—എന്നായാലും ഞാനി ജേലിലൊന്നും പോണ്ട. എനിയ്ക്കിങ്ങനെ കാത്തിരിയ്ക്കാൻവയ്യാ.....(അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) നിങ്ങടെ അച്ഛനോടു പറഞ്ഞോ?

വാസു:—എന്തു്?

അമ്മു:—മറ്റേകായ്യം.....

വാസു:—ഏതുകായ്യം?....

അമ്മ:—മറ്റേകായ്യം....

ന്നു. ഡാളർ ജനാധിപത്യത്തിന്റെ മറ്റൊരു സാമ്പിളാ

* * *

അമേരിക്കയിലെ തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻസിനു് ഡെമോക്രാറ്റുകളെക്കാളും കൂടുതൽ സ്ഥാനങ്ങളാ ലഭിച്ചിരിക്കുന്നു. പക്ഷേ പേരിൽ മാത്രമല്ലാതെ നയത്തിൽ രണ്ടുകക്ഷികളും തമ്മിൽ യാതൊരുവ്യത്യാസവും ഇല്ല രണ്ടു പാർട്ടികളും ഡാളർസാമ്രാജ്യത്വത്തിനും, ലോകമേധാവിത്വത്തിനും യുദ്ധപ്രേമത്തിനുംവേണ്ടി യിലകൊള്ളുന്നു.

* * *

ഡെൻമാർക്കിൽ അവിവാഹിതരുടെമേൽ നികുതി ചുമത്തുന്നുണ്ട്. ഇൻഡ്യയിൽ വിവാഹിതരുടെമേൽ നികുതി ചുമത്തുകയാണ് വേണ്ടതു്,

* * * *

കമ്മ്യൂണിസത്തെ ഹോമിച്ചൊഴിക്കുന്നതിനു വേണ്ടി ബനാറസിൽ വൻതോതിലുള്ള കാളിപൂജ നടത്തുന്നതാണ്. ഏതായാലും കാളിയെ പ്രസാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ വേഗമാകുന്നതു് നന്ന്.. കാളിയുടെയും കൂളിയുടേയും മറവ് മുപ്പത്തിമുക്കോടി കാലവൈകൃതങ്ങളുടേയും അനുനിമിഷങ്ങളും വളരെ അടുത്തു കഴിഞ്ഞിട്ടുണ്ട്

* * *

രണ്ടുമാസത്തിനകം ഗോവധം നിരോധിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഗുജറാത്തിക ളായ ഒരു ഭർത്താവും ഭാര്യയും നിരാഹാര സത്യാഗ്രഹം ആരംഭിച്ചിരിക്കുന്നു

മദ്ധ്യപ്രദേശത്തിലുള്ള ഒരു വലിയ ഹിന്ദുവൈദിക മഠത്തിലെ സ്വാമിതിരുവടികൾ ഭക്ഷണപ്രശ്നം പരിഹരിക്കപ്പെടുന്നതുവരെ ധാന്യങ്ങൾ ഉപയോഗിക്കുകയില്ലെന്നു ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. പാലും പഴവുംകൊണ്ടു് അദ്ദേഹം തൃപ്തിപ്പെടുമത്രെ.

മറ്റൊന്നിനും കൊള്ളരുതാത്ത സപുത്രൻ മന്ത്രിയാകുമെന്നു് ഒരു ചീനക്കവി പറഞ്ഞതായി പണ്ഡിറ്റ് നെഹ്റു ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കയുണ്ടായി ഏപ്പോഴും ഉറക്കംതൂങ്ങിപ്പോകുന്ന ഒരാളിനു് ഡാക്ടർ വിധിച്ച ചികിത്സ അയാളെ ജനകീയ മന്ത്രിയാക്കുകയാണ്!

കുമാരി ആറ്റുപ്പുതിപ്പ്—

വാസു:—എന്തുകായ്ക്കും, അമ്മേ?

അമ്മു:—നിങ്ങളു് പറയാംന്നു് പറഞ്ഞകായ്ക്കും....

വാസു:—ഞാനെന്തു് പറയാമെന്നുപറഞ്ഞു?

അമ്മു:—നിങ്ങളു് പറയാമെന്നു പറഞ്ഞില്ലെ കരുകായ്ക്കും?

വാസു:—എന്തു്കായ്ക്കും?

അമ്മു:—(ശ്രുണ്ടിപിടിച്ചു) മണ്ണാങ്കട്ടി....

വാസു:—(ചിരിച്ചുകൊണ്ടു്) അമ്മു ശ്രുണ്ടിയെടുക്കാണ്ടു് സംഗതി ഉറന്നു് പറയു, 'മറേറകായ്ക്കും' 'മറേറക്കായ്ക്കും'ന്നു് പറഞ്ഞാല്, എനിയ്ക്കു് കാമ്മെയില്ല

അമ്മു:—(ചെറിയ കല്ലെടുത്തു് വാസുവിന്റെ നേരെ എറിഞ്ഞുകൊണ്ടു്) കാമ്മേലുംത്തെ നൊണയൻ!....

വാസു:—ഞാൻ പലകായ്ക്കുള്ളതും പറഞ്ഞിട്ടുണ്ടാവും.

അമ്മു:—ജേലിലു് പോയതിന്റെ രണ്ടുദിവസംമുമ്പു് ഇവിടെ വെച്ചു പറഞ്ഞതേയു്

വാസു:—എന്താണതു്?

അമ്മു:—(അധോമുഖിയായി) കല്യാണത്തിന്റെ കായ്ക്കും

വാസു:—(ചിരിച്ചുകൊണ്ടു്) ഓഹോ, അതോ?

അമ്മു:—(പരിഹാസസ്വരത്തിൽ അനുകരിച്ചുകൊണ്ടു്) ഹോഹോ അതോ ഇപ്പോ കാർമ്മ വന്നോ?

വാസു:—കാമ്മവന്നു. ഞാനത് പറയേണ്ടെന്നു് വച്ചു....

അമ്മു:—അതെന്താ?

വാസു:—നമ്മുടെ കല്യാണം വേണ്ടെന്നു് വെയ്ക്കുകയാണു് ഭേദം.

അമ്മു:—(ഉൽക്കണ്ഠ നിറഞ്ഞ സ്വരത്തിൽ) അതെന്താ ഇപ്പോഴിങ്ങിനെ പറേണതു്?

വാസു:—വേണ്ട....

അമ്മു:—ഉം?

വാസു:—അമ്മുനു് എന്നെകൂടെ ജീവിയ്ക്കാൻ പറ്റില്ല.

അമ്മു:—ജീവിയ്ക്കാൻ പറ്റില്ലേ?....

വാസു:—ഇല്ല. എനിക്കു ഒരു തകരാറുണ്ടു്

അമ്മു:—അതെന്താ?

വാസു:—അതു പറയണ്ട....

അമ്മു:—എന്തു തകരാറുണ്ടെങ്കിലും ഞാൻ സഹിച്ചോളാം

വാസു:—അമ്മുനു് സഹിയ്ക്കാൻ പറ്റില്ല.

അമ്മു:—(ദയനീയ സ്വരത്തിൽ) ഇങ്ങനെ എന്നെ കളിപ്പിയ്ക്കല്ലേ കായ്ക്കും മുറന്നു പറയു.

വാസു:—ഞാൻ പറയാം. ഞാൻ....(നിറുത്തുന്നു. അമ്മു ഉല്ക്കണ്ഠയോടുകൂടി ശ്രദ്ധിച്ചു നിൽക്കുന്നു) ഞാൻ....രാത്രി....ഭയങ്കരമായി....ക്ലേശം വലിയ്ക്കും! അമ്മുനു് അതുസഹിച്ചു് ഉറങ്ങാനാവില്ല.

അമ്മു:—(മുഖമിന്മേൽ വിരൽവെച്ചു് പൊട്ടിച്ചിരിച്ചുകൊണ്ടു്) കഷ്ടം! എന്നെ ഇങ്ങിനെ പേടിപ്പിക്കുന്നതു് കേട്ടോ നിങ്ങൾ പറയാൻ തുടങ്ങിയപ്പോൾ എന്തൊക്കെയോ വിചാരിച്ചു് എന്റെ നെഞ്ഞകത്തു കളി കൂടിയുന്നു! നിങ്ങൾ അച്ഛനോടു പറയാമോ?

വാസു:—പറയാം അച്ഛൻ സമ്മതിച്ചില്ലെങ്കിലോ?

അമ്മു:—സമ്മതിയ്ക്കാതിരിക്കുമോ?

വാസു:—എങ്ങിനെ നിശ്ചയിയ്ക്കാം? സമ്മതിച്ചില്ലെങ്കിൽ?

അമ്മു:—സമ്മതിച്ചില്ലെങ്കിൽ അതപ്പോളാലോചിയ്ക്കാം.

വാസു:—അമ്മുവിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ.

അമ്മു:—(അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) അച്ഛനിഷ്ടമാകപ്പാടെ വ്യസനിച്ചിരിയ്ക്കുയാണു്.

വാസു:—അതെന്തിനാണു്?

അമ്മു:—ഒരു മതത്തായി മാപ്പിളയില്ലേ? അയാക്കു് കുറേരൂപാ കടം വീട്ടാനുണ്ടു്. 600 രൂപാ അയാൾം തന്നു് 800 രൂപക്കു് അച്ഛന്റെ

നവംബർ 21

സാഹിത്യപരവും സാംസ്കാരികവും രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന പ്രൌഢലേഖനങ്ങളും; കഥകളും; കവിതകളും: സിനിമാവിമർശനം, ഗാനങ്ങളും

ഇ ല ക്കത്തിലെ ചില വിശേഷതകൾ

1. സാഹിത്യകലാരംഗത്തിലെ ഐകൃമുന്നണി
2. ലോകസമാധാന കോൺഗ്രസ്സ്
3. ഗാന്ധിസത്തിന്റെ വഴ്ചസത്ത
4. പൊറാക്കാട്ടിന്റെ കഥ
5. ടി. വി കെ. യുടെ കവിത
6. കെ. എൻ. വി. യുടെ കവിത

"ഇതു വായിച്ചുവോ?"
"ഇവരെ പരിചയപ്പെടണ്ടേ?"
"അതാ പറഞ്ഞതു്"
"വാത്തകൾ ഒറ്റ നോട്ടത്തിൽ"
"അവരെ സൂക്ഷിക്കുക"

ആക്ഷേപഹാസ്യകഥകൾ, ചിത്രങ്ങൾ മുതലായി അനവധി പുതുമകൾ നിറഞ്ഞ പംക്തികളോടുകൂടി പത്രപ്രവർത്തനലോകത്തിൽ ഒരു പുതിയ 'പ്രകാശം' പ്രസരിപ്പിച്ചുകൊണ്ടു്

പ്രകാശം പ്രതിപക്ഷ പത്രിക

നവംബർ 21-നു മുതൽ പുറത്തുവരുന്നു!

ക്രൌൺ ¼ സൈസിൽ 44 പേജു് — ആകർഷകമായ ഗറപ്പു് — ഒറപ്രതി 4 ണ.

വരിസംഖ്യ (ഏപ്പോഴും മുൻകൂർ)

മൂന്നുമാസത്തേയ്ക്കു്	1 8 0
ആറു ,,	2 8 0
ഒരു വർഷത്തേയ്ക്കു്	5 0 0

ഏജൻറന്മാക്കു് 25% കമ്മീഷൻ.

എഡിറർ പി വി. കുമാർ
'പ്രകാശം'
പ്രതിപക്ഷ പത്രിക
വഴുതക്കാടു് — തിരുവനന്തപുരം.

കയ്യിന്ന് നോട്ട് എഴുതിവാങ്ങിച്ചു. കൊല്ലം അഞ്ചാറായി, ഇപ്പോൾ പലിശയും പലിശയ്ക്കുപലിശയും ആയിട്ട് ആയിരത്തിൽ പിലപ്പാനം രൂപകൊടുക്കാനുണ്ട്.

വാസു:—ആ മത്തായി മറ്റപ്പള്ളയോട്ട പോയിമരിക്കാൻ പറ, അമ്മേ.

അമ്മു:—അയാളു പൊരേം, പറമ്പും ഒഴിപ്പിക്കാൻവന്നെങ്കിലോ എന്നാണ് അച്ഛൻപേടി.

വാസു: ഒഴിപ്പിക്കാൻവന്നാൽ ഒഴിയണ്ടാ.

അമ്മു:—ഒഴിയാണ്ട് ഒക്കോപോ?

വാസു:—എന്താ കത്താമ്പ്?

അമ്മു:—പൊരേം പറമ്പും അയാക്ക് പണയം എഴുതീതാണ്.

വാസു:—പണയം! പിണ്ണാക്കോണ്ട്! പൊരേന്നൊഴിപ്പിച്ചാല് മനുഷ്യക്ക് പബ്ലിക്ക് നിരത്തില് ജീവിക്കാനൊക്കോപോ? ഒഴിപ്പിയ്ക്കാൻ വന്നാൽ ഒഴിയരുത്.

അമ്മു:—ആവോ....എനിയ്ക്കൊന്നും അറിയില്ല....നേരംപോയി. ഞാൻ പോകട്ടെ അച്ഛൻ പായകൊച്ചാൻ വിളിയ്ക്കും

[രണ്ടുപേരും രണ്ടുവഴിയ്ക്കു പോകുന്നു]

രംഗം 3

[മത്തായിയുടെ വീട്ടിന്റെ ഉമ്മറം. ഒരു ചാരുകസേര, രണ്ടു മൂന്നു കസേരകൾ, ഒരു വട്ടമേശ. ചുമരിന്മേൽ, കരിശിൽ തറയ്ക്കപ്പെട്ട ഒരു വലിയ പടം; കന്യാമറിയത്തിന്റെ മറ്റൊരുപടം; നെഹ്റു, പട്ടേൽ എന്നിവരുടെ ഫോട്ടോകൾ. സമയം വൈകുന്നേരം. മത്തായി ഒരു ചാരുകസേരയിൽ എന്തോ കുത്തിക്കുറിച്ചുകൊണ്ടിരിക്കുന്നു. വെളുത്തു, തടിച്ച് ഉയരംകുറഞ്ഞൊരു മനുഷ്യൻ. ഏതാണ്ട് 50 വയസ്സ് പ്രായം. തല ക്ലോസ്ക്രോപ്പാണ്. രോമങ്ങൾ ധാരാളം നരച്ചുതുടങ്ങിയിരിക്കുന്നു 'കുടവയർ' ചാടിയിട്ടുണ്ട്. ഒരു ഖദർമുണ്ടു മാത്രമാണ് വേഷം. സപ്ലൈയിം ഉള്ള ഒരു കണ്ണട വെച്ചിരിക്കുന്നു. കഴുത്തിൽ സപ്ലൈച്ചരടലയിൽ കോർത്ത ഒരു കൊന്ത. കുഞ്ഞൻ പണിക്കർ വടിയും കുത്തിപ്പിടിച്ച് പ്രവേശിച്ച്, മത്തായിയുടെ ശ്രദ്ധയെ ആകർഷിക്കാൻ ഒന്നു ചുമയ്ക്കുന്നു. പണിക്കർ കരലക്കിയമുണ്ടുടുത്തു് ഒരു മേൽമുണ്ട് അരയിൽ കെട്ടിയിരിക്കുന്നു.]

മത്തായി: —(ചുമകേട്ട് തലയുയർത്തി പണിക്കരെ ആപാദചൂഡം നോക്കി ഗൗരവത്തിൽ) ഉം....പണിക്കരച്ചനോ....

പണിക്കർ: —(മുട്ടുക് ഒന്നു നിവർത്താൻ ശ്രമിച്ചുകൊണ്ട്) ഞാനിങ്ങോട്ടുവരാൻ പുറപ്പെട്ടിട്ട് ദിവസം കുറച്ചായി ഇന്ന്, നാളെ എന്നു വിചാരിച്ചുകഴിഞ്ഞു. ഇപ്പ കുനും വയ്യാഞ്ഞിട്ട് നടക്കാൻ വയ്യ 30 വയസ്സിലു് തുടങ്ങീതാണ് ഈ കുനു്. ചികിത്സിക്കാൻ വളരെ പണം ചിലവിട്ടു. ഒരു ഫലവുമുണ്ടായില്ല. പാതിരിക്കീരി പറഞ്ഞു, 'ആപ്രേഷൻ' ചെയ്താൽ മുട്ടുക് നിവരും എന്നു് ഞാൻ പറഞ്ഞു വേണ്ടെന്നു്. എന്തിനു് രണ്ടി വെരുത കീറിമുറിക്കുന്നു ജാതകത്തിലു് ഒരു കുജരാഹുസന്ധി നിൽക്കുമ്പോൾ ആപ്രേഷനല്ലാ, ഇപ്രേഷൻ ചെയ്താലും കായ്മുണ്ടാവില്ല....

മത്തായി:—(പണിക്കരുടെ പ്രസംഗത്തിൽ വലിയ താല്പര്യമില്ലാതെ ഇടയ്ക്കുകയറി) പണിക്കരച്ചനോട് ഞാൻ വരാൻ പറഞ്ഞതു് ഒരു സംഗതി പറയാനാണു്.

പണിക്കർ:—(ഉല്കണ്ഠയോടെ) എന്താവോ, അത്?....

മത്തായി:—ആ പണത്തിന്റെ കായ്മ....(തിരിഞ്ഞു്) അന്തോണ്യോ ഒടാ അന്തോണ്യോ! (അന്തോണി അകത്തുനിന്നു വിളികേൾക്കുന്നു) ആ കുന്തക്ക പുസ്തകം ഇങ്ങോട്ടെടുത്തേ....(അന്തോണി ഒരു കയ്യിൽ ഒരു പുസ്തകവും മറ്റൊരുകയ്യിൽ കണ്ണടയും പേനയും പിടിച്ചു് പ്രവേശിയ്ക്കുന്നു) പണിക്കരച്ചന്റെ കണക്കെന്നു് നോക്കൂ, നീയു്

അന്തോണി:—(കണ്ണടമുക്കിന്മേൽവെച്ചു് പുസ്തകം മറിച്ചുനോക്കുന്നു) ആയിരത്തിനാനൂറ്റി ഏഴുപത്തൊന്നു രൂപാ....പതിനൊന്നണാ.... ഒൻപത് പൈ ഉണ്ടു്....ഏഴുകൊല്ലം....അഞ്ചുമാസത്തെ പലിശ കണക്കാക്കിട്ടുണ്ടു്....

മത്തായി: —അമാസത്തെ പലിശവിട്. അതങ്ങ്ട് പോട്ടേ, അന്തോണ്യോ. അതു് കഴിച്ചു് പറ.

അന്തോണി:—ആയിരത്തിനാനൂറ്റി....അറുപത്തിനാലുരൂപാ....പിലപ്പാനം വരും.

മത്തായി: ഉം....ആയിരത്തിനാനൂറ്റി അറുപത്തുരൂപാ എന്നു കണക്കാക്കു് (ഈ കണക്കുകൂട്ടൽ ഉല്കണ്ഠയോടുകൂടികേട്ടു നിന്നിരുന്ന പണിക്കരുടെ നേരെ തിരിഞ്ഞു്) എന്താ നിങ്ങളു് വിചാരിയ്ക്കുന്നതു് പണിക്കരച്ചോ

പണിക്കർ:—അതു് ഞാനീ വർഷം തികയുന്നതിനുമുമ്പു് തീക്കും

മത്തായി: —ഇതു് ഞാനെത്ര കേട്ടുകഴിഞ്ഞു പണിക്കരച്ചോ? നാളെ നാളെ, നാളെന്നു് പറഞ്ഞു കൊല്ലം ഏഴു് കഴിഞ്ഞില്ലേ?

അന്തോണി:—(പണിക്കരോടു്) മുതലാളി കത്താവിനെ കൊണ്ടു് ഇതുവരെ മുങ്ങാങ്കുഴിയിട്ടിരുന്നതാണു്. അല്ലെങ്കി ഇതിയ്ക്കുമുമ്പ് തന്നെ വഹ ഈടാക്കാൻ മുതലാളിയ്ക്കറിയും. എന്താ പണിക്കരച്ചോ. ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ?

പണിക്കർ: —അതു നിങ്ങളു് പറയണ്ടുതന്നെ എനിയ്ക്കറിയാം, അന്തോണ്യാപ്ലേ. ഒരു രണ്ടുമാസവുംകൂടി എനിക്കു് ഇടതരണം

മത്തായി:—(ഗൗരവത്തിൽ) അതൊന്നും പറഞ്ഞാ പറഞ്ഞാ. കടക്കാരനുടെ കയ്യിന്മേൽ ഇടിച്ചുകൊണ്ടു് ഒരാഴ്ചക്കത്തു് എനിയ്ക്കു് വഹ കിട്ടണം!

പണിക്കർ: —അയ്യോ, മുതലാളി, അങ്ങിനെ പറയല്ലെ രണ്ടുമാസത്തിനകത്തു് ഞാനെവിടെനിന്നെങ്കിലും പണമുണ്ടാക്കിത്തരാം.

അന്തോണി: —(പണിക്കരോടു്) രണ്ടുമാസല്ല, രണ്ടുകൊല്ലല്ല, ഏഴുകൊല്ലം മുതലാളി കാത്തിരുന്ന ആ കായ്മ്പം മറക്കരുതു് ഇനിയും കാത്തിരിയ്ക്കാൻ പറയണതില് മയ്യാദയില്ല എന്താ, പണിക്കരച്ചോ ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ?

പണിക്കർ:—അതു് എനിക്കു് നല്ലോണംപോലെ കാമ്മയുണ്ടു്, അന്തോണ്യാപ്ലേ. ഏഴുകൊല്ലം കാത്തസ്ഥിതിയ്ക്കു്, രണ്ടുമാസവുംകൂടി കാത്തിരിക്കണമെന്നാണെന്റെ അപേക്ഷ....

അന്തോണി:—അതിനത്തോല്യ. മുതലാളിയല്ല; വേറെവല്ലൊരും ആണെങ്കിൽ, ഇതിയ്ക്കുമുമ്പു് പണിക്കരച്ചന്റെ 'അണ്ടകം കത്തിച്ചേനേ.

മത്തായി:— ഇനി ഈ കളി കളിക്കല്ലു.... അന്തോണ്യയ നീയു് വക്കീലിനെകണ്ടോ?

അന്തോണി: —ഇല്ല.

മത്തായി: —എന്നാല് ഇന്നുപോയി വക്കീലിനെ കാണണം. കരനുായം ഫയലാക്കാൻ പറ.....ഉടൻ ജപ്തിയ്ക്കു്.

അന്തോണി:—പറയാം

പണിക്കർ:—(നെഞ്ചത്തു് കൈവച്ചു്) അയ്യോ മുതലാളീ, ചതിയ്ക്കല്ലേ. കുനും പാടില്ലാത്ത ഈ കെളവനേ ഒരു പെങ്കിടാവിനേം പെരുവഴിലാക്കല്ലേ.

അന്തോണി: —നിങ്ങളങ്ങനെ പറയരുതു് പണിക്കരച്ചോ. കഞ്ഞി വെയ്ക്കാൻ കാശില്ലാണ്ടു് തിരിയുന്ന നേരത്തു് സഹായിച്ചതാണ് മൊതലാളി. കൊല്ലം ഏഴു കാത്തിരുന്നു. അതു നിങ്ങളു് മറക്കുന്നതു് നന്ദികേടാണ്. എന്താ ഞാൻ, പറേണേല് വല്ല മിഷ്ടേക്കുണ്ടോ, പണിക്കരച്ചോ.

മത്തായി: —അതങ്ങനൊന്നുടാ, അന്തോണ്യേയ് അതു മനുഷ്യരുടെ സുഭാവാണ്. ഉപകാരം ചെയ്താല് അതു് ദോഷാണ്. ഒരു കെളവനും, കുഞ്ഞും പള്ളവെശന്നു് പൊരിയണ്ടാന്നു് കരുതി ഞാൻ പണം കൊടുത്തതാണ്.

പണിക്കർ:—(ഇടയിൽ കടന്നു്) അയ്യോ അതൊന്നും ഞാനിജന്മം മറക്കില്ല, മൊതലാളി. രണ്ടുമാസത്തെ എടക്കൂടി തരണമെന്നല്ലേ ഞാൻ പറഞ്ഞുള്ളൂ?

★ കോളേജ് ★

ചെമ്മനം ചാക്കോ

(യൂണിവേഴ്സിറ്റികോളേജ്)

[കോളേജിലെ ഒരു ദിവസത്തെപ്പറ്റിയുള്ള ഏറ്റവും ഹീയലിസ്റ്റിക്കായ ലേഖനത്തിന് 25 രൂപാ സമ്മാനം നൽകുന്നതാണെന്ന പ്രസിദ്ധീകരിച്ചിരുന്നല്ലോ. സമ്മാനാർഹമായ ലേഖനമാണ് താഴെ പ്രസിദ്ധീകരിക്കുന്നത് ശ്രീ നാരായണകോളേജിലെ (കൊല്ലം) രമാദേവിയുടെ ലേഖനത്തിനാണ് ഏറ്റവും കൂടുതൽ മാർക്കു ലഭിച്ചതു് പക്ഷെ ആ ലേഖനത്തിൽ ശരിയായ മേൽവിലാസം ഇല്ലായിരുന്നു. ശരിയായ മേൽവിലാസം അറിയിക്കണമെന്നാവശ്യപ്പെട്ടിട്ട് അറിയിച്ചുമില്ല വളരെയേറെ വിദ്യാർത്ഥിനികൾ ഈ മത്സരത്തിൽ പങ്കെടുത്തു. അവർക്കു കൺസലേഷൻ പ്രൈസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ ലേഖനങ്ങൾ വീണ്ടും പരിശോധകസമിതിക്കയക്കുന്നു. മി. ചെമ്മനത്തെ അഭിനന്ദിക്കുവാനും ഈ അവസരം ഞാൻ ഉപയോഗിക്കുന്നു—സമ്മാനത്തുക ചെമ്മനത്തിനു് അയച്ചുകൊടുത്തിട്ടുണ്ട്.

കെ. ബാലകൃഷ്ണൻ]

എണ്ണവീണ ഷർട്ടുമായി ഞാൻ എങ്ങനെയാണു കോളേജിലേക്കു പോകുന്നതു് അലക്കിത്തേച്ചു വടിവൊടിയാത്ത മിനുങ്ങുന്ന ഷർട്ടുമിട്ടുകൊണ്ടായിരിക്കും എന്റെ കൂട്ടുകാരെല്ലാവരും വരുന്നതു് അന്നു തീർച്ചയാണു്; പോരെങ്കിൽ കോളേജ് യൂണിയന്റെ ഇലക്ഷൻ ദിവസവും!

എനിക്കവരോ ഷർട്ടിരിപ്പില്ല അന്നു കോളേജിൽ പോയില്ലെങ്കിലോ എന്നു ഞാനാലോചിച്ചു. എന്തുചെയ്യും! ആവശ്യങ്ങളും അത്യാവശ്യങ്ങളുമുള്ളതിൽ അത്യാവശ്യങ്ങൾക്കേ ചെലവു ചെയ്യാവൂ എന്നു ഉപദേശം നൽകിയ ഒരു നാടൻ കൃഷിക്കാരനായ പിതാവിന്റെ സുപ്രതീക്ഷകം മാത്രമേ എനിക്കു കൂടുതൽ ധനമായുള്ളതിന്റെ മകനെ പഠിപ്പിക്കാൻ കഷ്ടപ്പെട്ടുതുടങ്ങിയ കാലവർഷവും നനഞ്ഞുനനഞ്ഞു ഇഞ്ചിക്കു വരിപ്പുവെട്ടുന്ന പിതാവു് എന്റെ മുമ്പിൽക്കൂടി കടന്നുപോയി എനിക്കുവേണ്ടി പാടുപെടുന്ന സഹോദരങ്ങളും എന്റെ മുമ്പിലേക്കു വന്നു. ആ ഷർട്ടുമിട്ടുകൊണ്ടാണെങ്കിലും ശരി കോളേജിലേക്കു പോവുകയാണു് വേണ്ടതെന്നു അവസാനം ഞാൻ തീരുമാനിച്ചു. പോരാഞ്ഞിട്ടു് എനിക്കു് ഒരു വോട്ടിന്റെ അവകാശവുമുണ്ടു്.

പെൺകുട്ടികളെപ്പോലെ നെഞ്ഞത്തു പുസ്തകവും ചേർത്തുപിടിച്ചുകൊണ്ടു ഞാൻ നടന്നു പോയി അവിടെയായിരുന്നു കൂടുതൽ എണ്ണമറിഞ്ഞു് വീണിരുന്നതു് കൂട്ടുകാരിൽനിന്നു് അന്നു ഞാൻ മനഃപൂർവ്വം അകന്നുനിന്നു. ഒരു സിനിമാശാലയുടെ പ്രതീതിയാണന്നു കോളേജിനുണ്ടായിരുന്നതു്. ഗേറ്റിലും, തൂണിലും, ഭിത്തികളിലും വാൾപോസ്റ്ററുകൾ, നോട്ടീസുകൾ എന്തെല്ലാം! 'ശശിധരൻ' ചന്ദ്രലേഖ' എന്നുള്ളതൊഴിച്ചു് ബാക്കിയെല്ലാം പുതിയ ചേരുകൾ മാത്രം. നമ്മുടെ സ്ഥാനാർത്ഥിക്കു് ഉടുക്കുവാനുള്ള തുണിയുണ്ടു്. Please vote for എഴുതിക്കൂട്ടിച്ചിരിക്കുന്ന കാരണം ഗേറ്റിനെ സമീപിച്ചപ്പോഴേയ്ക്കും ഒരു പതിനഞ്ചുപേർ എന്നെ വളഞ്ഞുകഴിഞ്ഞിരുന്നു. ഒരു ഗറില്ലായുദ്ധമാണോ എന്നു സംശയം ജനിക്കുമാറു്. ഞാൻ എല്ലാവർക്കും വോട്ടുചെയ്യണം എല്ലാവരും എന്നെന്റെ സ്ഥാനാർത്ഥിക്കുവേണ്ടി പ്രവർത്തിക്കണം എന്നു അപേക്ഷിച്ചു. അവരുടെയെല്ലാം മുഖത്തു് അവിഹിതമായ പുഞ്ചിരിയുടെ അലകൾ തിരത്തള്ളുന്നതു കണ്ടപ്പോൾ യുവതിയുടെ വിശുദ്ധമായി ഞാൻ സമ്മതം മൂളുന്നതു പോലെ പരസ്പരവിരുദ്ധമായും, എല്ലാവരും വട്ടമിട്ടു നില്ക്കുകയാണു്. എന്റെ എണ്ണവീണ ഷർട്ടു്, അതിലാണെനിക്കാശ്വാസം. ഞാൻ വിഷമിച്ചു. രണ്ടു പെൺകുട്ടികൾ പിറകേ വന്നതു് എന്റെ മഹാഭാഗ്യം പകുതിയാക്കിയ അഭ്യർത്ഥനകളും കൊണ്ടു് ആ ശൃംഗാരക്കുഴമ്പുകാർ സ്ഥലംവിട്ടകന്നു.

അസഹ്യമായ ഏകയചിന്തയോടെ ഞാൻ കോളേജിലേക്കു നടന്നുതുടങ്ങി, നാലുപെൺകുട്ടികൾ പിറകേ വന്നതു് ആരെയോ പ്രതീക്ഷിച്ചു അവിടെത്തന്നെ നിൽക്കുന്നുണ്ടു്. ഒരുത്തിനുമാത്രം കവിത്തമാണു്. ഞാൻ ലൈബ്രറിയിൽവച്ചു മിക്കപ്പോഴും കാണാറുള്ള ആ കണ്ണുകഴിഞ്ഞ ഫിലോസഫിക്കാരിയും അക്കൂട്ടത്തിലുണ്ടു്. പുരുഷന്മാരിക്കാരിയെ എനിക്കു പരിചയമില്ല പക്ഷേ എന്നെ സമീപിച്ചതു് അപരാധമായിരുന്നില്ല നാലാൾത്തവണ; ഏതാണൊരു ചന്തമുണ്ടവൾക്കു്. അല്പമൊരുമത്തക്കണ്ണിയാണെന്നുമാത്രം.

ഒരു മുഖ്യയുടെ അനുജത്തിയേക്കാൾ സ്വാതന്ത്ര്യത്തോടും പരിചയത്തോടും കൂടിയാണവൾ വരുന്നതു് നല്ലകണ്ണുകൾ; നല്ലപുഞ്ചിരി! ഞാൻ സി. ബാലകൃഷ്ണൻ എന്റെയടുക്കലുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ ഞാൻ ഇങ്ങനെയൊന്നും പറയുകയില്ലായിരുന്നു. അവൾ എന്റെ കൈപിടിച്ചു് ഒരു ഞെക്കുകൊടുത്തു. ഞാൻ ഒന്നു ഞെട്ടി. അവൾ ചിരിച്ചു. ഞാൻ ചിരിച്ചു

ന്നെങ്കിൽ അവർക്ക അരപ്പതുശതമാനം മാർക്ക് കൊടുക്കുമായിരുന്നു.

"ആർക്കെങ്കിലും പ്രോമിസ്സ് ചെയ്തിട്ടുണ്ടോ?"– അവൾ ചോദിച്ചു.

ഹാ! എന്തൊരു ചോദ്യം!

"ഇല്ല"—എന്റെ പുസ്തകങ്ങൾ മാറിടത്തിലേയ്ക്കമർത്തിപ്പിടിച്ചുകൊണ്ടു ഞാൻ മറുപടി പറഞ്ഞു.

അവൾ എന്റെ കണ്ണിൽത്തന്നെ ഉറ്റുനോക്കുകയാണു. നുണച്ചുകുഴി; വട്ടമുഖം അധികമാകാത്ത മാറിടം. ഛേ! ഛേ! ഇതൊരു അഭ്യസ്തവിദ്യനു യോജിച്ചതല്ലെന്നബോധം എന്റെ മുമ്പിൽ തലപൊക്കി.

"എന്നിട്ടു പ്രോമിസ്സുചെയ്യാമോ?—നോട്ടീസ് കൈയിൽത്തന്നുകൊണ്ടവൾ ചോദിച്ചു.

ഞാൻ ചുറ്റുപാടും നോക്കി. മറ്റു മൂന്നുപേരും കൂടി എന്നെ കണ്ണുകൊണ്ടു നോക്കുന്നുണ്ടു്. ഹാ! എന്റെ എണ്ണവീണ ഷർട്ടു്. കാര്യം നല്ല അവസരമായിരുന്നു.

"ആലോചിക്കാം" പെട്ടെന്നു മറുപടി കൊടുത്തിട്ടു ഞാൻ സ്ഥലംവിട്ടു.

ഫിസിയോളജി ക്ലാസ്സായിരുന്നു ആദ്യം ബെല്ലടിച്ചു. മൂലകളിലും കോണിപ്പടിക്കലും കമൻറടിച്ചു കണ്ണുവെട്ടിച്ചു രസിച്ചുകൊണ്ടിരുന്ന 'കൊച്ചുതമ്പുരാക്കന്മാർ' പ്രവർത്തനപരിധി ക്ലാസ്സുകളിലേക്കു ചുരുക്കി. ഞങ്ങളെല്ലാവരുടെയും സ്ഥാനം പിടിച്ചു. കുറേക്കഴിഞ്ഞു എന്റെ സീറ്റു് ആദ്യത്തെ ബഞ്ചിലുമാണു് അന്നുമാത്രം അതൊരു ശാപമായിട്ടെനിക്കുതോന്നി.

പാരമ്പര്യവാദികളെയും മുതലാളിവർഗ്ഗങ്ങളെയും തയ്യാറാക്കാനുള്ള മൂച്ചുതികഞ്ഞ യന്ത്രങ്ങളെപ്പോലെ കോളേജുകമരേഷികൾ ക്ലാസ്സിലേക്കു കയറിവന്നു. എത്രമാത്രം വിലപിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളുമാണു ഓരോരുത്തരും അണിഞ്ഞിരിക്കുന്നതു് പഠനത്തോടൊപ്പം വലുതായും സംസ്കാരം വർദ്ധിക്കുകയാണങ്ങനെ. സുഖസമൃദ്ധിയിൽ പതച്ചുനടന്ന ഒടുവിൽ ലോകത്തിനും സമ്പാർഗ്ഗത്തിനും പ്രയോജനപ്പെടാതെ പറഞ്ഞാട്ടുന്ന ഉപരിമന്ധ്യവർഗ്ഗത്തിലെ സ്ത്രീവർഗ്ഗം സാമൂഹ്യനീതിയുടെ കനിവുതേടി ഉണരുന്നെങ്കിൽ വരാൻപോകുന്ന മരാത്ത വർഗ്ഗസമരങ്ങളും കൂടാതെ കഴിക്കാമായിരുന്നു എന്നു ഞാനോർത്തുപോയി.

ഏതാണ്ടൊട്ടു കവിഴ്ന്നതുപോലെ ഞാൻ ക്ലാസ്സിൽ ഇരുന്നു. എന്റെ എണ്ണവീണഷർട്ടു ആരും കാണരുതല്ലോ കുട്ടികൾക്കു തമാശപറയാനുള്ളഅവസരമാണല്ലോ. ഒരുകോടിസാരിയുമുടുത്തു രാധാമണി ക്ലാസ്സിലേക്കു കയറി വന്നപ്പോൾ കയ്യൻവർഗ്ഗീസ് വിളിച്ചുപറഞ്ഞു:—"വയനാടൻ മഞ്ഞൾമുറിച്ചപോലെ"

അപ്പുക്കുട്ടൻനായർ ഏറുപാടി;"മാനത്തു നെങ്ങാനും പൊട്ടിവീണോ!"

അസിസ്റ്റൻറുമുക്ചാരമായി അല്പം ലഘിലാക്കയ്യൻ കയറിവരുന്നും ഇട്ടിച്ചെറിയ തട്ടി മൂളിച്ചു:—"ഗുരുവിനെ വരനാക്കുന്നതും പാപമല്ലേ!"

ആ വണ്ണംകൂടിയ ഉരുണ്ടുരുണ്ടുനടക്കുന്ന തങ്കമ്മ കയറിവരാനും നാലാംബഞ്ചുകാർ പല്ലവി മാറിയിട്ടു്: "ഓ, ടടടം, ടടടം, ടടടം, ടടടം, ടടടം, ടടടം ടടടം ടടണ്ടടാം."

"കോൺഗ്രസ്സു ശിവരാമപിള്ളയ്ക്കു വോട്ടുചെയ്യുവിൻ"—തുടർന്നു ദീർഘമായ ഒരു പ്രസ്താവനയും കൂട്ടുചിരിയും

അതാ പ്രൊഫസർ വരുന്നുണ്ടു്; ഒച്ചയുണ്ടാക്കി സഹോദരികളുടെയടുക്കലെ പ്രോപ്പഗാൻറാവർക്കു നിവൃത്തി കുഞ്ഞമരയ്ക്കാരും സ്ഥാനംപിടിച്ചു

ഞങ്ങൾ എഴുന്നേറ്റു; ഇരുന്നു. പ്രൊഫസർ ഫാജറെടുത്തു.

സമീപത്തു തയ്യാറാക്കിവച്ചിരുന്ന, അസ്ഥിപഞ്ജരത്തിന്റെ നേരെ ആവശ്യത്തിലധികം അയഞ്ഞുകിടക്കുന്ന സിൽക്കുജുബ്ബായിൽ കാളകളിക്കുമാറു് തിരിയുന്നതിനിടയ്ക്കു് അദ്ദേഹം പറഞ്ഞു:— "To day, as you all know we have to examine the skeletal system of the human body"

കുട്ടികളെല്ലാരും അതിന്റെ നേരെ നോക്കി പൊട്ടിച്ചിരിച്ചു. അതിന്റെ കഴുത്തിൽ ഒരു കടലാസ്സുകഷണം കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. അതിൽ ഇങ്ങനെ എഴുതിയിട്ടുണ്ടു് "ജീവിക്കുവാനുള്ള അവകാശം സ്ഥാപിക്കുവാൻവേണ്ടി പൊരുതുക."

"Who presented his forefather with this garland" –ശ്ലോകം ഫലിതമാക്കിക്കൊണ്ടു് അദ്ദേഹം ചോദിച്ചു

"പാക്കോ–പാക്കോ" അവിടുന്നും ഇവിടുന്നും ആരൊക്കെയോ വിളിച്ചുപറഞ്ഞു

അദ്ദേഹം എന്നെ നോക്കി, ഞാൻ എഴുന്നേല്പുണ്ടെന്നുവന്നു എല്ലാവരും എന്നെ നോക്കി. എന്റെ എണ്ണവീണഷർട്ടു്. ഹാ!

"Foolish ness! sit down" പ്രൊഫസറുടെ വാക്കുകൾ, ആ തീയോട്ട അപ്പോൾ കളിക്കുന്നതു ആരോഗ്യപ്രദമല്ലെന്നു എനിക്കു തോന്നി.

പ്രൊഫസ്സർ തുടർന്നു:—"The weight, strength, posture and such other featurees of the body mainly depend upon the bones of the body"

എന്റെ ചിന്ത വേറൊരു വഴിയിലൂടെ പോയ്ക്കൊണ്ടിരുന്നു:—ഒരു അദ്ധ്യാപകനോ താനോ അസ്ഥിപഞ്ജരമെന്നാരറിഞ്ഞു അമേരിക്കയിൽ നിന്നു വലിയ വിലകൊടുത്തു കൊണ്ടുവന്നതാണെന്നു അറിയാതെ കേട്ടു. എത്രയാലും അതൊരു മുതലാളിയുടെതായിരിക്കുകയില്ല. അതിനെ പൂജിക്കാൻ ഉടമസ്ഥന്മാർ കാണും. അതിങ്ങനെ വീട്ടകിടക്കുകയില്ല വയറും കുടുംബവും പുലർത്താൻ വഴികാണാതെ പട്ടാളത്തിൽചേരുന്നു സാമ്രാജ്യമുതലാളിത്തത്തിനു വേണ്ടി ജീവൻ കളയുന്നതിനുകൊടുത്ത ഒരു നിശ്ചയസാധുവിൻറേതായിരിക്കുമതു് ഉടയോൻറെ ആഗ്രഹങ്ങൾക്കു കീഴടങ്ങേണ്ടി വന്നശേഷം, കരിമ്പിൻപണ്ടിയെപ്പോലെ പരിതൃജിക്കപ്പെട്ട നിരാശ്രയയായ, ഗർഭിണിയായ ഒരു സ്ത്രീ ആത്മഹത്യചെയ്യുവിൽക്കുന്ന ഒരു രൂപമായും അതെനിക്കു പ്രത്യക്ഷപ്പെട്ടു

"There are four kinds of joints ball and socket joint, pivot joint Hinge joint, and gliding joint" ഒരു വാചകംകൂടി ഇടയ്ക്കുന്നെന്റെ മനസ്സിൽ കയറി.

ഭയങ്കരമായ വിലകൊടുത്തു വാങ്ങിച്ചതാണെന്നുള്ളേ പറഞ്ഞതു്. എത്രയാലും അതു വിൽക്കുന്ന ഗവർമ്മെൻറിനു ആയിനത്തിൽത്തന്നെ ഒരു നല്ല ആദായമുണ്ടാകുന്നുണ്ടായിരിക്കണം.

"പക്ഷേ അസ്ഥികൊക്കു വിലകുറയും"

ആ രൂപം എന്നോടു പറയുന്നതായി എനിക്കു തോന്നി ലോകം അനിവാര്യം പരിവർത്തനം ചെയ്യുകയാണു് ജീവിക്കുവാനുള്ള അവകാശം സ്ഥാപിക്കുവാൻവേണ്ടി കർഷകനും തൊഴിലാളിയും എന്നുവേണ്ട പാടുപെടുന്ന കോടാനുകോടി വർഗ്ഗവും മരണയോടു കൂടാതെ പൊരുതിവരികയാണു്. ഏതുതു അപ്രതിരോധ്യശക്തികളെയും തൃണവൽഗണിച്ചുകൊണ്ടു് മരണത്തിൽകൂടിയും അതു അതിജീവിക്കും. ഇടമുറിയാതെ പാടുപെട്ടിട്ടും മുതലാളിത്തസാമ്രാജ്യത്തിന്റെ തൊക്കിപ്പിഴിച്ചിലിൽ നട്ടംതിരിഞ്ഞു്, ജീവിക്കുവാൻ അപ്രാപ്യനായിത്തീർന്ന വേലക്കൊണ്ടു് കരിഞ്ഞ എൻറെ പിതാവും അദ്ദേഹത്തെപ്പോലുള്ള അനേകം കർഷകരും, അവകാശവാദമുണർത്തിച്ച അധികാരത്തോടു് നിർദ്ദാക്ഷിണ്യം മല്ലടിച്ചതായും, കൂട്ടംകൂട്ടമായി കൊല്ലപ്പെട്ടതായും എനിക്കു തോന്നി. എന്റെ മുമ്പിൽ കാണുന്നതു് അവകാശികളില്ലാതെ ശേഷിച്ച എൻറെ പിതാവിൻറെ അസ്ഥിപഞ്ജരമാണെന്നും, "മകനേ, ഞങ്ങൾ പരാജിതരായെങ്കിലും നീയും നിൻറെ തലമുറയും ജീവിക്കുവാനുള്ള അവകാശം സ്ഥാപിച്ചുകിട്ടുവാൻവേണ്ടി പൊരുതുക" എന്നു എന്നോടു ഉപദേശിക്കുന്നതായും എനിക്കു തോന്നി.

"The canaliculi communicates with the haversian canal" – പ്രൊഫസർ Bone tissue system വിവരിക്കുകയാണു്

എനിക്കും ഒരു കർഷകനാകണം. വിദ്യാഭ്യാസമുള്ള ഒരു കർഷകനാകണം. മാറുകർഷക

കരിഞ്ഞൊട്ട
മെതിയടി
S. N. A. STORES,
Railway Station Road,
Pettah, Trivandrum

രിൽ ഞാൻ സമൂഹബോധം ഉളവാക്കും. സ്വമണ്ഡലത്തിലുള്ള ഇത്തിൾക്കണ്ണികളെപോറാനുള്ള വരം പണിയരുതുള്ളായി കർഷകൻ അവശേഷിക്കരുതു്. ആശയത്തിൽ ഞങ്ങളെല്ലാവരും ഒന്നിച്ചുചേരും. നിയമം നിഷേധിക്കയുംചെയ്യും. ചൂഷണം ചെയ്യാൻ മാത്രമറിയാവുന്ന ഒരു ഗവർമ്മെൻറു വേണ്ടെന്നുപറയും ഞങ്ങളെ കുടിവയ്ക്കും ഞങ്ങൾ വർഗ്ഗബോധത്തോടുകൂടി ഒറക്കാലിൽനിന്നു കൊരുത്തും ചാടുമ്പോൾ അതിൽ ഞാൻ മരിച്ചുപോയെന്നുവരാം. എന്നാലും എന്റെ കൂട്ടുകാർ പോരാട്ടം അവസാനിപ്പിക്കയില്ല. മുന്നോട്ടുപോകും. പക്ഷേ അനന്തരതലമുറകളെ അഭ്യസിപ്പിക്കുവാൻ എന്റെ അസ്ഥിയും ഇതുപോലെ ക്ലാസിൽകൊണ്ടു നിറുത്തിയെന്നുവരും.....”

“What all things Constitute the Haversian System—Chacko?” പ്രൊഫസർ എന്നോടൊരു ചോദ്യം! അദ്ദേഹത്തിനു അങ്ങനെ ചില പതിവുണ്ടു് ഞാനൊരു മരപ്പാവപോലെ എഴുന്നേറ്റുനിന്നു.

“Next Next, Next” ക്ലാസ്സിൽ ആരും മറിഞ്ഞുകടാ അതിന്റെ ഉത്തരം. ഹാ! ബല്ലടിച്ച കുരുത്തം!

ഷേക്സ്പിയർ ക്ലാസ്സായിരുന്നു അടുത്തതു്. ശിവരാമപിള്ളസാർ അന്നു വന്നിട്ടില്ല എല്ലാവരും ക്ലാസ്സിൽചെന്നിരുന്നപ്പോഴാണു് ബഹളം. വേഷംകെട്ടിയതുപോലുള്ള യൂണിഫാറവുമായി കഞ്ഞൻശംപായി വന്നു ആ വിവരം ഞങ്ങളെ അറിയിച്ചതു്. ആ ക്ലാസ്സു കുകിപ്പിരിഞ്ഞു! എന്തൊരു കൂകൽ! എത്രതരം ശബ്ദം! ബാലകൃഷ്ണൻപൂച്ചകരഞ്ഞു.

അവൻ എന്റെ കൈയിലുണ്ടായിരുന്ന എട്ടണത്തുട്ടും തട്ടിക്കൊണ്ടൊരോട്ടം. ഞാൻ പിറകേ പാഞ്ഞു. ധാരാളിയായ ആ ധനികപുത്രന്റെ ഒരു സുധാരണവിനോദമായിരുന്നു അത്തരം വിദ്യകൾ. പക്ഷേ ഞാനെത്തുന്നതിനു മുമ്പേതന്നെ പപ്പുപിള്ളയുടെ കടയിൽനിന്നും സിഗററും ചോക്കലറും അവൻ കിട്ടിക്കഴിഞ്ഞു. നാലണയും ഒരു ചോക്കലറും മഞ്ഞച്ച ഒരു ചിരിയും മാത്രം എനിക്കു മിച്ചം.

മലയാളം പിരിഡിനുള്ള ബല്ലടിച്ചു. പാച്ചുപിള്ള സാറിന്റെ ക്ലാസ്സ് തന്നെ കറുമ്പരസകരമാണു് “മലവെള്ളിതം, ഗുണമിളിതം, മൂലലളിതം ഇതു കളിയല്ലെ” എന്നീ വാധ്യുള്ള ഭാഗങ്ങൾ വരുമ്പോൾ ആനന്ദംകൊണ്ടു നൃത്തം ചെയ്യുന്നതും “കുണുംപോന്ന പുറത്തുനിന്നു കരയും മൈനയുന്നതികേ” എന്നിങ്ങനെയുള്ള ഭാഗം വരുമ്പോൾ കരയുന്നതും അദ്ദേഹത്തിന്റെ സ്വഭാവമാണു്.

“പാഥസാം നിലയം തോയം

വാനൊഴിഞ്ഞതുവു സേതുബന്ധനോദ്യോഗമെന്തെടോ” എന്ന നളചരിതഭാഗം വായിച്ചുകൊണ്ടു അദ്ദേഹം ഇങ്ങനെ പ്രസംഗം തുടങ്ങി:—”

സംസ്കൃത കവികുലകിരീടമണിയും വ്യാകരണവിഷയത്തിൽ സർവതന്ത്രസ്വതന്ത്രനുമായ ഉണ്ണായിവാര്യരുടെ പദ്യഘടനാ സാമർത്ഥ്യത്തിനും, അലങ്കാരപ്രയോഗത്തിനും മകുടോദാഹരണമാണു് പ്രസ്തുതഭാഗം.”

“കമ്പുണി പാടണം സാർ!”—ആ കുരുത്തം കെട്ട ജോസഫ് ജോൺ വിളിച്ചു പറഞ്ഞു.

“പൊമ്പടയെങ്ങനെയിരിക്കും സാർ”—രാമൻകുട്ടി. തുടർന്നു ഒരു നൂറായിരം ചോദ്യങ്ങൾ. കുട്ടച്ചിരി, കൂക്കൽ കൂവൽ, കൈകൊട്ടു്, പാട്ടു്, ഡസ്സിലടി എന്നുവേണ്ട സർവ്വ രസകരം. അതിനിടയിൽ പാഠപ്പുടൻ വർഗീസ് നീട്ടിപ്പാടിക്കൊടുത്തു:—“പാ—ഥ—സാം—സാംഘം നിചയം—ം—ം—തോയം—ം—ം—ം....” വളരെ സമയംകൊണ്ടു്, വളരെ പാടുപെട്ടാണു് അദ്ദേഹം ആ ക്ലാസ്സു നിയന്ത്രിച്ചതു്. ഉടൻതന്നെ സാറു് അലങ്കാരങ്ങളിലേക്കു് തത്തിക്കടന്നു അപ്രസ്തുതപ്രശംസ, ദൃഷ്ടാന്തം, പ്രതിവസ്തൂപമ ഇങ്ങനെ ചില ശബ്ദങ്ങളും പൊട്ടിത്തെറിക്കുന്നതും, എന്തെല്ലാത്തിനെയോ തമ്മിൽ താരതമ്യപ്പെടുത്തുന്നതും കേൾക്കപ്പെട്ടു. എന്നിട്ടും ലഹള കൂടുകയാണെന്നുകണ്ടപ്പോൾ അദ്ദേഹം ബുക്കെടുത്തു് ഇങ്ങനെയെഴുതിക്കൊള്ളാൻ പറഞ്ഞു:—“ഉപമാനോപമേയങ്ങൾക്കുള്ള ധർമ്മങ്ങളും വാസ്തവത്തിൽ ഭിന്നങ്ങളായിരുന്നാലും സാദൃശ്യാതിരേകത്താൽ ഒരു വസ്തുവിന്റെ വാസ്തവശരീരവും പ്രതിഫലിച്ച ശരീരവുംപോലെ ഭിന്നമല്ലെന്നുള്ള സങ്കല്പത്തിൽ രണ്ടാക്കിക്കാണിക്കുകയാകുന്നു. ബിംബപ്രതിബിംബഭാവം”

ആ ഒമ്പതാംക്ലാസുകാരൻ യോഹന്നാനെങ്കിലും എന്തെങ്കിലും മനസ്സിലായിക്കാണണം. മിക്കവർക്കും ബുക്കണ്ടായിരുന്നില്ല. ഇലക്ഷന്റെ ബിറനോട്ടീസുകൾ അതിനുപകരിച്ചു. അങ്ങനെ ആ പിരീഡും അവസാനിച്ചു.

പട്ടിണിയും പൂഷണവുംകൊണ്ടു ഭയങ്കരമായ പ്രശ്നങ്ങൾ ഒരുവശത്തു തടിച്ചുകൂടിക്കൊണ്ടിരിക്കുമ്പോൾ, മറുവശത്തു വിലതീരാത്തയൊരു വശക്തിയെ നിരുപയോഗമാംവിധം തുരുമ്പുപിടിപ്പിച്ചുകൊണ്ടിരിക്കുന്ന ഒന്നുതീർച്ചയാണു്. മനുഷ്യർ ആത്മവിളിച്ചില്ലെങ്കിൽ കല്ലുകൾ ആത്മവിളിക്കുന്ന കാലംവരുന്നു.

ഇൻറർവെൽ—ഉച്ചകഴിഞ്ഞു ഇലക്ഷൻ പ്രമാണിച്ചു ക്ലാസ്സുകളേയില്ല. സർവ്വത്ര വോട്ടിന്റെ ബഹളമാണു് നൂറായിരം സംഘങ്ങൾ ഓരോരുത്തരെയും സമീപിച്ചു പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു.

എന്റെ എസ്സൻഷ്യർട്ടു ഒന്നുണങ്ങിയപ്പോൾ കുച്ചു നന്നായരായി എനിക്കതോന്നി ഏതായാലും അതിനകറിച്ചുള്ള എന്റെ മനോവ്യഥ മുക്കാലും കുറഞ്ഞുപോയിരുന്നു എന്നെ സമീപിച്ചവരാരും അതു നോട്ടുചെയ്യുന്നതായും എനിക്കു തോന്നിയില്ല.

ബയോളജിക്കാരനയതുകൊണ്ടു തനിക്കുതന്നെ വോട്ടുചെയ്യണമെന്നാണു് ഒരാളുടെ വാദം കഴിഞ്ഞകൊല്ലവും ലിറററേച്ചർ ഒന്നേഴ്സുകാരനായിരുന്നു പ്രസിഡൻറെന്നും, അതിനി ഇവിടെ നടക്കാൻ പോകുന്നില്ലെന്നും ഗോപാലകൃഷ്ണൻ. കോട്ടയത്തിനു വടക്കോട്ടുള്ളവരെ പ്രതിനിധികരിക്കുന്ന തനിക്കു വോട്ടുചെയ്യേണ്ടതു എല്ലാ സ്ത്രീജാതിസമ്മാരുടെയും നീതിമാത്രമാണെന്നു ലൂക്കോസ്. ഹിന്ദുക്കളേ ഇവിടെ ജയിക്കാവുള്ളെന്നും പേരറിഞ്ഞിട്ടു ഇക്കൊല്ലത്തെ സ്ഥാനാർത്ഥി ഒരു ആർ. എസ്സ്. എസ്സുകാരനാണെന്നും, അതിലുള്ള സങ്കടംകൊണ്ടു താൻ കയറിനിൽക്കുന്നതാണെന്നും ഇബ്രാഹിംകുട്ടി. ഇങ്ങനെ പലതും പലതും!! ചിലർ പറയും, ചിലർ യാചിക്കും, ചിലർ കരഞ്ഞപേക്ഷിക്കും. ഒട്ടു ചിലർ എതിരാളിയുടെ കാര്യം പറയും. കുറേപ്പേർ ഭീഷണിപ്പെടുത്തും തനിക്കു ഏറെ പണം ചെലവാക്കാനില്ലെന്നും പെൺകുട്ടികളും മുഴവനും തനിക്കേ വോട്ടുചെയ്യുകയുള്ളെന്നും അതിനാൽ വെറും പ്രോപ്പഗാൻറായിൽ മാത്രം വിശ്വസിക്കരുതെന്നും ശിവരാമപിള്ളയ്ക്കുപോലുമുപദേശമുണ്ടു്. കുറച്ചു മുമ്പു തങ്കൻറെ എതിരാളിയുമായി ഞാൻ സംസാരിക്കുന്നതു കണ്ടില്ലേ എന്നു കുഞ്ഞുണ്ണിനായർ പരിഭവം പറഞ്ഞു. പലരുടേയും കൈയ്യിൽ നോട്ടീസുകളും വാങ്ങിച്ചുകൊണ്ടു ഇതിനിടയിൽ ബാലകൃഷ്ണൻ പ്രോപ്പഗാൻറാനടത്താൻ പെൺകുട്ടികളുടെ ഷെഡ്ഡിലേക്കു പോയതു അതിലും രസകരമായ ഒരു സംഭവമായിരുന്നു

ആദ്യത്തെ ബല്ലടിച്ച ഇലക്ഷൻ ആരംഭിക്കാൻ ഇനി അഞ്ചുമിനിട്ടേയുള്ളു നാലുപോളിംഗ് സ്ഥലങ്ങളാണു നിശ്ചയിച്ചിരിക്കുന്നതു്. ഒരോന്നിലും നിയമിതരായ അദ്ധ്യാപകേശ്വരഗസ്ഥന്മാർ ഹാജരായി എന്തൊരു തിക്കുംതിരക്കും! കെമിസ്ട്രി ലാബിൽനിന്നും ഫൈഡ്രജൻ സൾഫൈഡിന്റെ ഉർഗന്ധം വ്യാപിക്കുന്നുണ്ടായിരുന്നു

ഏതാണ്ടൊരു വാക്കുതർക്കമെവിടെ നടക്കുകയാണു്. രണ്ടാംപോളിംഗ് ഓഫീസിന്റെ അടുക്കലേക്കു കുട്ടികളും ഇച്ചുചേപോലെ ആത്മകൂട്ടി വാക്കുതർക്കമല്ല—അടിയാണു; അടി! രണ്ടാളല്ല പലരും തമ്മിൽ. സമാധാനശ്രമങ്ങൾ നിഷ്ഫലങ്ങളും, പ്രിൻസിപ്പാളും മറ്റദ്ധ്യാപകന്മാരും നിസ്സഹായന്മാർ! മിനിട്ടുതോറും ലഹളമൂക്കുകയാണു്. അംഗങ്ങളും വർദ്ധിക്കുകയാണു് പോലീസിനെ ഉപയോഗിക്കുമെന്ന ഭീഷണി നിഷ്പ്രയോജനം. ഫോൺകോൾക്കാൻ മുകളിലേക്കു ആളുപോയി

ഒരു ക്രിസ്ത്യൻ വിദ്യാർത്ഥി തുറന്നുപറഞ്ഞുകളഞ്ഞു താൻ ഹിന്ദുവിനു വോട്ടുചെയ്യുമെന്നു്. ക്രിസ്ത്യൻ സ്ഥാനാർത്ഥി എങ്ങിനെയാണു അതു സഹിക്കുന്നതു്. അയാളും പറഞ്ഞു തോമസിനെ തല്ലിക്കൊല്ലുമെന്നു് എന്നാലതു തടുന്ന കണ്ടിട്ടുവേണം എന്നു തോമസിന്റെ ഹിന്ദുസ്പോർട്ടർമാർ കാണിച്ചുകൊടുക്കാനെന്നു മറുപക്ഷം. അങ്ങനെ കുട്ടി. ഒച്ചമുഴുത്തു വാക്കുമുഴുത്തു കൈകളും മു

[ശേഷം 10-ാം പേജിൽ]

—കുമാരപുരം തിരുപ്പതി

"ഇവാനോവിച്ച്"

(പുന്നല്ലൂർ ബാലൻ)

"ലോ—ലോ—ലോ—ലോ—കരളുടയ്ക്കും
കാലം പുലരിയിലെത്തുന്നേ—
പടഹമടിക്കും പടനീങ്ങുന്നു
പുലർകാലത്തിൻ തീവെട്ടം,
മിഴികളിലേന്തി, പ്പുതിയൊരുകാലം
കണികാണാനായതി കുതുകം.
വഴികാട്ടുക നീ സോവ്യറ്റമ്മേ,
വഴികാട്ടുക നീയാനിരയെ
വഴിയരുളട്ടെ വിമോചിത മൈനാ,
മിഴികൾക്കെല്ലാമുശിരോടെ,
ഉശിരുവിതയ്ക്കുന്നൊക്ടോബറിനുടെ—
യുടയവരുരുകം മഹിയഖിലം—"

പടനീങ്ങും പാട്ടപാടി നിലമുഴ മിവാനോവി—
ച്ചുടലെല്ലാം തരിക്കവേ, പാട്ടകയാണാഗാനം
അരിവാളിൻയുഗം ദൂരെമലകളിലുദിക്കുന്നു
പിരിപെയ്ത നവലോകമയൽനാട്ടിലുയരുന്നു.
അതിരില്ലാതെങ്ങുംനീളും വയലോരങ്ങളിലെല്ലാം
പുതിയൊരു കർമതൻ പുനരാരം പുലരുന്നു.
കൂട്ടമായ് സഖാക്കളൊത്തൊരു കൃഷിയേറി—
ക്കൂട്ടമായ്ക്കൊയ്യും ഗോതമ്പേലയിൽനിന്നും പൊങ്ങീ,
ഉലകമെല്ലാമപ്പാട്ടുകേൾക്കട്ടെയൊരുപോലെന്നു
കരുതിയാക്കൃഷിക്കൊരു പാട്ടന്നസേനാഗാനം
പുലരിതൻ പുതുവെട്ടം മിഴികളിൽത്തിരളവേ
കരുതിനിന്നിവാനോവിച്ചുയരുമാഗാനംപാടീ

"ഡോളറുപ്പിന്നാളിപ്പടരും
സ്ഫോടകബോംബുകളിട്ടാലും,
അടിപതറാതെ, വെളിച്ചംപെയ്യും
മലയുടെമക്കളണിനിൽക്കും.
ഉയരുന്നുയരുന്നൊരു നൂറായിര—
മുശിരിൻ പുതിയതെലുങ്കനം.

ഉയരുന്നുയരുന്നൊരു നൂറായിര—
മുശിരിൻ വയലാറലകാകെ.
പാടുക പാടുക, സോവ്യറ്റമ്മേ—
യ്ക്കുടലകമാറിയ കർഷകരേ
അതിരില്ലാത്തൊരു പുതുനിലമഹിമയി—
ലുയരും പുതിയൊരു ജനതതിയേ,
ഇന്തുയിലും കൊറിയായിലു മൊരുപോൽ
പൊന്തിരിയാളും കൊറിയയിലും,
തീയെരിയുന്നു, വെട്ടംവീശി—
ത്തീയെരിയുന്നു മിഴികളിലേ.
'രീമുജിമു'പാടിക്കളർമഴപൊരിയും
മലയോരത്തിൻ മലരുകളിൽ,
പുതിയൊരു പോരിനു കണ്ണുതെളിക്കും
കുതിരുകുരം വീഴുന്നിതുയിലേ.
നീങ്ങിക്കയറും ജനസേനകളിതാ
പാട്ടകൾ കേൾപ്പൂ കൊറിയയിലേ.
ഉശിരുവിതയ്ക്കുന്നൊക്ടോബറിനുടെ—
രുരുകം മഹിയഖിലം—"

ട്ടിൻറെ പൊരുളുകളലയടി—
ന്നു, കടലിനും ദൂരേദൂരേ,
തരുണരാമൊരായിരമിവാനോവിച്ചുമാരെ—
യുലകിനു മുഴവനുമരുളവാൻ തുടിച്ചുപോയ്,
നൂതനമാർഗം കാട്ടും സോവ്യറ്റിൻ കുരിശ്ശിതം,
ശീതവും മണിവയൽനിരക്കും മൈതാനങ്ങളും,
അത്തുകുവീടുതോറും ഫാക്ടറിത്തായുടെ,
മാത്തടംതുമ്പി ലോകമെമ്പാടും പരക്കുവാൻ
കൺകളിൽക്കണ്ണും നിതുരപ്പനിതൻ വീരുമായ്,
കൽക്കരിത്തൊഴിലാളിവ്യൂഹമീഗാനം കേട്ട്
വൻകൊലമരക്കയർ പിരിക്കും ദേശങ്ങളിൽ
നിന്നുണർന്നിടും വീറിൻ ഭീകരമ്പവും കേട്ട്,
പുലരുമീപ്പുതുവെട്ടം പടയടിച്ചുലയ്ക്കുന്നു
കൊലമരങ്ങൾതൻ നാടിൻകൊടുമരംകുലുങ്ങുന്നു.
മിഴികളിൽ മിഴിവച്ച കരളിലേ കരംനിത്തി
പ്പുതിയതാംഗാനം വീണ്ടും പാടിനാനാഗായകൻ.
ഉശിരെഴും സഖാക്കളപ്പൊരുളുകളോരോപാടീ
പശിയില്ലാത്തൊരാനാട്ടിൻ കവിതകൾ പടരുന്നു

"ലോ—ലോ—ലോ—ലോ—കരളുടയ്ക്കും
കാലംപുലരിയിലെത്തുന്നേ—
പടഹമടിക്കും പടനീങ്ങുന്നു,
പുലർകാലത്തിൻതീവെട്ടം,
മിഴികളിലേന്തിപ്പുതിയൊരുലോകം
കണികാണാനായതികുതുകം.
വഴികാട്ടുകനീ സോവ്യറ്റമ്മേ.
വഴികാട്ടുകനീയാനിരയെ.
മലകളുരുമ്മും മാനംതൊട്ട—
ന്നാടിനാടത്തിൻ വീഥികളിൽ,
ജനസേനകൾതൻ തോക്കുകളുണരു—
ന്നുരുന്നയ്നാടൊരുപോലെ
വെള്ളിപ്പുലരൊളിയുള്ളിൽതുടിക്കുള്ളിൽ
മുല്ലിപ്പൂക്കളം ചിരിക്കുമ്പോഴും,
കരവാളുടിക്കും ഗളനാളത്താൽ
പുളകമിയറ്റം നൈറ്റിംഗെയ്ൽ,
'ഉലകെല്ലാമിന്നുണരുന്നുണരു—
ന്നൊരുപോ'ലെന്നിഹ പാടുമ്പോഴും,
പൈനിൻമരനിരയണിയും കുന്നുക—
ളിണചേർന്നങ്ങനെ നിൽക്കുമ്പോഴും,
ഉലകിനുമുഴവൻ, സോവ്യറ്റമ്മേ,
പുലരിവിതയ്ക്കുന്നുശിരാൽ നീ.
വെട്ടിക്കയറുന്നായിരമായിര—
മൊത്തൊരുമി,ച്ചെൻ മാതാവേ,
നിവരുമൊരൊക്ടോബറിനുടെ മാർഗം
തവിയാമിഴികളിലേന്തിയിതാ
വഴികാട്ടുകനീ സോവ്യറ്റമ്മേ,
വഴികാട്ടുകനീയാനിരയെ.
'ലോ—ലോ—ലോ—ലോ—കരളുടയ്ക്കും
കാലം പുലരിയിലെത്തുന്നു—"

ചോരയോടുന്നു ഞങ്ങൾതൻകൊരുപോ, ലിവാനോവി—
ച്ചോതിടും പൊരുളൊന്നേ കടലിൽ നീന്തിടവേ,
പുരുനാമഭിവാദ്യ,മീമലനാടിൻസേനയു
ശക്തിയും ഞങ്ങളും നിനക്കേകുന്നു സ്നേഹത്തെയും.
തീകൊളുത്തുകയാണിയാണ്ടിലെയൊക്ടോബറിൻ
നാവുകൾ, മുടൽമഞ്ഞു വീഴുന്നു മലകളിൽ.

ted and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum

The Kaumudi Weekly

PUBLISHED EVERY MONDAY.

Vol. I | MONDAY 20th NOVEMBER 1950 | No. 36

★ അടുത്ത ലക്കത്തിൽ ★

എം. എ. മസൂംദാരുടെ

ഹൃദയസ്പർശിയായ

ഒരു ചെറുകഥ

"മനുഷ്യരും കല്ലുകളും"

...ൾ മുഖ്യ കൈകളും ...
...ാം പേജിൽ]